## നടുവിൽ ഗ്രാമപഞ്ചായത്ത് - ജനകീയാസൂത്രണം



# വികസനരേഖ - 1996


1
2
3
4
5
6
7
8
9
10
11
12

# നടുവിൽ ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണ സമിതി

| | |
|---|---|
| **ചെയർമാൻ** | **കെ.പി. കേശവൻ മാസ്റ്റർ** |
| **കൺവീനർ** | **ടി.കെ. റജിമോൻ** |
| **ജില്ലാവിശേഷജ്ഞർ** | **ഇ.എം. പ്രദീപ്** |
| | **ബി. അഹമ്മദ്** |
| | **ടി. രാമകൃഷ്ണൻ.** |
| | **ചിന്നമ്മ പുളിക്കൽ** |
| | **സോജൻ ഇരുപ്പക്കാട്ട്** |
| | **മഹിളമ്മ എസ്** |
| | **ജോസഫ് പുഞ്ചത്തറ** |
| **കെ. ആർ. പി.** | **ഇ.എം ജോസഫ്** |

വാർഡ് കൺവീനർമാർ

| | |
|---|---|
| ഹരിദാസ് കെ.വി. | ഷംസുദ്ദീൻ എസ്. |
| കെ.എം. ചാക്കോ | എൻ. പി ഭാസ്കരൻ |
| ജോസഫ് വെളിയത്തിൽ | തോമസ് കുരുവൻമാക്കൽ |
| കെ.എൻ. ശശി | ജോണി മുടവനാട്ട് |
| സി.ആർ. ജനാർദ്ദനൻ | പി. ബാബു |
| എൻ.യു. അബ്ദുള്ള | സാബു കെ.എം |

*COMPOSED AND DESIGNED BY GROWER'S TALIPARAMBA*
**PRINTED AT BRB OFFSET PRINTERS & PUBLISHERS KANNUR**

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. കൃഷി, ജലസേചനം.

ജോസഫ് അനന്തക്കാട്  ഹരിദാസ് കെ.വി  എം.ജെ. ജോണി  ടി.കെ.ശ്രീധരൻ
പി.ഇ.ജോസഫ്  നവീൻ ലിനോ  വർക്കി വലിയപറമ്പിൽ
കെ.പി ഫൽഗുനൻ

2. മൃഗസംരക്ഷണം.

ജോസഫ് വടക്കേ പ്പറമ്പിൽ  കെ.കെ.വിജയൻ  കെ.എൻ.ശശി
എൻ.പി.ഭാസ്കരൻ  ടി.കെ. ചെല്ലപ്പൻ  തോമസ് കുരുവമ്മാക്കൽ

3. വിദ്യാഭ്യാസം.

അച്ചാമ്മ സെബാസ്റ്റ്യൻ  ടി. രാമകൃഷ്ണൻ  ടി.എ. വാസുദേവൻ
ജെയിംസ്  മുന്തിരിങ്ങാട്ട്.കുന്നേൽ  ടി.കെ. സജിമോൻ

4. കുടിവെള്ളം പൊതുജനാരോഗ്യം

ജോസഫ് പി.എം.  ഹരിദാസ് കെ.വി.  പുഷ്പാംഗദൻ സി.എസ്.
വിനോദ്കുമാർ പി.പി.  ഡോ. വി. കെ. മോഹൻ കുമാർ
എം.വി നാരായണൻ.

5. വ്യവസായം

ത്രേസ്യാമ്മ തങ്കച്ചൻ  ബി. അഹമ്മദ്
ബെന്നി കോലഞ്ചേരിയിൽ  ബിജു മാരത്തേൽ  ഷംസുദ്ദീൻ എസ്.

6. ഗതാഗതം, ഊർജം

കുഞ്ഞിച്ചാമൻ  ജോജൻ ഇരുപ്പക്കാട്ട്  ആഞ്ചല എം.എ
സിസിലി.കെ. എഫ്

7. പാർപ്പിടം, സാമൂഹ്യക്ഷേമം

തോമസ് നെല്ലിക്കുന്നേൽ  ഇ.എം പ്രദീപ്  കെ. ദേവി
കെ. രമണി  ടി. രാമകൃഷ്ണൻ  പി.ബാബു

8. സംസ്കാരം

കെ. പി. കേശവൻ മാസ്റ്റർ  പി.പി. മാത്യു  വി.വി. ജനാർദ്ദനൻ

9. വനിതാക്ഷേമം

ശോഭാ രാഘവൻ  എസ്. മഹിളമ്മ  ഗ്രേസമ്മ പി.ടി.
രമണി കെ  ചിന്നമ്മ പുളിക്കൽ  മേരി ജോബ്  പി.കെ. റജിമോൻ

10. സഹകരണം

കെ. അബ്ദുള്ള  പി.എ. ജോസഫ്  പി.പി. ദേവസ്യ  ജോസഫ് പുല്ലാട്ട്
കെ.ടി .ജോസഫ്

11. പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം

മോളി ജോസഫ്  ഇ.വി പൊന്നപ്പൻ  എം.ഡി. ദേവസ്യാച്ചൻ

12. വിഭവസമാഹരണം

വി.കെ. കൃഷ്ണൻ  ചാക്കോ കുഴിപ്പള്ളിൽ  സെബാസ്റ്റ്യൻ കല്ലക്കാവുങ്കൽ
ടി.പി. ബാലകൃഷ്ണൻ  ഒ. കുഞ്ഞികൃഷ്ണൻ  എൻ. യു. അബ്ദുള്ള

13. ടൂറിസം

ജോസഫ് അനന്തക്കാട്ട്  പി.പി.മാത്യു  ജോസഫ് പുഞ്ചത്തറ



നഗരങ്ങളിലെപ്പോലെ സുഖസൗകര്യങ്ങളോടുകൂടി
താമസിക്കത്തക്കവിധം ഗ്രാമങ്ങളെ പുന:സംവിധാനം ചെയ്യണം.
ഇതുതന്നെയാണ് രാജ്യസ്നേഹികളായ
ഓരോരുത്തരുടെയും കർത്തവ്യം.
മഹാത്മജി ( ഹരിജൻ-7.3.1936)

ഒൻപതാം പദ്ധതി

ജനകീയ പദ്ധതി

വികസന രേഖ '96

# നടുവിൽ ഗ്രാമപഞ്ചായത്ത്

എഡിറ്റർ.
കെ.പി. കേശവൻ മാസ്റ്റർ.

എഡിറ്റോറിയൽ ബോർഡ്.

* കെ. അബ്ദുള്ള.
* ഇ.എം. പ്രദീപ്
* ടി. രാമകൃഷ്ണൻ
* ടി.പി. ബാലകൃഷ്ണൻ
* കെ.വി. ഹരിദാസ്
* പി.എ. ജോസഫ്
* ടി.കെ. റെജിമോൻ
* കെ.ഡി. ജോസഫ്
* വി.വി. ജനാർദ്ദനൻ
* എസ്. ഷംസുദ്ദീൻ

# വിഷയസൂചിക


1. ആമുഖം

2. പഞ്ചായത്ത് - പൊതു വിവരങ്ങൾ

3. സാമൂഹ്യ സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതി, ജനപ്രകൃതി

5. സാമൂഹ്യ സാമ്പത്തിക മേഖലകൾ

    5.1. കൃഷിയും ജലസേചനവും

    5.2. മൃഗസംരക്ഷണവും, മത്സ്യബന്ധനവും

    5.3. വ്യവസായം

    5.4 വിദ്യാഭ്യാസം

    5.5 കുടിവെള്ളം-പൊതുജനാരോഗ്യം

    5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

    5.7. പാർപ്പിടവും സാമൂഹ്യക്ഷേമവും

    5.8. സംസ്കാരം

    5.9. വനിതാക്ഷേമം

    5.10 സഹകരണം

    5.11. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

    5.12 വിഭവസമാഹരണം

    5.13. ടൂറിസം

# 1. ആമുഖം

സത്യസ്നേഹാഹിംസകളുടെ മൂന്ന ചെത്തിയുണ്ടാക്കിയ സത്യഗ്രഹമെന്ന ആയുധമുപയോഗിച്ച് സ്വാതന്ത്ര്യം വെട്ടിപ്പിടിച്ച മഹാത്മജിയുടെ ജീവിതം എന്നും നമുക്ക് ഒരു സാധനാപാഠമാണ്. ഇൻഡ്യയുടെ ആത്മാവ് തൊട്ടറിഞ്ഞ അതിമാനുഷനായ ആ പുണ്യാത്മാവ് ഇൻഡ്യൻ ഗ്രാമങ്ങൾ അഭിവൃദ്ധിപ്പെട്ടാലേ ഇൻഡ്യ നന്നാവൂ എന്ന് ഉറച്ചു വിശ്വസിച്ചു. ഗ്രാമസ്വരാജ് സങ്കൽപ്പം ആധൃഷ്യമായ പ്രായോഗിക പാഠമാക്കാനാണ് അദ്ദേഹം ഉപദേശിച്ചത്.

സ്വാതന്ത്ര്യാനന്തരം നവഭാരത സൃഷ്ടിക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിപ്ളവാനന്തര റഷ്യയിലെ അനുഭവങ്ങൾ പഠിച്ചറിഞ്ഞ് ഇൻഡ്യയെ കെട്ടിപ്പടുക്കുവാൻ ശ്രമിക്കുകയായിരുന്നു. സ്വതന്ത്ര ഇൻഡ്യ ഒരുപാട് ആഭ്യന്തര പ്രശ്നങ്ങളോടെയാണ് ജൻമം കൊണ്ടത്. ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനും ഭാരതീയർക്ക് പരമാവധി ഐശ്വര്യം പ്രദാനം ചെയ്യാനും നെഹ്റുജി ശ്രമിക്കുകയുണ്ടായി. പ്ലാനിംങ് കമ്മീഷന് രൂപംകൊടുത്തതും പഞ്ചവത്സര പദ്ധതികൾ ആസൂത്രണം ചെയ്തതും നെഹ്റുജിയായിരുന്നു. കൃഷിക്കും , വ്യവസായത്തിനും, ദാരിദ്ര്യനിർമ്മാർജ്ജനത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് പഞ്ചവത്സര പദ്ധതികൾ മുമ്പോട്ടു പോയപ്പോൾ ഇൻഡ്യൻ ഗ്രാമങ്ങൾ ഉണർന്നു. എന്നാൽ വിഭാവനം ചെയ്ത കാര്യങ്ങൾ പൂർണ്ണാർത്ഥത്തിൽ ജനങ്ങളിലെത്തിക്കാൻ ബ്യൂറോക്രസി സമ്മതിച്ചില്ല. ഉയർന്ന ഉദ്യോഗസ്ഥൻമാരുടെ വാതിലക ചർച്ചകളിലൂടെ രൂപം കൊണ്ട ആസൂത്രണ തന്ത്രം ഇങ്ങു താഴെ ജനങ്ങളിൽ എത്താൻ സമയം പിടിച്ചു. അധികാരം വികേന്ദ്രീകരിക്കാനുള്ള പ്രവർത്തനങ്ങൾ ആത്മാർത്ഥമായി നടത്തിയെങ്കിലും 'വികേന്ദ്രീകരണ പ്രക്രിയ ത്വരിതപ്പെടുത്താൻ കാലതാമസം നേരിട്ടു. കൈയിൽ കിട്ടിയ അധികാരം താഴോട്ടു കൊടുക്കാൻ പലരും വിസമ്മതിച്ചതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. അധികാരം വികേന്ദ്രീകരിക്കാൻ വേണ്ടി രൂപീകരിക്കപ്പെട്ട കമ്മീഷനുകളുടെ റിപ്പോർട്ടുകൾ 'കോൾഡ് സ്റ്റോറേജി'ലായത് സ്വാഭാവികം തന്നെ. ഇക്കാര്യം മനസ്സിലാക്കിയ ഇൻഡ്യാ ഗവൺമെന്റ് 1992 ൽ പഞ്ചായത്തീരാജ് സംവിധാനത്തിന് ബലം നല്കാൻ 73-ാം ഭരണഘടനാഭേദഗതിയിലൂടെ ഒരു പുത്തൻ വിപ്ലവത്തിന് നേതൃത്വം നല്കി. 1994ൽ കേർളാ നിയമസഭ പാസാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കൊച്ചുകേരളത്തിലും പഞ്ചായത്തിരാജ് സംവിധാനം നിലവിൽ വന്നു. അതിന്റെ അടിസ്ഥാനത്തിൽ 1995 ൽ ത്രിതല പഞ്ചായത്ത് സംവിധാനം കേരളത്തിൽ വന്നു. തെരഞ്ഞെടുപ്പുകൾ നടന്ന് പുതിയ ഭരണസമിതികൾ വന്നു. 'മാർഗ്ഗ നിർദ്ദേശക തത്വ'ങ്ങളിൽ മാത്രം ഒതുങ്ങിനിന്ന പഞ്ചായത്തുകൾക്ക് ജീവൻ വന്നു ' തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ' എന്ന ആശയം പ്രാവർത്തികമായി .

ആസൂത്രണ ചരിത്രത്തിൽ ഒരു പുത്തൻ അധ്യായം എഴുതിച്ചേർത്തുകൊണ്ടാണ് കഴിഞ്ഞ ചിങ്ങം ഒന്ന് പിറന്നത്. സംസ്ഥാന ആസൂത്രണ സമിതി ജനകീയാസൂത്രണം എന്ന യാഗാശ്വത്തെ കെട്ടഴിച്ചുവിട്ടിരിക്കുന്നു. ലക്ഷ്യപ്രാപ്തിക്കായുള്ള യാത്രയിൽ അതിന് പാഥേയം നൽകേണ്ടത് നമ്മളാണ്. നാടിന്റെ തുടിപ്പറിഞ്ഞ് പ്രവർത്തിക്കാൻ കടമപ്പെട്ടവർ നമ്മളാണ്-നാട്ടിലെ സാധാരണക്കാരായ പൊതുപ്രവർത്തകർ.

സർക്കാർ നിർദ്ദേശിച്ച സമയത്തിനകം തന്നെ 12 വാർഡുകളിലും ഗ്രാമസഭകൾ ചേർന്നു. ഗ്രൂപ്പു തിരിഞ്ഞുള്ള സജീവചർച്ചകൾ നടന്ന പ്രശ്നങ്ങൾ അപഗ്രഥിച്ചു. സാധ്യതകൾ വിലയിരുത്തി. ആവശ്യങ്ങൾ പട്ടികപ്പെടുത്തി. ദ്വിതീയവിവരങ്ങൾ ശേഖരിച്ചു. ഒന്നും രണ്ടും ഘട്ട ശിൽപ്പശാലകൾ വിജയകരമായി സംഘടിപ്പിച്ചു. 'എനിക്കെന്തുകിട്ടും' എന്ന ചിന്ത വെടിഞ്ഞ് എന്റെ നാടിനുവേണ്ടി എനിക്കെന്തുചെയ്യാൻ കഴിയുമെന്ന പുത്തൻ ചിന്താധാര സാധാരണക്കാരിൽ ഉണ്ടാക്കിയെടുക്കാൻ ഈ പ്രവർത്തനങ്ങൾ ഏറെ സഹായിച്ചു. ഗ്രാമസഭകളിലുയർന്ന നിർദ്ദേശങ്ങൾ എഴുപതിലധികം വിശേഷജ്ഞന്മാർ ഒന്നിച്ചിരുന്ന് ചർച്ച ചെയ്ത് ക്രോഡീകരിച്ചു.

മലമ്പനിയോടും മലമ്പാമ്പിനോടും മല്ലിട്ട് മണ്ണിൽ കനകം വിളയിച്ച ആദ്യകാല കുടിയേറ്റക്കാരെയും; പഞ്ചായത്തിന് 1955 മുതൽ നേതൃത്വം നൽകിയ പൂർവ്വഗാമികളെയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് അവരുടെ പ്രവർത്തനങ്ങളിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ട് , റിപ്പോർട്ട് തയ്യാറാക്കിയ വിശേഷജ്ഞർക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് സങ്കൽപ്പങ്ങൾ എത്രയും വേഗം യാഥാർത്ഥ്യമായിത്തീരണമെന്ന് പ്രാർത്ഥിച്ചുകൊണ്ട് ജനകീയാസൂത്രണത്തിന്റെ ഫലമായുണ്ടാകുന്ന പുതുയുഗത്തിന്റെ കേളികൊട്ടിന് കാതോർത്തുകൊണ്ട് ഈ വികസന രേഖ അത്യധികമായ ആദരവോടും തികഞ്ഞ വിനയത്തോടും കൂടി ഇവിടെ സമർപ്പിക്കുന്നു.

പ്രസിഡന്റ്
(കെ.പി. കേശവൻ മാസ്റ്റർ)
നടുവിൽ ഗ്രാമപഞ്ചായത്ത്

# 2. പഞ്ചായത്ത് പൊതുവിവരങ്ങൾ.

| | |
|---|---|
| 1. പഞ്ചായത്തിന്റെ പേര് | നടുവിൽ ഗ്രാമപഞ്ചായത്ത് |
| 2. ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | ന്യൂ നടുവിൽ, വെള്ളാട് |
| 3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | നടുവിൽ |
| 4. ബ്ലോക്ക് പഞ്ചായത്ത് | തളിപ്പറമ്പ് |
| 5. താലൂക്ക് | തളിപ്പറമ്പ് |
| 6. ജില്ല | കണ്ണൂർ |
| 7. അസംബ്ലി മണ്ഡലം | ഇരിക്കൂർ |
| 8. വിസ്തീർണ്ണം | 87.97 ചതു:കി.മീ. |
| 9. ജനസംഖ്യ | 29537(91 ലെ കാനേഷുമാരി) |
| 10. വാർഡുകളുടെ എണ്ണം | 12 |

**പഞ്ചായത്തിന്റെ അതിരുകൾ**

| | |
|---|---|
| വടക്ക്: | ആലക്കോട് പഞ്ചായത്ത് |
| കിഴക്ക്: | എരുവേശ്ശി പഞ്ചായത്ത് |
| തെക്ക്: | ചെങ്ങളായി, ശ്രീകണ്ഠപുരം പഞ്ചായത്തുകൾ |
| പടിഞ്ഞാറ്: | ചപ്പാരപ്പടവ് പഞ്ചായത്ത് |

## പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ.

1 കൃഷിഭവൻ നടുവിൽ.
2. വില്ലേജ് ഓഫീസ് നടുവിൽ, വെള്ളാട്.
3. വി.ഇ.ഒ. ഓഫീസ് നടുവിൽ, വെള്ളാട്.
4. പ്രാഥമികാരോഗ്യ കേന്ദ്രം നടുവിൽ, കുടിയാന്മല.
5.സബ് പോസ്റ്റാഫീസ് നടുവിൽ.
6. ടെലഫോൺ എക്സ്ചേഞ്ച് നടുവിൽ.
7.ഗവ: ആയുർവ്വേദ ഡിസ്പെൻസറി പൊട്ടൻപ്ലാവ്
8.ഐ.സി.ഡി.പി.സബ് സെന്റർ വെള്ളാട്,പൊട്ടൻപ്ലാവ്
9.ഫാമിലി വെൽഫേർ സെന്റർ പാത്തൻപാറ, നടുവിൽ, ചേടിക്കുണ്ട്.
10. മൃഗാസ്പത്രി പുലിക്കുരുമ്പ.

# ഭരണസമിതി

# 1995-2000

| | |
|---|---|
| പ്രസിഡന്റ് | ശ്രീ. കെ.പി. കേശവൻ മാസ്റ്റർ. |
| വൈ.പ്രസിഡന്റ് | ശ്രീ.കെ. അബ്ദുള്ള. |
| സ്റ്റാൻ.കമ്മിറ്റി ചെയർമാൻ | ശ്രീ.സി.കുഞ്ഞിച്ചാമൻ. |
| | ശ്രീമതി. ത്രേസ്യാമ്മ തങ്കച്ചൻ. |
| | ശ്രീമതി. അച്ചാമ്മ സെബാസ്റ്റ്യൻ. |
| | ശ്രീ. ജോസഫ് വടക്കേപ്പറമ്പിൽ. |
| | ശ്രീ. ജോസഫ് അനന്തക്കാട്ട്. |
| | ശ്രീ. ജോസഫ് പരവൻ പറമ്പിൽ. |
| | ശ്രീമതി. ശോഭാ രാഘവൻ. |
| | ശ്രീ. തോമസ് ഞെല്ലിക്കുന്നേൽ. |
| | ശ്രീ. വി.കെ. കൃഷ്ണൻ |
| | ശ്രീമതി. മോളി ജോസഫ്. |

# നടുവിൽ ഗ്രാമ പഞ്ചായത്ത് ഭരണസമിതികൾ

## 1-4-1955 മുതൽ 17-12-1963 വരെ

| | |
|---|---|
| പ്രസി. | ശ്രീ. പി.പി. കൃഷ്ണൻ നമ്പ്യാർ. |
| വൈ.പ്രസി. | ശ്രീ. അബ്രാഹം മാത്യു പുറങ്ങനാൽ. |
| | ശ്രീ. എ. അബുബക്കർ |
| | ശ്രീ . എം.പി. മമ്മത് ഹാജി. |
| | ശ്രീ. ടി. കുഞ്ഞിരാമൻ നമ്പ്യാർ. |
| | ശ്രീ. ഇ.ജെ. ജോസഫ്. |
| | ശ്രീ. കെ.പി പത്രോസ് |
| | ശ്രീ. തോയൻ കോരൻ . |

## 18-12-1963മുതൽ 27-9-1979വരെ

| | |
|---|---|
| പ്രസി. | ശ്രീ..കെ.എം. ശ്രീധരൻ നായർ. |
| വൈ.പ്രസി | ശ്രീ.ഫിലിപ്പ് പെരുമ്പുഴ. |
| | ശ്രീ. പി.പി. കൃഷ്ണൻ നമ്പ്യാർ. |
| | ശ്രീ. ടി.കെ. ചിണ്ടൻ. |
| | ശ്രീ. കെ.എം. മാത്യു. |
| | ശ്രീ. ചാക്കോ അറയ്ക്കൽ. |
| | ശ്രീ. ജോസഫ് കുമ്പളന്താനം. |
| | ശ്രീ. ചപ്പിലി കോരൻ. |

1964 ജനുവരി 22ന് ശ്രീമതി മീനാക്ഷി മണ്ഡപത്തിൽ വനിതാമെമ്പറായി നോമിനേറ്റ് ചെയ്യപ്പെട്ടു. 1965 ഡിസംബർ 10 ന് ശ്രീ.ചാക്കോ അറയ്ക്കൽ രാജി വെച്ചതിനെ തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ ശ്രീ. കെ.ഒ. ആന്റണി മെമ്പറായി വന്നു. പഞ്ചായത്തിന്റെ അതിർത്തി പുനർനിർണ്ണയം ചെയ്തപ്പോൾ ശ്രീ. കെ. എം.ശ്രീധരൻ നായർ പ്രസിഡന്റ് സ്ഥാനം രാജിവെച്ചു. 1969 മാർച്ച് 5ന് വൈ.പ്രസി. ശ്രീ. ഫിലിപ്പ് പെരുമ്പുഴ താൽക്കാലിക പ്രസിഡന്റായി ചുമതലയേറ്റു. 1970 ഡിസംബർ 10 ന് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടന്നു. ശ്രീ. കെ.എം. മാത്യു പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെടുകയും ചുമതലയേൽക്കുകയും ചെയ്തു. 16 വർഷത്തിനു ശേഷം നടന്ന തിരഞ്ഞെടുപ്പിൽ ജയിച്ചു വന്ന പുതിയ ഭരണ സമിതി 28-9-79 ന് ചുമതലയേറ്റു.

ഭരണ സമിതി അംഗങ്ങൾ

| | |
|---|---|
| പ്രസി. | ശ്രീ.ഫിലിപ്പ് പെരുമ്പുഴ. |
| വൈ.പ്രസി. | ശ്രീ. ജോസഫ് കൊന്നക്കൽ. |
| | ശ്രീ. പി.പി. കൃഷ്ണൻ നമ്പ്യാർ. |
| | ശ്രീ. ജോസഫ് വട്ടക്കാട്ട്. |
| | ശ്രീ. അബ്രാഹം കാക്കനാട്ട്. |
| | ശ്രീ. ടി.കെ. ചിണ്ടൻ. |
| | ശ്രീമതി. കുഞ്ഞാതി പെരുങ്കുന്നപ്പാല. |
| | ശ്രീ. അബ്ദുള്ള കല്ലിങ്കീരകത്ത്. |
| | ശ്രീ. കുരുവിള ചിറാങ്കുഴിയിൽ. |
| | ശ്രീ. ചപ്പിലി കോരൻ. |

## 28-1-88 മുതൽ 2-10-95 വരെ .

ഭരണ സമിതി അംഗങ്ങൾ.

| | |
|---|---|
| പ്രസി. | ശ്രീ. ജോസഫ് അനന്തക്കാട്. |
| വൈ.പ്രസി. | ശ്രീ. ജോസഫ് പരവൻ പറമ്പിൽ. |
| | ശ്രീ. സി.വി. രാമകൃഷ്ണൻ മാസ്റ്റർ |
| | ശ്രീ. കെ. അബ്ദുള്ള. |
| | ശ്രീ. പി.കെ. വാസുദേവൻ നായർ. |
| | ശ്രീ. എ പി. സെബാസ്റ്റ്യൻ. |
| | ശ്രീ. സി. കുഞ്ഞിച്ചാമൻ. |
| | ശ്രീമതി. ത്രേസ്യാമ്മ മാത്യു. |
| | ശ്രീമതി. മേരി ജോസഫ്. |
| | ശ്രീ. പി.പി. കുഞ്ഞമ്പു. |
| | ശ്രീ.പി.ടി. ലൂക്കോസ് |

# 3.

# ചരിത്രഭൂമിക

1. 'നമ്മുടെ ജില്ല?' — 'മലബാർ'
2. 'നമ്മുടെ താലൂക്ക്?' — 'ചിറക്കൽ'
3. 'നമ്മുടെ അംശം ?' — **നടുവിൽ**

കഴിഞ്ഞ നാളിലെ പൊതു വിജ്ഞാനം ഇതിലുണ്ട്. പക്ഷെ അതു തിരുത്തപ്പെട്ടു, രാഷ്ട്രീയവും ഭരണപരവുമായ മാറ്റങ്ങളുടെ തിരത്തള്ള ലിൽ .

സഹ്യപർവ്വത നിരയിൽ സമുദ്രനിരപ്പിൽ നിന്നും 4500 അടി ഉയരത്തിൽ തലയെടുത്തു നിൽക്കുന്ന **പൈതൽമല.** ആ ഗിരി നിരയോളം എത്തുന്നതായിരുന്നു പഴയ മൂഷിക വംശം എന്നറിയപ്പെടുന്ന കോലത്തിരി രാജാക്കൻ മാരുടെ രാജ്യ വിസ്തൃതി. (കോലം=തോണി, മൂഷികം=വാക.). അവരുടെ രാജകീയ ചിഹ്നങ്ങളും. പൈതൽമല മാഹിഷക വംശത്തിന്റെ ആസ്ഥാനമായി അറിയപ്പെടുന്നുണ്ട്.

കോലത്തിരി രാജവംശത്തിന്റെ രണ്ടാമത്തെ ഏറ്റവും പഴക്കമുള്ള കൊട്ടാരം 'എലിക്കോവിലകം' ആണെന്നും പറയപ്പെടുന്നു. പിന്നീട് ഏഴിമലയിൽ നിന്ന് 'വളർപട്ടണ' ത്ത് കോട്ട കെട്ടി - അതിനടുത്ത ചിറക്കൽ ആസ്ഥാനമാക്കി.ബ്രിട്ടീഷ് ആധിപത്യ കാലത്തെ റവന്യൂ വിഭജനത്തിൽ ചിറക്കൽ താലൂക്ക് ആസ്ഥാനമായി. ഐക്യ കേരളത്തിന് മുന്നോടിയായി 1955 ലെ പുനർവിഭജനത്തിൽ പെരുമയുള്ള **'പെരിഞ്ചെല്ലൂർ'** ഗ്രാമമായ തളിപ്പറമ്പ് നമുക്ക് താലൂക്ക് ആസ്ഥാനമായി ഭവിച്ചു.

ചുഴലി - നെരിയോട്ട് സ്വരൂപങ്ങളും കോലത്തിരിയുടെ മേൽക്കോയ്മയ്ക്ക് വിധേയമായി പശ്ചിമഘട്ടത്തിന്റെ താഴ്‌വരകളും ഉൾപ്പെടുന്ന പ്രദേശങ്ങളും സ്വന്തം ആധിപത്യത്തിൽ കൊണ്ടുവന്നു. ചേരമാൻ പെരുമാൾ നേരിട്ട് ചുഴലി - നെരിയോട്ട് വംശത്തിന് പകുത്ത് നൽകിയതാണ് ഈ നാടുകളെന്ന് അവകാശപ്പെടുന്നു. ബ്രിട്ടീഷ് റവന്യൂ വിഭജനത്തിൽ ചുഴലി ഒരു വില്ലേജ് ആയിരുന്നു. ചുഴലി വില്ലേജിൽ നടുവിൽ ഒരു ദേശവും. പുനർ വിഭജനത്തിൽ നടുവിൽ ഗ്രാമം നിലവിൽ വന്നു. രൂപീകരണ ഘട്ടത്തിൽ 31,000 ഏക്കർ (48.ച.നാഴിക). വിസ്തൃതിയുണ്ടായിരുന്നു നടുവിൽ വില്ലേജിന്. 1981- ൽ നടുവിൽ വില്ലേജിൽ നിന്ന് വെള്ളാട് വിഭജിച്ചു. ഇന്ന് 21972 ഏക്കർ(8797 ഹെ.) ആണ് വിസ്തൃതി. 1955 ഏപ്രിൽ 1-ന് നടുവിൽ പഞ്ചായത്ത് നിലവിൽ വന്നു. 1967 ആലക്കോട്, 1972 ഉദയഗിരി പഞ്ചായത്തുകൾക്കായി വിസ്തൃതി പരിമിതപ്പെടുത്തി.

## നടുവിൽ സ്ഥലപുരാണം:

'തലവിൽ', 'നടുവിൽ', 'ഒടുവിൽ' - വില്ലിനു നില്ക്കുക എന്നൊരു പ്രയോഗമുണ്ട് പഴയ നാട്ടുകാർക്കിടയിൽ. കിരാത മൂർത്തിയായ ശിവൻ പാർവ്വതീ സമേതം വനവാസത്തിൽ കഴിയും കാലം അർജ്ജുനൻ തപസ്സ് ചെയ്ത് പശുപതാസ്ത്രം കൈക്കലാക്കിയ കാലം ശിവൻ വരാഹത്തെ ലക്ഷ്യമാക്കി അമ്പെയ്തു. അർജ്ജുനനും തൊടുത്തു അമ്പൊന്ന്. വരാഹത്തെ എയ്തു വീഴ്ത്താൻ ശിവനു വില്ലിനു നിന്നതു മലവേടനായിരുന്നു. അപ്പോൾ 'നടുവില്ലി' നിന്ന സ്ഥലമാണത്രെ നടുവിൽ ആയത്. (അമ്പേറ്റിടം, ഏമ്പേറ്റ്) നടുവിൽ തട്ടിൽ നിന്നും മൊത്തമൊന്ന് തിരിഞ്ഞ് ചുറ്റുപാടും നോക്കുക. ചുറ്റും മലകൾ വലയം ചെയ്ത് ഏതുഭാഗത്തുനിന്നുവന്നാലും ഉയരം താണ്ടി എത്തേണ്ട പീഠഭൂമി പോലെയാണ് നടുവിൽത്തട്ട്. മലകൾ വലയമിട്ടുനില്ക്കുന്ന മലകൾക്കുനടുവിലുള്ളസ്ഥലം- നടുവിൽ എന്ന് ഭൂമിശാസ്ത്രപരമായ സാഹചര്യത്തിൽ വിലയിരുത്താം.

കിഴക്കു ഭാഗത്ത് മസ്തകമുയർത്തി നില്ക്കുന്ന പൈതൽ മല, വടക്കുഭാഗത്ത് നൂലിട്ടാമലയിലേക്കും തെക്കുഭാഗത്ത് പൊന്മലയിലേക്കും കൈവിരുത്തി നടുവിൽ ഗ്രാമത്തിന് സംരക്ഷണ വലയം സൃഷ്ടിച്ചിരിക്കുന്നു. കുന്നുകളും താഴ്‌വാരങ്ങളും താണ്ടി പടിഞ്ഞാറ് ചെങ്ങളായി, ചപ്പാരപ്പടവ് പഞ്ചായത്തുകളുടെ അതിരുകൾ വരെ വിരിഞ്ഞുകിടക്കുന്നു നടുവിൽ പഞ്ചായത്ത്.

പൈതൽമലയുടെചുവട്ടിലെ കുടിയാട്ടിവളപ്പും കുടിയാന്മലയും പഴയ രാജാധികാരത്തിലേക്കും ഭൂവുടമസ്ഥതയിലേക്കും വിരൽചൂണ്ടുന്നു. ചിറയ്ക്കൽ കോവിലകത്തുനിന്നും ധാർമ്മിക കാരണങ്ങളാൽ പുറത്താക്കപ്പെട്ടവരെ - 'കുടിആട്ടി അകറ്റിയവരെ കുടിയിരുത്തിയ സ്ഥലം' എന്ന അർത്ഥത്തിലാണ് 'കുടിയാട്ടി വളപ്പും' 'കുടിയാന്മലയും' പേരിന്റേ വേരുകൾ കണ്ടെത്തുന്നത്.

## ഇവിടെമനുഷ്യർ ജീവിച്ചിരുന്നു.

*പൈതലമല, അരങ്ങ്, നടുവിൽ കിഴക്കുള്ള നേന്ത്രവട്ടം, വായാട്ടുപറമ്പ്, മീമ്പറ്റി എന്നിവിട ങ്ങളിലെ ചീങ്കൽ*

*പരപ്പുകളിൽ കാണുന്ന കൊത്തിയൊരുക്കിയ ഗുഹകളും ശിലാകുടീരങ്ങളും പഴയകാല വാസത്തിന്റെ സൂചന നല്കുന്നു.*

തീരപ്രദേശങ്ങൾ കടലിലാണ്ടുകിടന്നിരുന്ന നാളുകളിൽ കിഴക്കൻ മലവാരങ്ങളിൽ പ്രത്യേകിച്ച് നടുവിൽ, വെള്ളാട്, പൈതൽമല , അരങ്ങ്, വായാട്ടുപറമ്പ് എന്നിവിടങ്ങളിൽ ആൾവാസമുണ്ടായിരുന്നു.

നടുവിൽ കിഴക്ക് നേത്രവട്ടം എന്നഭാഗം ചരിത്രാവശിഷ്ടങ്ങളുടെ കലവറയാണ് രണ്ടേക്കറോളം വിസ്തൃതിയിൽ വ്യാപിച്ചുകിടന്നിരുന്ന പുരാവസ്തു സങ്കേതം പൂർണ്ണമായിട്ടല്ലെങ്കിലും ഗുഹയും അതിനുചുറ്റും ഒന്നരയാൾപ്പൊക്കത്തിൽ വൃത്താകൃതിയിൽ കുത്തിനിർത്തിയ ചീങ്കൽപ്പാളികൾക്കൊണ്ടുള്ള മറയും -ഉള്ളിൽ സുരക്ഷിതനായ മനുഷ്യൻ. ഈ ശിലാകുടീരങ്ങളുടെ ഒരു സഞ്ചയം തന്നെയുണ്ടായിരുന്നു ഇവിടെ. കാട്ടുമൃഗങ്ങളിൽനിന്നും ബാഹ്യ ശത്രുക്കളിൽ നിന്നും പ്രതികൂലകാലവസ്ഥയിൽ നിന്നും രക്ഷ നേടാനുള്ള ഒളിവിടങ്ങളാവാം അവ. വിദഗ്ധമായി മനഞ്ഞെടുത്ത വലിയ മൺകുടങ്ങൾ ജഡാവശിഷ്ടം സൂക്ഷിക്കുന്നതിന് മണ്ണിൽ ഒളിപ്പിച്ചുവച്ചതായി അരങ്ങ്, നടുവിൽ വായാട്ടുപറമ്പ് മീമ്പറ്റി എന്നിവിടങ്ങളിലെ ഗുഹാസങ്കേതങ്ങൾക്കടുത്തു കണ്ടെത്തിയിട്ടുണ്ട്.

## ദൈവത്തിനും രാജ്യത്തിനും വേണ്ടി

വിദ്യാകേന്ദ്രം, ഭരണസിരാകേന്ദ്രം, കലാസങ്കേതം എന്നീ നിലകളിൽ ദേവാലയങ്ങൾ ചരിത്രസൂചകങ്ങളാണ്. ചുഴലി ഭഗവതി ചുഴലിസ്വരൂപനായകരായ കൊഴുക്കല്ലിടം വാഴുന്നവരുടെ കുലപരദേവതയാണ്. ചുഴലിസ്വരൂപത്തിൽ വെള്ളോറ, വെള്ളാവ്, പുളിംപറമ്പ്, നെടിയേങ്ങ, ചേടിച്ചേരി, നുച്ച്യാട്, നടുവിൽ, കടമ്പേരി, എരിഞ്ഞിക്കിൽ, മണ്ണക്കുളങ്ങര എന്നിങ്ങനെ 11 (ചുഴലി ഉൾപ്പെടെ) ദേവാലയങ്ങളുണ്ട്. ജനതയുടെ പോക്കുവരവിന്റെയും സമ്പർക്കത്തിന്റെയും അടയാളവുമുണ്ടിവയിൽ. . ജനത അവരോടൊപ്പം അവരുടെ വിശ്വാസങ്ങളും മൂർത്തസങ്കല്പങ്ങളും കൊണ്ടുപോകുന്നു.

## നടുവിലെ പുത്തൻകൂറ്റുകാർ

നടുവിലെ ആധുനിക വാസത്തിന് മൂന്ന് മൂന്നര നൂറ്റാണ്ട് കാലത്തെ പഴക്കമാണുള്ളത്. മടയൻ, പാപ്പിനിശ്ശേരി , തെങ്ങിൽ, മുണ്ടോടൻ, കൊഴുക്കല്ലിടം, തെയോത്തിടം എന്നീ കുടുംബങ്ങളും ചൊമ്പോത്തില്ലവും ചാലിൽ(ആയിഷ), മായിൻ(പാത്തു), പച്ചരിയന്റകത്ത് (അബ്ദുള്ള) എന്നീ മുസ്ലീം കുടുംബങ്ങളും മുത്തേടൻത്ത്, പെരിഞ്ചെല്ലേരി, മംഗലശ്ശേരി, ഈറ്റശ്ശേരി കുടുംബങ്ങളുമായി ബന്ധമുള്ളമാവിലരും, കതിരൻപുലിക്കിരി കണ്ണാ, കല്ലാ, ചപ്പിലി,തോയൻ, പ്രാൻ തുടങ്ങിയ കരിമ്പാലകുടുംബ ങ്ങളുമാണ് ഉണ്ടായിരുന്നത് . ഇവരൊക്കെ ചേരിക്കല്ലുകൊത്തി പൊനം കൃഷിനടത്തുവാനും, കച്ചവടം നടത്തുവാനും എത്തിയവരാകണം.

കുറുമാത്തൂർ, തളിപ്പറമ്പ്, കല്യാശ്ശേരി, ചുഴലി, പാപ്പിനിശ്ശേരി മാങ്കടവ് എന്നീ പ്രദേശങ്ങളിൽ നിന്നുംകടന്നുവന്നവരാകണം. കുടുംബനാമങ്ങളും പലർക്കും മേൽപ്പറഞ്ഞ ദിക്കിലുള്ള ബന്ധുബലവും സൂചിപ്പിക്കുന്നു. കരിമ്പാലരുടെ ആരൂഢം കാഞ്ഞിരക്കൊല്ലി, ആറളം ഭാഗമാണെന്നു കരുതുന്നു.

നടുവിൽ, വെള്ളാട്, ദേവസ്വങ്ങളും ചിറക്കൽ കോവിലകവും, കരയ്ക്കാട്ടിടവും മണിയാൽ ഇല്ലവുമാണ് ഇവിടുത്തെ ഭൂവുടമകൾ.ഓടച്ചാർത്ത്, കാലിച്ചാർത്ത്, വാക്കാൽച്ചാർത്ത്, എന്നീ കൈമാറ്റസമ്പ്രദായവും ജന്മകൈമാറ്റവും വഴി വസ്തുഇടപാട്.

നൂതനാശയങ്ങളുടെ തിരത്തള്ളൽ, നാടുവാഴിത്തം, ജന്മിത്വം, കൂട്ടുകുടുംബവ്യവസ്ഥ എന്നിവയുടെ, ജീർണ്ണത, ഒന്നും, രണ്ടും മഹായുദ്ധാനന്തരമുണ്ടായ സാമ്പത്തിക പ്രതിസന്ധി എന്നിവ കുടിയേറ്റത്തിന് വഴിവെച്ചു.

1928-29 മുതൽ ഇവിടെ ആധുനിക കുടിയേറ്റം തുടങ്ങി.അക്കാലത്തുവന്ന ഇലയ്ക്കാട്ടുപറമ്പിൽ,വെള്ളാപ്പള്ളി, പള്ളിത്തറ, പൊറുങ്ങനാൽ, പുല്ലാട്ട്,കട്ടക്കയം,കുടക്കച്ചിറ, പെരുമ്പുഴ,ഇരുപ്പക്കാട്ട്,കണ്ണങ്കോട്ട്,ആലിലക്കുഴി,ആക്കാട്ടയിൽ, ഉറമ്പടയിൽ, മണ്ണാപറമ്പിൽ, കടുവാതൂക്കിൽ വടക്കേപ്പറമ്പിൽ, പടിഞ്ഞാറെആനിശ്ശേരി,കുന്നേൽ എന്നി കുടുംബങ്ങൾ ആദ്യകാല കുടിയേറ്റക്കാരുടെ താവഴിക്കാരായിവിടുണ്ട്.ചങ്ങനാശ്ശേരിയിൽ -നിന്നും വന്ന 'തെക്കൻനായർ' കുടുംബങ്ങളാണ് തെക്കുനിന്നുള്ള വരവിന്റെ മുൻഗാമികൾ . ഐക്യകേരള സംസ്ഥാന രൂപീകരണത്തോടെ കുടിയേറ്റത്തിനു വേഗമേറി. പുതിയ ജിവിത രീതി, പുത്തൻ കൃഷിമുറകൾ, പുതിയവിളകൾ, അദ്ധ്വാനത്തിന്റെ ശൈലി, ശ്രമദാനങ്ങൾ, എന്നിവ നാട്ടിലെ പരിവർത്തന പരിശ്രമങ്ങളാ യിരുന്നു.നടുവിൽ പഞ്ചായത്തിലെ സാമൂഹ്യരാഷ്ട്രീയ രംഗത്തെ ആദ്യകാല നായക നിരയിൽ പരേതനായ എം.സി. കേളപ്പൻ നമ്പ്യർ, സർവ്വശ്രീ പി.പി. കൃഷ്ണൻ നമ്പ്യർ, പി.എ. ഇബ്രാഹിം, ശ്രീ ജോസഫ് പുഞ്ചക്കുന്നേൽ, ജോസഫ് ഇരുപ്പക്കാട്ട്, കെ.എ. പൈലി ആലിലക്കുഴി, എന്നിവർ സ്മരണീയരാണ്. പ്രാതഃസ്മരണീയരായ വട്ടക്കുന്നില്ലത്ത് കൃഷ്ണൻ നമ്പൂതിരി, മേലേടത്ത് ഗോവിന്ദൻ നായർ എന്നിവർ, കാവുമ്പായി സമരത്തിലേർപ്പെട്ട പോരാളികളായിരുന്നു. നാട്ടിനു വെളിച്ചം പകർന്ന വികസന പരിണാമങ്ങളെ കുറിച്ച് വികസനത്തിന്റെ ആദ്യപാത വെട്ടിത്തുറന്ന ശ്രീ പി.ആർ. രാമവർമ്മരാജ 'ഒരുകുടിയേറ്റക്കാരന്റെ ഓർമ്മക്കുറിപ്പുകളിൽ ' ആലക്കോടുമായി ബന്ധപ്പെടുത്തി ഇപ്രകാരം എഴുതുന്നു.

" കുടിയേറ്റപ്രദേശങ്ങളിൽ ഇത്രയേറെ വികസിച്ച് അഭിവൃദ്ധിപ്പെട്ട ഒരു സ്ഥലം വേറെ ഇല്ലെന്നുതന്നെ പറയാം. അടുത്തുള്ള പ്രദേശങ്ങളും കുടിയേറ്റക്കാരുടെ വരവോടെ അതിവേഗം വികസിക്കാൻ തുടങ്ങി. ക്രിസ്തിയ ദേവാലയങ്ങൾ വന്നതോടെ ക്രിസ്തീയ പുരോഹിതന്മാരുടെ നേതൃത്വം നാട്ടിനുണ്ടായിത്തീർന്നു. സംഘടിതരീതിയിൽ അവരുടെ നേതൃത്വ പള്ളികൾ പള്ളിക്കൂടങ്ങൾ എന്നിവ സമൃദ്ധമാക്കി......., ഒന്നിക്കാനും ഒന്നിപ്പിക്കാനും നാട്ടുകർ മനസ്സുവെച്ചാൽ കേരളത്തിനു ഭാരതത്തിൽ നടുനായകമായി ശോഭിക്കാൻ കഴിയും....... ഒരുദേശത്തിന്റെ ശ്രേയസ്സും. അഭിവൃദ്ധിയും ആ ദേശത്തെ ജനങ്ങളുടെ യോജിപ്പിലും ദേശസ്നേഹത്തിലും പ്രവൃത്തി പദ്ധതികളിലുമാണ് നിലനില്ക്കുന്നത്.

വായാട്ടുപറമ്പ് സ്മരണിക - ആലക്കോട് മേഖല. 86 പേജ് 69.

# 4. ഭൂമിശാസ്ത്രം

## നടുവിൽ-മലകളുടെ നടുവിൽ

അതിരിട്ട് നിൽക്കുന്ന ആലക്കോട് (വടക്ക്), ചപ്പാരപ്പടവ് (പടിഞ്ഞാറ്) ഏരുവേശ്ശി (കിഴക്ക്) ചെങ്ങളായി (തെക്ക്) ശ്രീകണ്ഠാപുരം പഞ്ചായത്തുകളെപ്പോലെ നടുവിൽ പഞ്ചായത്തിനെയും മലകളുടെ സമാഹാരം എന്നു വിളിക്കാം. സമുദ്രനിരപ്പിൽ നിന്ന് 4500 അടി ഉയരത്തിൽ നിൽക്കുന്ന വൈതൽമല ഈ പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്ത് കൈ വിരിച്ചുപിടിച്ചിരിക്കുന്നു. അതിനുമപ്പുറം കർണ്ണാടക വനങ്ങളാണ്. പശ്ചിമഘട്ടനിര കളിൽപെട്ട വൈതലിന് താഴെയായി ഒരു കൂട്ടം മലകളാണ്.

| | |
|---|---|
| 1 താറ്റ്യാട്ട് | 2 കോട്ടമല |
| 3 ചേറ്റടിമല | 4 പുല്ലം വനം |
| 5 ചുള്ളിപ്പള്ളം | 6 മാമ്പള്ളം |
| 7 പൊൻമല | 8 കൈതളം |
| 9. തുരുമ്പി | 10. കനകക്കുന്ന് |
| 11. പാത്തി | 12.ചെകുത്താൻ കാട് |
| 13. പുറത്തൊട്ടി | 14.മൂന്നാം കുപ്പ് |
| 15. ഒറ്റത്തൊട്ടി | 16. ബക്കിരിമല |
| 17. ഉത്തൂർമല | 18. മാങ്കുളം |
| 19. നൂലിട്ടാമല | 20.കരാമരംതട്ട് |
| 21. പാററാക്കളം | 22. മുളകുവള്ളി |
| 23.മാവുംചാൽ | 24. തേർമല |
| 25. തലക്കല്ല് | |

## വിസ്തീർണ്ണം

87.97 ച.കി.മീ വിസ്തീർണ്ണമുള്ള നടുവിൽ,കണ്ണൂർ ജില്ലയിലെ ഏറ്റവും വലിയ പഞ്ചായത്തുകളിലൊന്നാണ്. ജില്ലാ ആസ്ഥാനത്ത് നിന്ന് 45 കി.മി. വടക്ക്കിഴക്ക് മാറി സ്ഥിതി ചെയ്യുന്ന ഇതിന്റെ ഏറ്റവും അടുത്ത റെയിൽവെ സ്റ്റേഷനും കണ്ണൂർ തന്നെ.

## ഭൂപ്രകൃതി

ഒന്നിനൊന്ന് തൊട്ടുകിടക്കുന്ന കുന്നുകൾ ഈ പഞ്ചായത്തിനെ ഉത്തുംഗതരംഗ രൂപത്തിലാക്കിയിരിക്കുന്നു. എന്നാൽ വയനാടിനെയോ ഇടനാടിനെയോ പോലെ ഈ കുന്നുകൾക്കിടയിൽ സമതലങ്ങളോപാടശേഖരങ്ങളോ ഇല്ല. പുലിക്കുരുമ്പ, അരങ്ങ്, വെള്ളാട്, ചേടിക്കുണ്ട് എന്നിവിടങ്ങളിലെ കൊച്ചുവയലുകളാകട്ടെ പ്രകൃതിദത്തമെന്നതിലുപരി മനുഷ്യനിർമ്മിതങ്ങളാണ്. അവ പോലും മറ്റെവിടെയുമെന്ന പോലെ പാർപ്പിടങ്ങൾക്കും നാണ്യവിളകൾക്കും വഴിമാറികൊടുക്കുകയാണ്.

പഞ്ചായത്തിനെ പൊതുവിൽ മൂന്നു പ്രധാന ഭാഗങ്ങളായി തിരിക്കാം

1. ഉയർന്ന സമതലം 2. ചെറുചെരിവ് 3. താഴ്വര

നോർത്തേൺ മിഡ്ലാന്റ് സോണിൽ പെടുന്ന ഈ പഞ്ചായത്തിന്റെ 85% ചരൽ കലർന്ന മണ്ണാണ്. 5% ചെങ്കൽ പ്രദേശവും 5% കരിങ്കൽ പ്രദേശവും 3% ചതുപ്പും 2% ജലാശയങ്ങളുമാണ്. പൊതുവെ ഫലഭൂയിഷ്ഠമായ മണ്ണ്. എന്നാൽ അശാസ്ത്രീയമായ കൃഷിരീതികളും തത്ഫലമായുണ്ടാകുന്ന മണ്ണൊലിപ്പും വനത്തിന്റെ അഭാവവും മണ്ണിന്റെഘടനയെയും ജലലഭ്യതയേയും ബാധിച്ചുകഴിഞ്ഞു.

## ജലലഭ്യത:

ഏതുമലമുകളിലുമുള്ള നീരുറവകൾ ഈ പ്രദേശത്തിന്റെ പ്രത്യേകതയായിരുന്നു. അതുകൊണ്ടുതന്നെ ധാരാളം ജലം ഉപയോഗിക്കുന്ന തെങ്ങ്, കവുങ്ങ് തുടങ്ങിയ കൃഷികൾ മലമുകളിലും ഉണ്ട്. ഏത് ദുർഗമമായ ഉൾപ്രദേശത്തും കടന്നുചെല്ലാനും താമസിക്കാനും സാഹസികരായ കുടിയേറ്റക്കാർക്ക് ഉൾപ്രേരണയായത് ഈ ജലലഭ്യതതന്നെ. ജീവിത സൗകര്യങ്ങളെ തങ്ങളുടെ ആവാസങ്ങളിലേക്ക് ആവഹിക്കുന്നതിൽ ഊറ്റം കാട്ടിയിരുന്ന അവർ ഇന്ന് താഴ്വരകളിലേക്ക് താണിറങ്ങുന്നുണ്ടെങ്കിൽ അത് ജീവിത വീക്ഷണത്തിൽ വന്ന മാററത്തെയും ജലസ്രോതസ്സുകളുടെ തളർച്ചയേയും സൂചിപ്പിക്കുന്നു. നീർച്ചാലുകൾ ഇവിടെ പല പ്രദേശങ്ങൾക്കും നാമകാരണമായെങ്കിൽ ഇന്നവ വെറും പ്രതീകങ്ങളായിരിക്കുന്നു. കണിയാൻചാൽ, കരുവൻചാൽ മുണ്ടച്ചാൽ, മാവും ചാൽ, പുലിമടച്ചാൽ തുടങ്ങിയവ ഉദാഹരണം.

## തോടുകൾ:

അറിയപ്പെടുന്ന പുഴകൾ ഈ പഞ്ചായത്തിലില്ല. എന്നാൽ അനേകം നീരൊഴുക്കുകളുണ്ട്, അവയിൽ പലതും തങ്ങളുടെ അസ്തിത്വം വർഷകാലത്തേക്ക് മാത്രമായി ഒതുക്കുന്നു. പ്രധാനതോടുകൾ ഇവയാണ്.

1. ഒറ്റത്തൊട്ടി- കൊക്കായിത്തോട്
2. ചേറ്റടി - പുലിക്കുരുമ്പ- പുറഞ്ഞാൺ തോട്
3. പാത്തൻപാറ-മുളകുവള്ളി- ആറാട്ടുകടവ് തോട്
4. മുന്നൂർകൊച്ചി- കുടിയാൻമല തോട്
5. പോത്തുകുണ്ട് - താവുകുന്ന് - ഓർക്കയം തോട്
6. ആശാൻകവല - വെള്ളാട് തോട്
7. മാവുംചാൽ - വെള്ളാട് തോട്
8. കാണിക്കത്തോട്
9. പെരുവഞ്ചി - ഉത്തൂർ തോട്
10. പൊൻമല - മണ്ണംകുണ്ടതോട്
11. വെള്ളാട് - കരുവൻചാൽ തോട്

12. ആനക്കുഴി - മുണ്ടച്ചാൽ തോട്

## മഴ

ജൂൺ, ജൂലായ്, ആഗസ്ത്, സെപ്തംബർ, ഒക്ടോബർമാസങ്ങളിലായി കാലവർഷവും തുലാവർഷവുംചേർന്ന് ശരാശരി 3376മി.മീ മഴ ലഭിക്കുന്നു. ഇത് സംസ്ഥാന ശരാശരിയേക്കാൾ അധികമാണ്. എന്നാൽ വളരെ ചരിവുള്ള ഭൂപ്രകൃതി, ഈ വെള്ളം കൃഷിക്കുപയുക്തമാക്കുന്നതിൽ നിന്ന് തടയുന്നു. തടയണകളോ ഡാമുകളോ നിർമ്മിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ 80 ച.കീ സ്ഥലത്തും ശുദ്ധജലം ലഭ്യമാണ്. ഒരുകാലത്ത് വനപ്രദേശങ്ങളായിരുന്നവ ഇന്ന് പുൽമേടുകളായി മാറിക്കൊണ്ടിരിക്കുന്നു, കരാമരംതട്ട് , പുല്ലംവനം, പൊട്ടൻപ്ലാവിന്റെ ഉയർന്ന ഭാഗങ്ങൾ. ഈ മാറ്റം നമ്മുടെ കാലാവസ്ഥയേയും ബാധിക്കും.

**ഭൂവിനിയോഗം:** 70%ജനങ്ങൾ കാർഷികമേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. നടുവിൽ, വെള്ളാട് ദേവസ്വങ്ങൾ, കരയ്കാട്ടിടം നായനാർ, മണിയാൽഇല്ലം, ചിറക്കൽ കോവിലകം ഇവരുടെ ഉടമസ്ഥതയിലായിരുന്നു ഒരുകാലത്ത് ഈ പ്രദേശം. ഭൂരിഭാഗം മരങ്ങളും മുറിച്ചു മാറ്റപ്പെട്ട അവസ്ഥയിലാണ് ഇത് ഇന്നത്തെ ജനങ്ങളുടെ കൈകളിലെത്തിപ്പെട്ടത്. ചെങ്കല്ല് കൂടുതൽ കാണുന്നതും ഊഷരവുമായ പ്രദേശങ്ങളാണ് നടുവിൽ, വായാട്ടുപറമ്പ് എന്നിവ. കരുവൻചാൽ, വെള്ളാട്, ചേടിക്കുണ്ട്, പുലിക്കുരുമ്പ, തുടങ്ങിയവ പശിമരാശി മണ്ണുള്ള പ്രദേശങ്ങളാണ്. പാത്തൻ പാറ, ആശാൻ കവല, തുരുമ്പി, മാമ്പള്ളി, പാറ്റാക്കളം കുടിയാൻമല എന്നിവയാകട്ടെ കരിങ്കൽ പാറക്കെട്ടുകൾ നിറഞ്ഞവയും. ഈ വ്യത്യാസങ്ങൾ കണക്കിലെടുക്കാതെ എല്ലാസ്ഥലത്തും എല്ലാകൃഷികളും നടത്താൻ തുനിഞ്ഞത് കൃഷിയുടെ ഉല്പാദനക്ഷമതയേയും മണ്ണിന്റെ ഘടനയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നീരൊഴുക്കിന്റെ വേഗത ഇവിടങ്ങളിൽ വളരെ കൂടുതലാണ്.

**കൃഷി:** നാണ്യ വിളകൾക്കാണ് പ്രാമുഖ്യം. കുരുമുളക്, തെങ്ങ്, കവുങ്ങ്, റബ്ബർ ഇവ വ്യാപകമായി കൃഷി ചെയ്യപ്പെടുന്നു. കപ്പ, ഇഞ്ചി, മഞ്ഞൾ, ചേമ്പ്, ചേന എന്നീ വാർഷികവിള കളുമുണ്ടെങ്കിലും അവയുടെ വിസ്തൃതി കുറഞ്ഞു വരികയാണ്. നാണ്യവിളകളിൽ കുരുമുളക് മിക്കവാറുംനശിച്ചുകഴിഞ്ഞു.

**ജനസംഖ്യ:** ച.കി.മീറ്ററിൽ ശരാശരി 336 പേർ ഇവിടെ അധിവസിക്കുന്നു. 1931 ലെ സെൻസസ്പ്രകാരം 1050 പുരുഷൻമാരും 937 സ്ത്രീകളുമടക്കം 1987 ജനങ്ങളുണ്ടായിരുന്ന സ്ഥാനത്ത് 1991 ലെ സെൻസസ് പ്രകാരം 15008 പുരുഷൻമാരും 14529 സ്ത്രീകളുമുംപ്പെടെ 29537 ആളുകൾ ഈ പഞ്ചായത്തിലുണ്ട്. സ്വാഭാവിക വർദ്ധനവിനേക്കാൾ കുടിയേറ്റമാണ് ഈ വർദ്ധനവിനു കാരണം .

**ആദിവാസികൾ:** ഇവിടുത്തെ ആദിവാസികളായ കരിമ്പാലൻ, മാവിലൻ എന്നിവർ ചില പ്രദേശങ്ങളെ കേന്ദ്രീകരിച്ചുകഴിയുന്നു. പുല്ലംവനം, പോത്തുകുണ്ട്, താറ്റ്യാട് , കരാമരംതട്ട്, കോട്ടയംതട്ട്, നറുക്കുംകര, ചെമ്പുവച്ച മൊട്ട, ആനക്കുഴി, കൈതളം, ചുള്ളിപ്പള്ളം, ഉത്തൂർ, മൈലംപെട്ടി, ആശാൻകവല എന്നിവ ആദിവാസി സാന്ദ്രത കൂടുതലുള്ളവയാണ് . ആധുനിക കൃഷിരീതികൾ സമർത്ഥമായി ഉപയോഗിക്കുന്നവർ ഇവരിലുണ്ടെങ്കിലും ഭൂരി പക്ഷവും ജീവിതായോധനത്തിൽ പരാജയപ്പെട്ടവരാണ്. മദ്യം ഉപയോഗിച്ചും മറ്റും അവരെ ചൂഷണം ചെയ്യുന്നവരും ധാരാളം. ചെന്നെത്തിപ്പെട്ട ഉയർന്ന പ്രദേശങ്ങളിലെ ഫലഭൂയിഷ്ഠമല്ലാത്ത മണ്ണും അവരുടെ കർമ്മശേഷി ചോർത്തിക്കളയുന്നു.

**വാഗ്ദാനങ്ങൾ, പദ്ധതികൾ:**

സമതലപ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായി ധാരാളം ചെറിയ നീർമറിപ്രദേശങ്ങളുടെ ആകെത്തുകയാണ് ഈ പഞ്ചായത്ത്. അതുകൊണ്ടുതന്നെ സമർത്ഥമായ ജല-ഭൂവിനിയോഗ ത്തിന് പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിക്കേണ്ടിവരും. പ്രാദേശികമായി ലഭ്യമായ വസ്തുക്കളുപയോഗിച്ച് തടയണകളും മറ്റും നിർമ്മിക്കുക, ചരിഞ്ഞ പ്രദേശങ്ങളിലെ വേഗതയേറിയ ജലപ്രവാഹം നിയന്ത്രിക്കാൻ കയ്യാലകളും മൺതിട്ടകളും നിർമ്മിക്കുക, പുല്ലു വെച്ചുപിടിപ്പിക്കുക, നീർക്കുഴി കൾ ഉണ്ടാക്കുക തുടങ്ങിയവ ഇവിടെ നടപ്പിലാക്കാവുന്നതാണ്. കേന്ദ്രീകൃത ആസൂത്രണത്തേക്കാളുപരി പ്രാദേശിക ചെറു സംഘങ്ങളുടെ ആലോചനയും കർമ്മപരിപാടിയും ഇതിനുണ്ടാകുന്നതാണ് നല്ലത്. ഇത് പഞ്ചായത്തിന്റെ സമഗ്ര പുരോഗതിക്കുള്ള പരിപാടിയായിക്കണ്ട് നേതൃത്വവും സാമ്പത്തിക സഹായവും ലഭ്യമാക്കുകയാണ് വേണ്ടത്.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ധാരാളം ചെങ്കൽ, കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. ഇവ അതതുപ്രദേശത്തിന്റെ ഭൂവിനിയോഗത്തിലും പരിസ്ഥിതിയിലുമുണ്ടാക്കുന്ന മാറ്റങ്ങൾ പഠനവിഷയമാക്കേണ്ടതാണ്.

വളരെയേറെ വികസന സാദ്ധ്യതകളുള്ള ഒരു വിനോദസഞ്ചാരകേന്ദ്രമാണ് വൈതൽമല. പശ്ചിമഘട്ടത്തിന്റെ വടക്കേയറ്റത്തെ ഏറ്റവും ഉയർന്ന ഈ പ്രദേശം ഇനിയും സാദ്ധ്യതകൾ ചൂഷണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒന്നാണ്.

ഭൂമിശാസ്ത്രപരമായി സമാനതകളുള്ള രണ്ടു മേഖലകളായി ഈ പഞ്ചായത്ത് തിരിഞ്ഞുകിടക്കുന്നു. വിളക്കന്നൂർ, നടുവിൽ, മണ്ടളം, പുലിക്കുരുമ്പ, അരംങ്ങ്, കുടിയാൻമല, പൊട്ടൻപ്ലാവ് എന്നിവ ഒരുമേഖലയിലും വായാട്ടുപറമ്പ്, കരുവൻചാൽ, വെള്ളാട്, ചേടിക്കുണ്ട്, പാത്തൻ പാറ, ആശാൻകവല എന്നിവ മറ്റൊന്നിലുമായി സമാന്തരമായികിടക്കുന്നു. ഈ മേഖലകൾക്ക് കുറുകെയുള്ള റോഡുകളുടെ വികസനം ഈപഞ്ചായത്തിന്റെ പുരോഗതിയിൽ ദൂരവ്യാപകമായ മുന്നേറ്റം ഉണ്ടാക്കും. നിർഭാഗ്യവശാൽ ഇന്ന് അവഗണിക്കപ്പെടുന്നതും ഇവതന്നെയാണ്. മറ്റുപഞ്ചായത്തുകളുമായി ബന്ധപ്പെടുന്നതിനും ഈ പഞ്ചായത്തിനുള്ളിൽ തന്നെ സഞ്ചാര സൗകര്യം മെച്ചപ്പെടുത്തുന്നതിനും മലയോര മേഖലക്കാകെ ലിങ്ക്റോഡ് എന്ന നിലക്കും ഇവ പ്രധാനപ്പെട്ടവയാണ്. ചുരുക്കമെങ്കിലുമുള്ള തോടുകൾ സംരക്ഷിക്കപ്പെടണം. അവയുടെ തീരങ്ങളിലെ പുറമ്പോക്കുകളും അവയിലെ മരങ്ങളും ഇന്ന് അന്യാധീനപ്പെട്ടു കഴിഞ്ഞു. തോടുകളും ജലവും പൊതുസ്വത്താണെന്നും അവ എല്ലാവർക്കുമായി സംരക്ഷിക്കപ്പെടേണ്ടതാണെന്നും ഉള്ള ബോധ്യം എല്ലാവരിലുമുണ്ടാവണം. ജലദുരുപയോഗത്തിനും വിവേകരഹിതമായ ഭൂവിനിയോഗത്തി നുമെതിരെ ജനങ്ങൾ ബോധവൽക്കരിക്കപ്പെടണം.

# 5.1

# കൃഷിയും ജലസേചനവും

നടുവിൽ ഗ്രാമ പഞ്ചായത്ത് പൂർണ്ണമായും ഒരു കർഷകഗ്രാമമാണ്. പഞ്ചായത്തിലെ ഭൂവിസ്തൃതിയുടെ എഴുപതുശതമാനത്തോളം റബ്ബർ കൃഷി ചെയ്യുന്നു. തെങ്ങ്,കമുങ്ങ്,കുരുമുളക്,കശുമാവ് , എന്നിവയും ഉണ്ട്. ഇടവിളയായി വാഴ,മരച്ചീനി,പച്ചക്കറികൾ തുടങ്ങിയവയും കൃഷിചെയ്യുന്നു. കാർഷിക ഭൂപടത്തിൽനിന്ന് ഇഞ്ചിക്കൃഷി മറഞ്ഞുകൊണ്ടിരിക്കുകയാണ്.

ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിൽ ഇവിടുത്തെ പ്രധാനകൃഷി പുനം കൃഷിയായിരുന്നു. ഒരുവർഷത്തേക്കുള്ള ഭക്ഷ്യവിഭവങ്ങൾ അന്നുള്ളവർ ശേഖരിച്ചിരുന്നത് ഈ വാർഷിക ആസൂത്ര ണത്തി ലൂടെയായിരുന്നു.ആണ്ടുതോറും മാറിമാറി വനങ്ങൾ തെളിച്ചാണ് 'പൊനം' കൃഷി നടത്തിയിരുന്നത്. നെൽക്കൃഷിക്കാണ് പ്രാധാന്യമെങ്കിലും ചാമ, മുത്താറി, ചോളം, തിന, തുവര തുടങ്ങിയധാന്യങ്ങളും ധാരാളം പച്ചക്കറികളും കൃഷിചെയ്തിരുന്നു. കൃഷിയിൽനിന്നു ലഭിക്കുന്ന വെള്ളരിക്കയും കുമ്പളങ്ങയും തെങ്ങോലകൊണ്ട്കെട്ടി ഭവനങ്ങളിലെ പടിഞ്ഞാറ്റകളിലും കൊട്ടിലകങ്ങളിലും തൂക്കിയിടുന്ന കാഴ്ച ചേതോഹരമായിരുന്നു. ഹ്രസ്വകാലവിളകൾ കൂടാതെ കുരു മുളക്, മാവ്,പ്ലാവ് എന്നിവയും പുനക്കൃഷിയിലെ ഇനങ്ങളാണ്. ചെന്നെല്ല് ,പാൽക്കയമ,കീരിപ്പാല,നവര,ചൊപ്പയൻ തുടങ്ങിയ വിത്തിനങ്ങളാണ് അന്ന് കൃഷിക്ക് ഉപയോഗിച്ചിരുന്നത്.

കൃഷിഭൂമി അന്ന് കൃഷിക്കാരുടേതായിരുന്നില്ല. നടുവിൽ-വെള്ളാട് ദേവസ്വം,കരക്കാട്ടിടം,മണിയാൽഇല്ലം എന്നിവരുടെ അധീനതയിലായിരുന്നു കൃഷിഭൂമി മുഴുവൻ. മറുപാട്ടം,കാണം,കുഴിക്കാണം,വാരം,പാട്ടം തുടങ്ങിയ വ്യവസ്ഥകൾവഴിയാണ് കൃഷിനടന്നത്. പൂർണ്ണമായും മഴയെ അശ്രയിച്ചായിരുന്നു അന്നത്തെ കൃഷി.

കാട്ടു പന്നി, കാട്ടാന,മുള്ളൻപന്നി എന്നീ വന്യമൃഗങ്ങൾ അന്ന് പുനക്കൃഷിക്ക് ഭീഷണിയായിരുന്നു. കൃഷിയെ സംരക്ഷിക്കാൻ കാവൽപ്പന്തലുകൾ (ഏറുമാടങ്ങൾ) സ്ഥാപിച്ച് രാത്രികാലത്ത് കാവൽനിൽക്കുക സാധാരണമായിരുന്നു. പന്നികൾ ഇളകിയാൽ ഒരു കാവൽപ്പന്തലിൽ നിന്നുള്ള കൂവൽ അടുത്ത അനുഭവമാണ്. കാർഷികോൽപ്പന്നങ്ങൾ തലച്ചുമടായി കൊണ്ടുപോയി അന്ന് ചെങ്ങളായിലാണ് വിറ്റഴിച്ചിരുന്നത്.

കുടിയേറ്റവും,കുടിമാറ്റവും ആരംഭിച്ചതോടുകൂടി കൃഷിഭൂമിയിൽ പുതിയ വിളകൾ വന്നെത്തി. റബ്ബർ ആണ് മുഖ്യം. കപ്പ,തെരുവപ്പുല്ല് എന്നിവയും കൃഷിചെയ്തു തുടങ്ങി. കാർഷികബന്ധനിയമം മുഖേന കൃഷിഭൂമി സ്വന്തമാകും എന്ന നിലവന്നപ്പോൾ നാണ്യവിളകൾക്ക് പ്രാമുഖ്യം നൽകി. നടുവിൽക്കാർ പുനംകൊത്തിയിരുന്ന വിശാലമേഖലകൾ ഇന്ന് നാണ്യവിളകളുടെ കേദാര ഭൂമിയായിരി ക്കുന്നു.നാല്പതുകളോടെ റബ്ബർകൃഷി ആരംഭിച്ചുവെങ്കിലും അമ്പതുകളിലാണ് വ്യാപകമായത്. ശാസ്ത്രീയമായകൃഷി സമ്പ്രദായങ്ങൾ അറിയില്ലെങ്കിലും മണ്ണിന്റെ വളക്കൂറും ,കൃത്യമായും ധാരാളമായും ലഭിച്ചുകൊണ്ടിരുന്നമഴയും കാർഷി കോൽപ്പാദനത്തെ സഹായിച്ചു.

1956-ൽ ആരംഭിച്ച വിവിധോദ്ദേശ്യ ഐക്യനാണയ സംഘം(ഇന്നത്തെ നടുവിൽ സർവ്വീസ് സഹകരണബേങ്ക്) കർഷകരുടെ അത്താണിയായി മാറി.

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണത്തിന്റെ 81.34% കൃഷിഭൂമിയാണ്. 18.64 % പ്രദേശം പുറമ്പോക്കായും, കൃഷിയോഗ്യമായതും അല്ലാത്തതുമായ തരിശ് ഭൂമിയായും കിടക്കുന്നു. പഞ്ചായത്തിലെ മണ്ണിന്റെ 90 ശതമാനത്തോളം ലാറ്ററേറ്റ് ഇനത്തിൽപെടുന്ന ചരൽ മണ്ണാണ്.പഞ്ചായത്തിലെ ഭൂരിഭാഗം ഉടമസ്ഥരും ഒരേക്കറിനും രണ്ടേക്കറിനും ഇടയിൽ ഭൂമിയുള്ളവരാണ്.
ഭൂവുടമസ്ഥരുടെ വിശദമായ എണ്ണം പട്ടിക (5.1.1) യിൽ കൊടുക്കുന്നു.

പഞ്ചായത്തിലെ ആളോഹരി ഭൂലഭ്യത 0.32 ഹെക്ടർ ആണ്.

കേരളത്തിലെ പതിമൂന്ന് കാർഷികകാലാവസ്ഥ മേഖലകളായി തിരിച്ചതിൽ അഞ്ചാമത്തെ മേഖലയായ വടക്കൻ തുളുനാട് മേഖലയിൽപ്പെടുന്ന തളിപ്പറമ്പ് ബ്ലോക്ക് പ്രദേശത്താണ് നടുവിൽ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

## ജലസേചനം:

പരിമിതമായ ജലസേചനസൗകര്യം മാത്രമെ നടുവിൽ പഞ്ചായത്തിലുള്ളു. പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്. മെയ് മുതൽ ആഗസ്ത് വരെ ലഭിക്കുന്ന കാലവർഷവും സപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവും ആണ് ജലലഭ്യതക്കാധാരം. കഴിഞ്ഞ 7 വർഷത്തെ മഴയുടെ വിശദ വിവരങ്ങൾ

ജലസേചന സൗകര്യക്കുറവ് ഉത്പാദനക്ഷമതയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിലുള്ള പതിമൂന്നോളം കുളങ്ങളും ഏഴ് തടയണകളും അറ്റകുറ്റപ്പണികളും മറ്റും നടത്താത്തതിനാൽ ഉപയോഗ പ്രദമല്ല. പഞ്ചായത്തിലുള്ള പതിനഞ്ചോളം തോടുകളും, സ്വകാര്യ കുളങ്ങളും കിണറുകളും നീരുറവകളും ഉപയോഗിച്ചുകൊണ്ട് കുറേ കർഷകർ ജലസേചനം നടത്തുന്നുണ്ട്. വിവധ വിളകളുടെ ഉത്പാദനക്ഷമത പട്ടിക (5.1.3)യിൽ കൊടുത്തിരിക്കുന്നു.

## കാർഷികരോഗങ്ങൾ:

വിവിധ വിളകൾക്ക് ബാധിച്ചിട്ടുള്ള രോഗങ്ങൾ ഉത്പാദനക്ഷമതയെ ബാധിച്ചിട്ടുണ്ട്. 1980 മുതൽ കുരുമുളകിനെ ദോഷകരമായി ബാധിച്ച ദ്രുതവാട്ടരോഗം പഞ്ചായത്തിലെ ഭൂരിഭാഗം കുരുമുളക് കൃഷിയേയും നശിപ്പിച്ചുകഴിഞ്ഞു. കമുകിന് അടുത്തകാലത്തായി വ്യാപകമായി കണ്ടുവരുന്ന മഞ്ഞളിപ്പ് രോഗവും മാഹാളിയും കമുക് കൃഷിയേയും നശിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇതുകൂടാതെ വാഴയുടെ കുറുനാമ്പ്, തെങ്ങിന്റെ കൂമ്പുചീയൽ, കശുമാവിന്റെ കീടബാധ തുടങ്ങിയവയും കൃഷിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. റബ്ബർ ഒഴികെയുളള കൃഷിയുടെ രോഗബാധമൂലമുള്ള നാശം റബ്ബറിനുണ്ടായ വിലവർദ്ധനവ്, സ്ഥിര വരുമാനം, റബ്ബർ ബോർഡിന്റെ താരതമ്യേന കൂടുതലുള്ള സാമ്പത്തിക-സാങ്കേതിക സഹായം എന്നിവ മറ്റു കൃഷികളെ ഉപേക്ഷിച്ചും കർഷകരെ റബ്ബർകൃഷി വ്യാപകമാക്കാൻ പ്രേരിപ്പിക്കുന്നു.

## കീടനാശിനി, വളം:

അമിതമായ രാസവളപ്രയോഗം മണ്ണിന്റെ ഗുണത്തെ കെടുത്തിയിട്ടിണ്ട്. സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ രണ്ടും സ്വകാര്യ മേഖലയിൽ രണ്ടും വിപണന കേന്ദ്രങ്ങൾ പഞ്ചായത്തിലുണ്ട്. കൃഷിക്കാർക്കുവേണ്ട രാസവളം യഥാസമയം ലഭ്യമല്ല. നിലവിലുള്ള വളപ്രയോഗരീതി മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലല്ല. അടുത്തകാലത്തായി കൃഷിക്കാർകൂടുതലായിജൈവവളം ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. മിക്കവ്വാറും എല്ലാവിളകൾക്കും ഇന്ന് കീടനാശിനി ഉപയോഗിക്കുന്നുണ്ട്. പച്ചക്കറികൾക്ക്വളരെകൂടുതൽ കീടനാശിനികൾ ഉപയോഗിച്ചുവരുന്നുണ്ട്.

## കൃഷിഭവൻ:

പഞ്ചായത്തിന്റെ നടുവിലാണ് കൃഷിഭവൻ സ്ഥിതിചെയ്യുന്നത്. 1966- ലാണ് കൃഷിഭവൻ സ്ഥാപിച്ചത്. അഞ്ച് ജീവനക്കാർ ആണ് കൃഷിഭവനിലുള്ളത്. അഗ്രിക്കൾച്ചറൽ ഡമോൺസ്ട്രേറ്റർക്ക് വേണ്ടി വെള്ളാട്, പുലിക്കുരുമ്പ എന്നീ സ്ഥലങ്ങളിൽ കൃഷി വകുപ്പിന്റെ കീഴിൽ രണ്ട് സ്വന്തം കെട്ടിടങ്ങളുണ്ടെങ്കിലും ഉപയോഗപ്പെടുത്തുന്നില്ല. ഭൂരിഭാഗം കൃഷിക്കാരും കൃഷിഭവനിൽ നിന്നുള്ള ആനുകൂല്യങ്ങളെക്കുറിച്ച് അറിയുന്നില്ല.

## കാർഷികോപകരണങ്ങൾ:

1966- വരെ കൃഷിഭവൻ മുഖേന ഒരു ട്രില്ലർ, 12 നാടൻ കലപ്പ, 260 റോക്കർ സ്പ്രേയർ, 50 നാപ്സാക് സ്പ്രേയർ 116 ഞെുകയറ്റ യന്ത്രങ്ങൾ, 35 പമ്പ് സെറ്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ആവശ്യമുള്ള കൃഷിക്കാരിൽ വളരെ ചെറിയ വിഭാഗത്തിനുമാത്രമെ യന്ത്രോപകരണങ്ങൾ ലഭ്യമാകുന്നുള്ളു. 1993-94, 94-95, 95-96 കാലയളവിൽ കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഇനം | | പട്ടിക 4<br>എണ്ണം | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 2500 | 1335 | 1461 |
| കമുക് | - | 3700 | 768 |
| കുരുമുളക് | 2000 | 17000 | 20000 |
| കശുമാവ് | 7200 | 1200 | 1600 |

1993-94, 94-95, 95-96 കാലയളവിൽ കൃഷിഭവൻ മുഖേന ദുരിതാശ്വാസ ധനസഹായം ലഭിച്ചവരുടെ എണ്ണം ചുവടെ കൊടുക്കുന്നു.

| വർഷം | പട്ടിക - 5<br>ധനസഹായം<br>ലഭിച്ചവരുടെ എണ്ണം | വിതരണം<br>ചെയ്ത തുക |
|---|---|---|
| 1993-94 | - | - |
| 1994-95 | 561 | 114103 ക |
| 1995-96 | 334 | 303536ക |

നടുവിൽ പഞ്ചായത്തിൽ താമസിക്കുന്ന ശ്രീ മുതുകുളത്തിൽ ജോസഫ് ആണ് കേരളത്തിൽ തന്നെ ജനശ്രദ്ധ

നേടിയ തെങ്ങ് കയറ്റയന്ത്രം കണ്ടുപിടിച്ചത്. അതിൽ നമുക്ക് അഭിമാനിക്കാം.

## കർഷകവികസന സമിതികൾ:

പഞ്ചായത്തിൽ പതിനൊന്ന് കുരുമുളക് വികസന സമിതികളും എട്ട് RPS കളും ഒരു കേരവികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്. മുമ്പ് വാർഡുകൾതോറും രൂപീകരിച്ചിരുന്ന കേരവികസന സമിതികൾ മരവിപ്പിച്ചത് കർഷകരെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

## കാർഷിക വായ്പ:

പഞ്ചായത്തിലുള്ള നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്, നടുവിൽ, നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്, പുലിക്കുരുമ്പ ശാഖ, നടുവിൽ സർവ്വീസ് സഹകരണ ബാങ്ക്, കരുവഞ്ചാൽ ശാഖ,നടുവിൽ സർവ്വീസ് സഹകരണ ബാങ്ക് മണക്കടവ് ശാഖ, നടുവിൽ സിൻഡിക്കേറ്റ് ബാങ്ക്, കരുവഞ്ചാൽ ഗ്രാമീണ ബാങ്ക്, തളിപ്പറമ്പ കാർഷിക വികസന ബാങ്ക് എന്നിവ കാർഷിക വായ്പകൾ നൽകി കൃഷിക്കാരെ സഹായിക്കുന്നു. കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്നതാണ് പൊതുവെ അഭിപ്രായം.

## കാർഷിക നഴ്സറികൾ:

പഞ്ചായത്തിൽ 7 സ്വകാര്യ നഴ്സറികൾ ഉണ്ടെങ്കിലും ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ആവശ്യത്തിന് ലഭ്യമല്ല.

## മണ്ണ് - ജല സംരക്ഷണം:

കുന്നിൻ പ്രദേശങ്ങളെ തട്ടുകളായി തിരിച്ചും, കൃഷിസ്ഥലം കൊത്തിയിളക്കിയും, മരം വെച്ച് പിടിപ്പിച്ചുമായിരുന്നു പഴയകാലങ്ങളിൽ മണ്ണ്-ജലസംരക്ഷണ പ്രവർത്തനം നടത്തിയിരുന്നത്. എന്നാൽ ഇന്ന് വർദ്ധിച്ചുവരുന്ന വനനശീകരണം, കൃഷിരീതിയിലുള്ള മാറ്റം, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് അറിവില്ലായ്മ, സാമ്പത്തിക ബാധ്യത, എന്നിവ വൻതോതിൽ മണ്ണൊലിപ്പിന് കാരണമായിട്ടുണ്ട്. പഞ്ചായത്തിലെ 5,6 വാർഡുകളിൽ നീർമറി വികസന പരിപാടിയിലൂടെയും 10ാം വാർഡിൽ പശ്ചിമ ഘട്ട വികസന പരിപാടിയിലൂടെയും 7 ാം വാർഡിൽ കയ്യാല പദ്ധതിയിയുടേയും മണ്ണ്- ജല സംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. മറ്റ് വാർഡുക ളിലും ഇത്തരം പ്രവർത്തനം ഉടനെ തന്നെ നടത്തേണ്ടതുണ്ട്.

## കൂലി നിരക്ക്:

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം താരതമ്യേന കുറഞ്ഞുവരികയാണ്. ഏകീകരിച്ച കൂലി നിരക്ക് പഞ്ചായത്തിൽ ഇല്ല. കൂലിക്ക് പുറമേ തൊഴിലാളികൾക്ക് ഭക്ഷണവും നൽകുന്നുണ്ട്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികൾക്ക് കൂലി കുറവാണ്. തൊഴിലാളികളുടെ കൂലി നിരക്ക് ഉത്പാദനവുമായി ബന്ധപ്പെടുത്തണമെന്ന പൊതുജനാഭിപ്രായം ഉണ്ട്. ശരാശരി കൂലി നിരക്ക് താഴെ ചേർക്കുന്നു.

| തൊഴിൽ | ജോലിസമയം | ശരാശരി കൂലിനിരക്ക് (രൂപ) | |
|---|---|---|---|
| | | പു | സ്ത്രീ |
| ടാപ്പിങ്ങ് | 100 മരത്തിന് | 20 | - |
| കിളക്കൽ | 5 മണിക്കൂർ | 55 | - |
| തെങ്ങ് കമുക് കയറ്റം | 7മണിക്കൂർ | 125 | - |
| മമ്മട്ടിചെത്ത് | 4 മണിക്കൂർ | - | 30 |
| ഭാരം ചുമക്കൽ | 5മണിക്കൂർ | - | 60 |
| മറ്റ് കാർഷിക പണികൾ | 5 മണിക്കൂർ | 55 | 30 |

## പ്രശ്നങ്ങൾ:

1. കാർഷിക ആനുകൂല്യങ്ങൾ അർഹരായ എല്ലാ കൃഷിക്കാർക്കും ലഭ്യമല്ല. യഥാസമയം വളം, വിത്ത്, നടീൽ വസ്തുക്കൾ ഇവ ലഭ്യമല്ല.
2. വിവിധ കർഷകവികസന സമിതികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
3. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും മണ്ണൊലിപ്പ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
4. കാർഷിക ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
5. മണ്ണ് പരിശോധിച്ച് കിട്ടാൻ ഇന്ന് വളരെ കാലതാമസം നേരിടുന്നു.
6. പഞ്ചായത്തിലെ പുറമ്പോക്ക് സ്ഥലം കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നില്ല.
7. തെങ്ങ്, കമുക് കയറ്റതൊഴിലാളികളെ ആവശ്യത്തിന് കിട്ടാറില്ല.
8. വിള ഇൻഷൂറൻസിനെ കുറിച്ച് ജനങ്ങൾ ഭൂരിഭാഗവും അജ്ഞരാണ്.
9. തെങ്ങ്, കമുക്, കുരുമുളക് എന്നി കൃഷികൾക്ക് ഇന്ന് ലഭിക്കുന്ന സാമ്പത്തിക സഹായം അപര്യാപ്തമാണ്.
10. എല്ലാ കൃഷിക്കും ജലസേചന സൗകര്യം ഏർപ്പെടുത്താൻ

ഇന്ന് സാമ്പത്തിക സഹായം ലഭ്യമല്ല.

11. അമ്പത് സെൻറിൽ താഴെ ഭൂമിയുള്ളവർക്ക് ജലസേചനം നടത്താൻ സാമ്പത്തിക സഹായം ലഭ്യമല്ല.

12. നടുവിൽ പ്രദേശത്ത് കൊപ്ര വിപണന സൗകര്യം ഇല്ല.

13. കൃഷിക്ക് ഇന്ന് ലഭ്യമായ ലോൺ സൗകര്യം അപര്യാപ്തമാണ്.

14. കമുകിൻെറ മഞ്ഞളിപ്പ്, മാഹാളി, തെങ്ങിൻെറ കൂമ്പുചീയൽ , കാറ്റുവീഴ്ച, കുരുമുളകിൻെറ ദ്രുതവാട്ടം, വാഴയുടെ കുറുനാമ്പ് , കശുമാവിൻെറ കീടബാധ എന്നിവ വ്യപകമായി കൃഷി നശിപ്പിക്കുന്നു.

15. രോഗം വന്ന് തെങ്ങ്, കമുക് എന്നിവ നശിച്ചുപോയാൽ പകരം പുതിയത് വച്ച് പിടിപ്പിക്കുവാൻ സാമ്പത്തിക സഹായം ലഭ്യമല്ല.

16. കാർഷികാവശ്യത്തിന് യഥാസമയം മണ്ണെണ്ണ പെർമിറ്റും, ആവശ്യത്തിന് മണ്ണെണ്ണയും ലഭ്യമല്ല.

17. വേങ്കുന്ന് കവല, മൈക്കാട്, പുല്ലം വനം, നൂലിട്ടാമല, മുളക് വള്ളി, കാവുംകുടി, ആറാട്ട് കടവ്, എന്നിവിടങ്ങളിലെ ചെക്ക് ഡാമുകൾ പ്രവർത്തനക്ഷമമല്ല.

18. അരങ്ങിലുള്ള ചെക്ക്ഡാമിൽ കൂടുതൽ ജലം സംഭരിക്കാൻ കഴിയുന്നില്ല.

19. പോത്തുകുണ്ട്, പുലിക്കുരുമ്പ , പാലക്കയംതട്ട്, പത്തിമുണ്ട തുടങ്ങിയ സ്ഥലങ്ങളിലെ കുളങ്ങൾ ഇപ്പോൾ ജലസേചനത്തിന് ഉപയോഗിക്കാൻ സാധിക്കുന്നില്ല.

20. വ്യപകമായ രാസവളപ്രയോഗം മണ്ണിൻെറ ഗുണത്തെ ബാധിച്ചിട്ടുണ്ട്.

21. എലി ശല്യം പഞ്ചായത്തിൽ രൂക്ഷമാണ്.

22. ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ആവശ്യത്തിന് ലഭ്യമല്ല.

23. കാർഷികോത്പന്നങ്ങൾക്ക് വിലസ്ഥിരത ഇല്ല

24. തേങ്ങ എണ്ണക്കുരുവായി പ്രഖ്യാപിച്ചതിൻെറ ആനുകൂല്യം കർഷകർക്ക് ലഭിച്ചിട്ടില്ല.

25. പഴ സംസ്കരണ സൗകര്യം പഞ്ചായത്തിൽ ഇല്ല.

26. 9 ാം വാർഡിൽ 85 ഏക്കർ കൃഷിയോഗ്യമായ ഭൂമി തരിശായി കിടക്കുന്നു.

27. ചെമ്പുവെച്ചമൊട്ട , മൈലം പട്ടി, ഉത്തൂർ, ഒറ്റത്തൊടി, മണ്ടളം, മുണ്ടച്ചാൽ, ഓർക്കയം, തേർമല , താഴത്തങ്ങാടി, കൈതളം, കൈതളംതട്ട്,പുല്ലവനം കാട്ടയംതട്ട്, പൊന്മല, ഉടുമ്പുംചീത്ത, മണ്ണംകുണ്ട്, കരാമരം തട്ട്, കുട്ടിപ്പുല്ല്, നടുവിൽ, തോയാട്ട്, തുടങ്ങിയ സ്ഥലങ്ങളിൽ നീർക്കെട്ടുണ്ട്.

28. പച്ചക്കറികൃഷി കുറഞ്ഞുവരുന്നു.

29. കൃഷി ഭൂമി തുണ്ടവൽക്കരിക്കപ്പെട്ടത് കൃഷിച്ചെലവ് വർദ്ധിപ്പിക്കുകയും ഉത്പാദനക്ഷമത കുറയ്ക്കുകയും ചെയ്യുന്നു.

30. വെള്ളാട്, പുലിക്കുറുമ്പ എന്നിവിടങ്ങളിൽ അഗ്രിക്കൾച്ചറൽ ഡെമോൺസ്ട്രേഷനുവേണ്ടി നിർമ്മിച്ച കെട്ടിടം ഉപയോഗശൂന്യമായി കിടക്കുന്നു.

31. വളപ്രയോഗം കീടനാശിനിയുടെ ഉപയോഗം, കൃഷിപ്പണി, നടീൽ വസ്തുക്കൾ തെരഞ്ഞെടുക്കൽ എന്നിവയെക്കുറിച്ച് കൃഷിക്കാർക്ക് ശാസ്ത്രീയ അറിവ് ഇല്ല.

32. വിള ഇൻഷൂറൻസ് ആനുകൂല്യം രോഗങ്ങൾ മൂലം നശിക്കുന്ന വിളകൾക്ക് ലഭിക്കുന്നില്ല.

33. നിലവിൽ നടപ്പിലാക്കുന്ന മണ്ണ്- സംരക്ഷണ പദ്ധതിയിൽ കൃഷിക്കാരുടെ പങ്കാളിത്തം ഇല്ല.

34. കൂൺ കൃഷി, പുഷ്പകൃഷി, ഔഷധകൃഷി, മത്സ്യകൃഷി, പട്ടുനൂൽപുഴുകൃഷി, എന്നിവയെക്കുറിച്ച് കർഷകർക്ക് വേണ്ടത്ര അറിവില്ല.

35. കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രവർത്തനം വിജയിക്കുന്നില്ല.

36. തീരപ്രദേശങ്ങളിൽ തെങ്ങ് കൃഷിക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ ഇവിടത്തെ കൃഷിക്കാർക്ക് ലഭിക്കുന്നില്ല.

37. ജൈവ-കീട നിയന്ത്രണ പരിപാടികളെക്കുറിച്ച് കർഷകർക്ക് അറിവില്ല.

38. വൈദ്യുതി ക്ഷാമം മൂലം കാർഷികാവശ്യത്തിന് പമ്പുസെറ്റ് പ്രവർത്തിക്കാൻ കഴിയാതെ വരുന്നു.

## സാദ്ധ്യതകൾ; നിർദ്ദേശങ്ങൾ:

1. കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന എല്ലാ വികസന പരിപാടികളെയും കുറിച്ച് യഥാസമയം കർഷകരെ അറിയിക്കണം.

2. കർഷക വികസന സമിതികൾ ജനാധിപത്യരീതിയിൽ പുനഃസംഘടിപ്പിക്കണം. സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ എല്ലാ കർഷകരിലും എത്തിക്കുകയും വാർഡടിസ്ഥാനത്തിൽ തനതായ പരിപാടികൾ ആവിഷ്ക്കരിക്കാൻ വികസന സമിതികൾക്ക് സൗകര്യം ഉണ്ടായിരിക്കുകയും വേണം.

3. എല്ലാ വാർഡുകളിലും മണ്ണ്- ജല സംരക്ഷണ പ്രവർത്തനം നടപ്പിലാക്കണം. അതിനുവേണ്ടി വ്യാപകമായ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

4. മണ്ണ് പരിശോധനാ റിപ്പോർട്ട് യഥാസമയം കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

5. വിത്ത്, വളം, കീടനാശിനി, നടീൽ വസ്തുക്കൾ, എന്നിവ കൃത്യസമയത്ത് കൃഷിക്കാർക്ക് വിതരണം ചെയ്യുകയും അത് വേണ്ടവിധം ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും വേണം.

6. കൃഷിച്ചെലവ് കുറക്കുന്നതിനും കാർഷികോത്പാദന വർദ്ധനവിനും സഹകരണ/ഗ്രൂപ്പ് കൃഷി സമ്പ്രദായം

ഏർപ്പെടുത്താവുന്നതാണ്.

7. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലം ലേലം മുഖേന കർഷകർക്ക് കൊടുത്ത് ഉത്പാദന ക്ഷമമാക്കണം.

8. തെങ്ങ് കയറ്റയന്ത്രങ്ങൾ കേരവികസനസമിതി മുഖേന വിതരണം ചെയ്യുകയോ വാടകയ്ക്ക് നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയൊ ചെയ്യണം.

9. വിള ഇൻഷുറൻസിനെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുകയും കീടബാധക്കും രോഗബാധക്കും ഇൻഷുറൻസ് കവറേജ് നൽകുകയും വേണം.

10. ആവശ്യമായ എല്ലാ കൃഷിക്കാർക്കും കിണർ, കുളം എന്നിവ കുഴിക്കാനും പമ്പുസെറ്റ് സ്ഥാപിക്കാനും ധനസഹായം നൽകണം. ധനസഹായം ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം.

11. അമ്പത് സെൻറിൽ താഴെ ഭൂമിയുള്ളവർക്കും ഉത്പാദന വർദ്ധനവിന് വേണ്ടി ജലസേചനം നടത്താൻ സാമ്പത്തിക സഹായത്തിന് അർഹതയുണ്ടാക്കണം.

12. നടുവിൽ പ്രദേശത്ത് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ കൊപ്രാസംഭരണം ആരംഭിക്കണം.

13. കാർഷിക വായ്പ ലഭിക്കാനുള്ള സങ്കീർണതകൾ അവസാനിപ്പിക്കണം. 6% പലിശയ്ക്ക് കാർഷിക വായ്പകൾ ലഭ്യമാക്കണം.

14. പച്ചക്കറികൃഷി, അടുക്കളത്തോട്ടം എന്നിവ നടത്തുന്നതിന് ഗുണനിലവാരമുള്ള വിവിധ വിത്തിനങ്ങളും, വളം, കീടനാശിനി, എന്നിവയും സബ്സിഡിയോട് കൂടി വിതരണം ചെയ്യണം.

15. കമുകിന്റെ മഞ്ഞളിപ്പ് , മാഹാളി, തെങ്ങിന്റെ കൂമ്പുചീയൽ, കാറ്റുവീഴ്ച, കുരുമുളക് കൃഷിയുടെ ദ്രുതവാട്ടം, വാഴക്കുള്ള കുറുനാമ്പ് എന്നിവയ്ക്കെതിരെ ഫലപ്രദമായ പ്രതിരോധനടപടികൾ സ്വീകരിക്കണം.

16. രോഗം വന്ന് തെങ്ങ്,കമുക്, എന്നിവ നശിച്ചുപോയാൽ പകരം പുതിയ തൈകൾ വച്ച് പിടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.

17. കാർഷികാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റിന്റെ അളവ് വർദ്ധിപ്പിക്കുകയും ജനുവരിമാസം മുതൽതന്നെ കൃഷിക്കാർക്ക് ലഭ്യമാക്കുകയും വേണം.

18. വേങ്കുന്ന്, നൂലിട്ടാമല, മുളക്വള്ളി, കാവുങ്കുടി ആറാട്ട് കടവ്, എന്നീ സ്ഥലങ്ങളിലെ തടയണകൾ അറ്റകുറ്റ പണികൾ നടത്തി ഉപയോഗപ്രദമാക്കണം.

19. പോത്തുകുണ്ട്, പുലിക്കുരുമ്പ, പാലക്കയംതട്ട്, പത്തിമുണ്ട എന്നിവിടങ്ങളിലെ കുളങ്ങൾ അറ്റകുറ്റപ്പണിനടത്തി ജലസേചനത്തിന് ഉപയോഗപ്പെടുത്തണം.

20. കൃഷിക്ക് ജൈവവളവും, രാസവളവും സമ്മിശ്രമായി ഉപയോഗിക്കാൻ കർഷകരെ ബോധവത്കരിക്കണം.

21. എലിനശീകരണത്തിനുവേണ്ടി പഞ്ചായത്തിൽ ഒരേ സമയത്ത് ജനപങ്കാളിത്തത്തോടെ എലിനശീകരണ യജ്ഞം നടത്തണം.

22. ഗുണ നിലവാരമുള്ള നടീൽ വസ്തുക്കൾ ആവശ്യത്തിന് ലഭ്യമാക്കാൻ കൂടുതൽ കാർഷിക നഴ്സറികൾ സ്ഥാപിക്കണം.

23. കാർഷികോത്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പുവരുത്തണം. തേങ്ങ എണ്ണക്കുരുവായി പ്രഖ്യാപിച്ചതിന്റെ ആനുകൂല്യം കൃഷിക്കാർക്ക് ലഭിക്കണം.

24. പഞ്ചായത്തിൽ പഴസംസ്കരണ യൂണിറ്റ് ആരംഭിക്കണം

25. ഒമ്പതാം വാർഡിലുള്ള എൺപത്തഞ്ച് ഏക്കർ കൃഷിയോഗ്യമായ തരിശുഭൂമി ഉപയോഗപ്പെടുത്തണം.

26. ചെമ്പു വെച്ചമൊട്ട , മൈലംപെട്ടി, ഉത്തൂർ , തോയാട്ട്, ഒറ്റത്തൊട്ടി, മണ്ടളം, ഓർക്കയം, മൂണ്ടച്ചാൽ , തേർമല, താഴത്തങ്ങാടി, കൈതളം, കൈതളംതട്ട്, പുല്ലംവനം, താറ്റ്യാട്ട്, പോത്തുകുണ്ട്, കോട്ടയംതട്ട്,പൊന്മല, നരിയമ്മാവ്, മണ്ണംകുണ്ട്, കരാംമരംതട്ട്,കുട്ടിപ്പുല്ല്, പുറത്തൊട്ടി, കോട്ടച്ചോല, മാങ്കുളം, കനകക്കുന്ന്, കുടിയാട്ടി വളപ്പ്, പള്ളിക്കുന്ന്, മുന്നൂർകൊച്ചി, മൂന്നാംകൂപ്പ്, ചെകുത്താൻകാട് മാവുംചാൽ ,വെതൽമല, എന്നി സ്ഥലങ്ങളിലെ നീരുറവകൾ ജലസേചനത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

27. വെള്ളാട്, പുലിക്കുരുമ്പ എന്നിവിടങ്ങളിലെ ഉപയോഗശൂന്യമായികിടക്കുന്ന അഗ്രിക്കൾച്ചറൽ ഡമോൺസ്ട്രേഷൻ കെട്ടിടം ഉപയോഗപ്പെടുത്തണം.

28. ജൈവവളത്തിന്റെ ഗുണമേന്മ നിർണ്ണയിക്കാനുള്ള സംവിദാനം ഏർപ്പെടുത്തണം.

29. വളപ്രയോഗം, കീടനാശിനിയുടെ ഉപയോഗം, നടീൽ വസ്തുക്കൾ തെരഞ്ഞെടുക്കൽ, കൃഷിപ്പണികൾ എന്നിവയെക്കുറിച്ച് കർഷകർക്ക് ശാസ്ത്രീയ വിവരങ്ങൾ നൽകാൻ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തണം.

30. സ്വാഭാവിക ജലസ്രോതസ്സിൽ നിന്ന് ഹോസ്സുകൾ വഴിയുള്ള ജല സേചനത്തിന് വേണ്ടി ഹോസുകൾ വാങ്ങുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം ലഭ്യമാക്കണം.

31. നിലവിൽ നടപ്പിലാക്കുന്ന മണ്ണ്-ജലസംരക്ഷണ പദ്ധതിയിൽ കൃഷിക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം

32. കൂൺ കൃഷി, പുഷ്പകൃഷി, ഔഷധകൃഷി, മത്സ്യകൃഷി, സെറിക്കൾച്ചർ എന്നിവയെക്കുറിച്ച് കൃഷിക്കാരെ ബോധവൽക്കരിക്കണം.

33. പഞ്ചായത്തിന്റെ വെറുതെ കിടക്കുന്ന സ്ഥലങ്ങളിലും മറ്റും ഫലവൃക്ഷതൈകൾ നട്ട് കൃഷിഭൂമിയുടെ ജൈവസമ്പത്ത് വർദ്ധിപ്പിക്കുകയും മണ്ണ്-ജലസംരക്ഷണ പ്രവർത്തനം നടത്തുകയും ചെയ്യേണ്ടതാണ്.

34. ഫലപ്രദമല്ലാത്ത കൂടുതൽ തുക ചെലവഴിക്കുന്ന

കമ്മ്യൂണിറ്റി ഇറിഗേഷൻ പോലുള്ള പ്രവർത്തനത്തിന് പകരം കൂടുതൽ കൃഷിക്കാർക്ക് വ്യക്തിപരമായി ജലസേചനം നടത്താൻ കഴിയുന്ന തരത്തിലുള്ള് പുന:ക്രമീകരണ പദ്ധതി പ്രവർത്തനങ്ങൾ നടത്തണം.

35. തീരദേശങ്ങളിൽ തെങ്ങുകൃഷിക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ ഇവിടെയുള്ളകൃഷിക്കാർക്കുംലഭ്യമാക്കണം.

36. മണ്ണിരകമ്പോസ്റ്റ് നിർമ്മാണത്തിൽ കർഷകർക്ക് പരിശീലനം നൽകണം

37. ജൈവ കീട നിയന്ത്രണത്തെക്കുറിച്ച് ബോധ വത്ക്കരണ പ്രവർത്തനവും പരിശീലനവും നൽകണം.

38. കാർഷികാവശ്യത്തിന് വൈദ്യുതി ലൈൻ ത്രീ ഫേസ് ആക്കി മാറ്റണം.

39.കാർഷിക ഗവേഷണ കേന്ദ്രങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കണം.

പട്ടിക -5.1.1

| വിസ്തീർണ്ണം | 1-10 സെൻറ് | 10-25 സെൻറ് | 25-50 സെൻറ് | 50-1ഏക്കർ | 1-2 ഏക്കർ | 2-5ഏക്കർ | 5ഏക്കറിനു മുകളിൽ |
|---|---|---|---|---|---|---|---|
| എണ്ണം | 396 | 426 | 672 | 2167 | 2505 | 2125 | 252 |

പട്ടിക - 5.1.2

| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1990 | - | - | - | - | 636.6 | 892.4 | 1075.6 | 742.6 | 192.1 | 226.9 | 68.2 | - |
| 1991 | - | - | - | - | 118.7 | 890.2 | 1299.6 | 746.2 | 62.0 | 173.8 | 122.4 | - |
| 1992 | - | - | - | - | 242.6 | 1108,8 | 1109.6 | 1847.2 | 356.4 | 193.6 | 387.2 | - |
| 1993 | - | - | - | - | 108.6 | 902.0 | 1175.2 | 466.2 | 69.4 | 277.8 | 80.5 | 52.8 |
| 1994 | - | - | - | 168.8 | 43.2 | 330.8 | 1681.4 | 625.0 | 187.8 | 334.0 | 35.8 | - |
| 1995 | 1.18 | - | - | 8.4 | 251.2 | 681.9 | 1181.4 | 494.2 | 215.0 | 170.4 | 107.8 | - |
| 1996 | - | - | - | 24.8 | 56.2 | 188.0 | 1155.10 | 647.2 | 237.0 | 268.2 | - | - |

പട്ടിക- 5.1.3

| വിള | ഉത്പാദന ക്ഷമത ഹെക്ടറിൽ |
|---|---|
| കമുക് | 428.കി.ഗ്രാം |
| റബ്ബർ | 2,500 കി.ഗ്രാം |
| കശുമാവ് | 620 കി.ഗ്രാം |
| കുരുമുളക് | 760 കി.ഗ്രാം |
| മരച്ചീനി | 8050 കി.ഗ്രാം |
| വാഴ | 24,000 കി.ഗ്രാം |
| തെങ്ങ് | 20,000 എണ്ണം |

# 5.2

# മൃഗസംരക്ഷണം

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ നടുവിൽ പ്രദേശത്തുള്ള മിക്ക തറവാടുകളിലും ' ഓരോരാലപ്പൈക്കാം ' ഉണ്ടായിരുന്നു. വലിയ ആലയിലും അതിനുമുന്നരെലെ പടാവിലും നിറയെ പൈക്കാം! ഒരു കാലി നോക്കുകാരൻ കറവക്കുശേഷം പശുക്കളെയും മൂരികളെയും തെളിച്ചുകൊണ്ടുപോവുന്നു. പ്രജനനം തുടങ്ങിയ കാര്യങ്ങാം ഈ കാലി കൂട്ടത്തിൽ സ്വാഭാവികമായി നടക്കും വൈകുന്നേരമാവുമ്പോാം തിരിയെ ആലയിലെത്തിക്കുന്നു. അതിനിടയിൽ പശുക്കളെ ' നരി പിടിച്ചുകൊണ്ടു പോയിയെന്ന് വരും ' ചത്ത പശുവിന്റെ കൊമ്പും തലയും ' മുതലാളി' കാട്ടിക്കൊടുക്കണമെന്ന് മാത്രം. ഇതോടൊപ്പം പശുക്കളെ കൂട്ടമായി പോറ്റുന്ന ജോലിയെടുത്തു നടത്തുന്ന പ്രൊഫഷണൽ കാലിവളർത്തുകാരുമുണ്ട്. കൊയ്ത്തുകഴിഞ്ഞ വയലുകളിൽ വലിയ പടാവു കാം കെട്ടി പശുക്കളെ പരിപാലിച്ച് പാൽ വ്യവസായാടിസ്ഥാനത്തിൽ മാർക്കറ്റിൽ കൊടുത്തു വന്നു. കാലം കഴിഞ്ഞു വന്നപ്പോാം ഭൂമി തുണ്ടുവൽക്കരിക്കപ്പെട്ടു, ഭൂപരിഷ്ക്കരണത്തോടെ മേച്ചിൽ സൗകര്യങ്ങാം കുറഞ്ഞു. പശു വളർത്തൽ തൊടികകത്തായി. കന്നുകാലികളെ പോറ്റാൻ കൊടുത്ത് തുടങ്ങി. ആദ്യത്തെ പ്രസവത്തിലെ കന്നു കുട്ടിയെ പ്രതിഫലമായി പോറ്റുന്ന ആാംക്ക് കൊടുക്കുമായിരുന്നു. അടുത്ത പ്രസവത്തിൽ 10-ാം ദിവസത്തിനകം പശുവിനെയും കിടാവിനെയും തിരികെ ഉടമസ്ഥന് ഏൽപ്പിച്ചുവന്നു ഇപ്പോാം സ്ഥിതിയാകെ മാറി വീടുകളിൽ ഒന്നോ രണ്ടോ പൈക്കാം നല്ല ജനുസുകളെയാണ് നോട്ടം. ഉൽപ്പാദനക്ഷമയുള്ള പശുക്കളെ വളർത്തി തുടങ്ങി. തൊഴുത്തിൽ നിന്ന് പുറത്തിറക്കാതെ പുല്ലരിഞ്ഞുകൊടുത്തായി ഇപ്പോാം മിക്കവാറും പശുപരിപാലനം

പൈതൽ മലയുടെ ഒരു ഭാഗം ഉാംപ്പെടുന്ന നടുവിൽ പഞ്ചായത്തിൽ മലയോര മേഖലകളിൽ കാട്ടുമൃഗങ്ങളായ , ആന, കാട്ടുപോത്ത്, കടുവ, പുലി, കുരങ്ങ്, കാട്ടുപന്നി, എന്നിവ മുൻപ് ധാരാളമുണ്ടായിരുന്നു. മനുഷ്യരുടെ കുടിയേറ്റം ശക്തമായതോടെ ഇവ മൈസൂർ വനങ്ങളിലേക്ക് മാറുകയോ വംശനാശം സംഭവിക്കുകയോ ചെയ്തു.

ഇപ്പോാം പഞ്ചായത്തിൽ ഏറ്റവും കൂടുതലുള്ള വളർത്തുമൃഗങ്ങാം പശു, ആട്,പട്ടി, പന്നി, എന്നിവയാണ്. നാണ്യവിള കാം വൻതോതിൽ കൃഷി ചെയ്യാനാരംഭിച്ചതോടെ ആടുമാട് വളർത്തൽ വിഷമകരമായിക്കൊണ്ടിരിക്കുകയാണ്. നൂറ്റാണ്ടിന്റെ ആരംഭദശയിൽ ഉണ്ടായിരുന്ന നാടൻ കന്നുകാലികളെ കൂട്ടംകൂട്ടമായി മേയ്ക്കുകയും ആലകളിൽ പാർപ്പിയ്ക്കുകയും ചെയ്യുന്ന സംവിധാനമാണുണ്ടായിരുന്നത്. അവയുടെ പ്രജനനപ്രവർത്തനങ്ങാം ഇതുകാരണം ഈ കൂട്ടത്തിൽ നിന്നും സ്വാഭാവികമായി തന്നെ നടക്കുകയായിരുന്നു.

ഉൽപ്പാദിപ്പിക്കപ്പെടുന്ന തുച്ഛമായ പാൽ ഗാർഹികാവശ്യങ്ങാംക്കും നെയ്യുണ്ടാക്കുവാനുമാണ് ഉപയോഗിച്ചിരുന്നത്. സങ്കരവർഗ്ഗകലിവളർത്തൽ വ്യാപകമായതോടെ പാലുൽപ്പാദനം വർദ്ധിച്ചുവരികയാണ് എങ്കിലും ശാസ്ത്രീയമായ പശു പരിപാലന ക്രമത്തിലെ



പ്രധാന ഘടകങ്ങളായ കൃത്രിമ ബീജദാനം, കന്നുകുട്ടി പരിപാലനം ശാസ്ത്രീയ ആഹാര ക്രമീകരണം, പ്രസവങ്ങാം തമ്മിലുള്ള ഇട വേള കുറക്കൽ എന്നിവയിൽ കർഷകർവേണ്ടത്ര ബോധവാൻമാരല്ല.

പഞ്ചായത്തിലെ 12 വാർഡുകളും പ്രവർത്തന പരിധിയാക്കിക്കൊണ്ട് 7 ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളും അവയുടെ സംഭരണ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ആകെ ഉൽപ്പാദനത്തിന്റെ 25% ആണ് ഇവയിലൂടെ സംഭരിക്കപ്പെടുന്നത്. സ്വകാര്യ പാൽ കച്ചവടക്കാർ ഇപ്പോാം പ്രവർത്തിക്കുന്നില്ല. ആകെ ഉൽപ്പാദനത്തന്റെ 75% അയൽക്കാർ , ചായക്കടകാം എന്നിവയിലൂടെ വിപണനം നടത്തുകയും സ്വന്തം ആവശ്യത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു.

പട്ടിക 5.2.1, പട്ടിക 5.2.2 കാണുക

പഞ്ചായത്തിലെ പാലുൽപ്പാദന ശരാശരി ദേശീയ ശരാശരിയായ 7120 ലി.നേക്കാാം താഴെയാണെന്ന് കാണാം. ഒരു വർഷം ഒരു കറവ മാടിൽനിന്നും 3000 ലി. പാൽ ഉൽപ്പാദി പ്പിക്കപ്പെടാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങാം പഞ്ചായത്തു തലത്തിൽ ആവിഷ്കരിക്കപ്പെടേണ്ടതായിട്ടുണ്ട്. 1995 ലെ കണക്ക് പ്രകാരം 30,00 0 ആളുകളുള്ള പഞ്ചായത്തിൽ പ്രതിദിനം 200 മി.ലി. വെച്ച് 6000 ലി. പാൽ ആഭ്യന്തര ഉപയോഗത്തിനാവശ്യമുണ്ട്. ഇതിന് ഉൽപ്പാദന വർദ്ധനവ് കൂടിയേ തീരൂ.

വിസ്തൃതമായിക്കിടക്കുന്ന ഈ പഞ്ചായത്തിൽ പുലിക്കുരുമ്പയിൽ ഒരുവെറ്റിനറി ആസ്പത്രിയും , പൊട്ടൻപ്ലാവിലും വെള്ളാടുമായി 2 ഐ.സി.ഡി.പി. സബ്സെന്ററുകളുമുണ്ട്. അകിടുവീക്കം, കുളമ്പുരോഗം, ധാതുലവണങ്ങളുടെ അഭാവത്താലുള്ള രോഗം , ദഹനസംബന്ധമായ രോഗങ്ങാം, ത്വക്ക് രോഗങ്ങാം എന്നിവയാണ് സാധാരണ കാണുന്ന രോഗങ്ങാം. അത്യാവശ്യത്തിന് വേണ്ട വാഹനസൗകര്യമോ ലബോറട്ടറി സൗകര്യമോ ഇല്ലാത്തതിനാലും ശരിയായ രീതിയിലുള്ള ചികിത്സ ലഭിക്കുന്നില്ല. വൻ തോതിൽ ആശുപത്രിയിൽ രോഗങ്ങാം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

പട്ടിക 5.2.3

തീർത്തും അപര്യാപ്തമായ ആശുപത്രിസൗകര്യവുമുപയോഗിച്ച്

ഇത്രയധികം രോഗങ്ങൾക്ക് ചികിത്സിക്കുമ്പോൾ ഒന്നിനും ശരിയായ ചികിത്സ കിട്ടിയിട്ടുണ്ടാവില്ല എന്നു കാണാമല്ലോ. പഞ്ചായത്തിൽ 3 കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു . വെറ്റിനറി ആശുപത്രിയുടെ കീഴിൽ 2 എണ്ണവും മിൽമയുടെ കീഴിൽ നടുവിൽ ക്ഷീരോൽപ്പാദക സഹകരണ സംഘത്തിൽ ഒരെണ്ണവും . സർക്കാർ വക കുത്തിവയ്പ്പിന് 18.50 രൂപയും മിൽമയുടേതിന് 33.00 രൂപയും ഈടാക്കുന്നു. (പട്ടിക 5.2.4 കാണുക)

പഞ്ചായത്തിൽ ധാരാളം കന്നുകാലികളുണ്ടെങ്കിലും 45 ബയോഗ്യാസ് പ്ലാന്റുകളെ ഉള്ളൂ. ഇതിൽ ചിലത് പ്രവർത്തിക്കുന്നില്ല. പൈപ്പ് ബന്ധിപ്പിക്കുമ്പോൾ ഉള്ള ജോയിന്റിലൂടെയും മറ്റും ഗ്യാസ് ലീക്കാവുന്നതിനാലാണ് പലതും പ്രവർത്തനക്ഷമമല്ലാത്തത്. ഇതിന് ശരിയായ ടെക്നോളജി ആവശ്യമാണ്. ആവശ്യമായ ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകിയാൽ ഒട്ടേറെ വീടുകളിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ട ഇന്ധനം ഇതുവഴി കണ്ടെത്താൻ കഴിയും. ഗ്യാസ് നിർമ്മിച്ചതിനു ശേഷമുള്ള ചാണകം-സ്ലറി-ഏറ്റവും മികച്ച വളമാണ്. നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ മാംസാവശ്യത്തിനായി ധാ രാ ളം ആടുമാടുകളെ അയൽ സംസ്ഥാനമായ കർണ്ണാടകയിൽ നി ന്നും വള്ളിത്തോട് ചന്ത വഴി കൂട്ടംകൂട്ടമായി കൊണ്ടുവരികയാണ് ചെ യ്യുന്നത്. ഇവയുടെ രോഗാവസ്ഥയോ, പ്രായമോ കണക്കാക്കപ്പെടു ന്നില്ല. ലൈസൻസുള്ള ശരിയായി പ്രവർത്തിക്കുന്ന അറവുശാലകൾ പഞ്ചായത്തിൽ ഇല്ലാ യെങ്കിലും പ്രാദേശികമായി എല്ലായിടത്തും തന്നെ കശാപ്പുകൾ നടത്തുന്നുണ്ട്.

പഞ്ചായത്തിൽ 1996ലെ സെൻസസ് പ്രകാരം 2750 ആടുകളുണ്ട്. മുഖ്യമായും മാംസാവശ്യത്തിനാണ് ഇവയെ വളർത്തുന്നത്. പെട്ടെന്ന് പെരുകുകയും വളരുകയും ചെയ്യുന്നതിനാൽ ഇതു നല്ല വരുമാന മാർഗ്ഗമാണ്.

വ്യാപകമായ തോതിലില്ലെങ്കിലും മുയൽ വളർത്തലും പഞ്ചാ യത്തിലുണ്ട്. മാംസാവശ്യത്തിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിനാൽ ആനുകൂല്യങ്ങൾ നൽകി മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. പഞ്ചായത്ത ിൽ ചില പോക്കറ്റുകളിൽ പന്നി വളർത്തലുണ്ട് . സങ്കരവർഗ്ഗത്തിൽപ്പെട്ട 3200 പന്നികൾ പഞ്ചായത്തിലുണ്ട്. 3 ക്വിന്റൽ തൂക്കം വരെയുണ്ടാവുന്നതിനാൽ വിപണനത്തിനുണ്ടാവുന്ന ബുദ്ധിമുട്ട് പ്രധാനവിഷയമാണ്. മാംസസംസ്കരണ ശാലകൾ പഞ്ചായത്തിലില്ല. ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിച്ചാൽ മാംസത്തിന്റെ ആവശ്യം പരിഹരിക്കാൻ ഇവ നിർണ്ണായകമാകും. 2 പന്നി വളർത്തൽ യൂണിറ്റ് നിലവിലുണ്ട്.

1996 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 3620 പട്ടികളുണ്ട്. ഇതിൽ 1800 എണ്ണത്തിനെ പേവിഷത്തിനുള്ള പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട്. 1200 എണ്ണത്തിന് ലൈസൻസുണ്ട്. 1000 എണ്ണത്തിന് പഞ്ചായത്ത് നശിപ്പിച്ചു.മിക്ക വീടുകളിലും പൂച്ചകളെ വളർത്തുന്നു. (പട്ടിക 5.2.5.)

ഏകദേശം 75% വീടുകളിലും കോഴി വളർത്തലുണ്ട്. ഗിനി, ഖാംഗം, തുടങ്ങി മേൽത്തരം വർഗ്ഗത്തിലുള്ള കോഴികളെയും കാടകളെയും ചുരുക്കം ചിലർ വളർത്തുന്നുണ്ട്. ഇറച്ചിക്കും, മുട്ടക്കും വേണ്ടിയുള്ള കോഴിവളർത്തൽ വ്യാപകമായുണ്ടെങ്കിലും, ഇവ മതിയാവാത്തതിനാൽ പഞ്ചായത്തിന് പുറമേ നിന്നും ഇറക്കുമതി ചെയ്യുന്നു. പഞ്ചായത്തിൽ 6 ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുണ്ട്.

നിലവിലുള്ള കന്നുകുലികളുടെ കണക്ക് എടുക്കുമ്പോൾ ചുരുങ്ങിയത് 5000 ടൺ കാലിതീറ്റ പ്രതിവർഷം പഞ്ചായത്തിനാവശ്യമുണ്ട്. കർഷകർ പരമ്പരാഗത രീതിയിലുള്ള കടലപ്പിണ്ണാക്ക്, പച്ചരിക്കഞ്ഞി എന്നിവ കൊടുത്താണ് പശുക്കളെ വളർത്തുന്നത്, പ്രോട്ടീൻ , അന്നജം, കൊഴുപ്പ്, ഇവ മാത്രമേ ഇതിൽ നിന്നും ലഭിക്കൂ. ധാതുലവണങ്ങളും, വൈറ്റമിൻസും ലഭിയ്ക്കായ്കയാൽ പ്രത്യുൽപ്പാദനത്തിൽ കാലികൾ വളരെ പുറകിലാണ്. ആയതിനാൽ സമീകൃത കാലിത്തീറ്റ പ്രോത്സാഹിപ്പിക്കേണ്ടതാണ്. (പട്ടിക 5.2. 6)

ഗുണനിലവാരം കൂടിയ 200 ടൺ കാലിത്തീറ്റ മാത്രമേ സംഘങ്ങളിലൂടെ വിൽപ്പന നടത്തുന്നുള്ളൂ. സ്വകാര്യ കച്ചവടക്കാർ ഏറ്റവും ഗുണം കുറഞ്ഞ കാലിത്തീറ്റയാണ് വിൽപ്പന നടത്തുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ ഉൽപ്പാദനക്ഷമത കുറയാൻ ഇത് ഇടയാക്കുന്നു.

ഈ സാഹചര്യത്തിൽ കാലിത്തീറ്റ ഫാക്ടറികൾ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളിൽ തേങ്ങാപ്പിണ്ണാക്ക്, ചക്കക്കുരു, മരച്ചീനി, കാപ്പിത്തോട്, കൊക്കോത്തോട്, റബ്ബർക്കുരുപ്പിണ്ണാക്ക് എന്നിവ പഞ്ചായത്തിൽ ലഭ്യമാണ്.

ഏകദേശം 3000 ടൺ കോഴിത്തീറ്റ പഞ്ചായത്തിൽ ലഭ്യമായ കോഴികളുടെ കണക്ക് പ്രകാരം ആവശ്യമുണ്ട്. ഇതിൽ പകുതിയെങ്കിലും ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ നടപടികൾ എടുക്കണം.

പഞ്ചായത്തിൽ 2 വനിതാക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതല അപെക്സ് സംഘം പ്രവർത്തനം ആരംഭിക്കാത്തതിനാൽ മാർക്കറ്റിംഗ് പ്രശ്നമാണ്. ക്ഷീരോൽപ്പന്നങ്ങളുടെ അവശ്യകതയെക്കുറിച്ചു ബോധവൽക്കരണം ആവശ്യമാണ്.

## പ്രധാന പ്രശ്നങ്ങൾ.

1. ഉല്പാദന ചെലവിനനുപാതികമായി പാലിന് വിലലഭിക്കുന്നില്ല. (പട്ടിക5.2.7)
2. കാലിത്തീറ്റയുടെ വിലക്കയറ്റം.
3. 70% കർഷകരും ഗുണനിലവാരമില്ലാത്ത കാലിത്തീറ്റയാണ് ഉപയോഗിക്കുന്നത്.
4. മേച്ചിൽ സ്ഥലങ്ങൾ ലഭ്യമല്ല.
5. തീറ്റപ്പുല്ല്, വൈയ്ക്കോൽ ഇവ ആവശ്യത്തിനു ലഭിക്കുന്നില്ല.
6. വൈക്കോലിൽ യൂറിയാ ട്രീറ്റുമെന്റ് ചെയ്ത് പച്ച പുല്ലിന്റെ

ഗുണനിലവാരത്തിലെത്തിക്കുവാനുള്ള സൗകര്യമില്ല

7. മൃഗാസ്പത്രിയിൽ ഡോക്ടറുടെ സേവനം യഥാവസരം ലഭിക്കുന്നില്ല.

8. ആശുപത്രിയ്ക്ക് കെട്ടിടം പണിതിട്ടില്ല.

9. ആശുപത്രിയിൽ വാഹന-ലബോറട്ടറി സൗകര്യമില്ല.

10. കറവുമാടുകളെ വാങ്ങുന്നതിന് ഉദാര വ്യവസ്ഥയിൽ, കുറഞ്ഞ പലിശയിൽ സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

11. മറ്റു കാർഷിക വായ്പകളുമായി താരതമ്യപ്പെടുത്തുമ്പോൾ കറവുമാടു വായ്പകൾക്കു സബ്സിഡി ലഭിക്കുന്നില്ല.

12. അലഞ്ഞുതിരിയുന്ന പട്ടികളെ യഥാവസരം പിടിക്കുന്നതിന് നടപടികളില്ല.

13. പുഴയിലും തോട്ടിലും തോട്ട, നഞ്ച്, എന്നിവയുപയോഗിച്ച് നടത്തുന്ന മലിനീകരണം തടയുന്നില്ല.

14. കോഴിക്കുഞ്ഞുങ്ങളെ ആവശ്യത്തിന് ലഭിക്കുന്നില്ല.

15. ശാസ്ത്രീയമായ രീതിയിൽ തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായം ലഭിക്കുന്നില്ല.

16. കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള സഹായം ലഭിക്കുന്നില്ല.

17. പുൽകൃഷി വികസനത്തിനാവശ്യമായ സഹായം ലഭിക്കുന്നില്ല.

18. വളർത്ത് മൃഗങ്ങൾക്ക് രോഗപ്രതിരോധ കുത്തിവെയ്പ്പിനുള്ള സൗകര്യം ലഭിക്കുന്നില്ല.

19. കാഫ് ഫീഡ് സബ്സിഡി സ്കീം ഗ്രാമങ്ങളിലെത്തുന്നില്ല.

20. ശാസ്ത്രീയ പശു പരിപാലനത്തിനായുള്ള വിജ്ഞാന വ്യാപന പദ്ധതികളൊന്നും ആസൂത്രണം ചെയ്യുന്നില്ല.

21. ക്ഷീര കർഷകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1. കുട്ടിപ്പുല്ല് എന്ന സ്ഥലത്തുള്ള സർക്കാർ ഭൂമിയിൽ തീറ്റപ്പുല്ല് കൃഷി ചെയ്യുക.

2. നിലവിലുള്ള തീറ്റപ്പുല്ല് സബ്സിഡി നാമമാത്ര കർഷകർക്കും ലഭ്യമാക്കുക.

3. തീറ്റപ്പുൽ കൃഷിത്തോട്ടങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുക.

4. പുതിയ തീറ്റപ്പുൽ തൈകൾ വിതരണം ചെയ്യുക.

5. വൈക്കോൽ സംഭരിച്ച് വിതരണംചെയ്യുക.

6. വൈക്കോലിന് പച്ചപ്പുല്ലിന്റെ ഗുണനിലവാരം ലഭിക്കുന്നതിന് വേണ്ടിയുള്ള യൂറിയാസംപുഷ്ടീകരണം നടത്തുന്നതിനുവേണ്ടി സഹായംചെയ്യുക.

7. വർഷകാലത്ത് അധികമായുണ്ടാകുന്ന പച്ചപ്പുല്ല് സൂക്ഷിച്ചു വെക്കുന്ന രീതികൾക്ക് സബ്സിഡി നൽകുക.

8. ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നതിന് പ്രാദേശികമായി കാലിത്തീറ്റ യൂണിറ്റുകൾ തുടങ്ങുക.

9. കോഴിത്തീറ്റ ഫാക്ടറികൾ സ്ഥാപിക്കുക.

10. കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം ചെയ്യുക.

11. ലോണുകൾ ഉദാരവൽക്കരിക്കുക.

12. കൃത്രിമ ബീജാധാനത്തിനുള്ള വ്യത്യസ്ത നിരക്കുകൾ ഏകീകരിക്കുക.

13. കന്നുകുട്ടി പരിപാലന സ്കീമുകൾ ഗ്രാമങ്ങളിലെത്തിക്കുക.

14. കന്നുകുട്ടികൾക്കാവശ്യമായ മരുന്ന്, മീനെണ്ണ, മിനറൽസ് എന്നിവ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15. കന്നുകാലി/കന്നുകുട്ടി പ്രദർശനങ്ങൾ നടത്തുക.

16. കറവമാടുകളെ ഇൻഷ്വർ ചെയ്യുക.

17. മാതൃകാ കാലിത്തൊഴുത്തിനുള്ള സ്കീമുകൾ വിപുലീകരിക്കുക.

18. നിലവിലുള്ള വെറ്റിനറി ആസ്പത്രി പോളിക്ലിനിക്ക് ആക്കുക.

19. വായാട്ടുപറമ്പ്, വെള്ളാട്, നടുവിൽ എന്നിവിടങ്ങളിൽ മൃഗാശുപത്രി സ്ഥാപിക്കുക.

20 ആസ്പത്രിയുടെ മേൽ നോട്ടത്തിനായി ഉപദേശക സമിതി രൂപീകരിക്കുക.

21. പ്രതിരോധ കുത്തിവെപ്പുകൾ യഥാസമയം നടത്തുക.

22. മൃഗാശുപത്രിക്ക് അനുവദിച്ചിരിക്കുന്ന കെട്ടിടം ഉടൻ പണിയുക.

23. വായാട്ടുപറമ്പിൽ ഐ.സി.ഡി.പി. സബ്സെന്റർ തുടങ്ങുക.

24. മൊബൈൽ വെറ്റിനറി ഹോസ്പിറ്റൽ നടപ്പിലാക്കുക.

25. പശുപരിപാലന സെമിനാറുകൾ നടത്തുക.

26. ക്ഷീരകർഷകന് പെൻഷൻ ഏർപ്പെടുത്തുക.

27. ഉൽപ്പാദനത്തിനാനുപാതികമായി വില നിർണ്ണയിക്കുക.

28. ക്ഷീരോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.

29. മാതൃകാ ഡയറിഫോം നടപ്പിലാക്കുക.

30. ചെറുകിട ആടുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.

31. മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക.

## മത്സ്യബന്ധനം.

പുഴകളോ, കടൽത്തീരമോ, പൊതുകുളങ്ങളോ ഇല്ലാത്ത പ്രദേശമാണ് നടുവിൽ പഞ്ചായത്ത് ആശാൻകവല തുരുമ്പി വഴി കണിയാൻചാൽ വന്ന് കരുവൻചാലിലൂടെ കടന്നു പോകുന്ന ഒരു വലിയ തോട് പഞ്ചായത്തിലുണ്ട്. അനേകം ചെറിയ തോടുകളുമുണ്ട്. ശുദ്ധജല മത്സ്യകൃഷിയെക്കുറിച്ച് ആളുകൾക്ക് സാങ്കേതികജ്ഞാനം ഇല്ലാത്തതിനാൽ ഉപയോഗത്തിനായി കടൽമത്സ്യങ്ങളെയാണ് ആശ്രയിക്കുന്നത്. കടൽ മത്സ്യം എല്ലായ്പ്പോഴും ലഭിക്കുന്നില്ല. സ്വന്തമായി കുളങ്ങൾ കുഴിച്ച് മത്സ്യകൃഷി ചെയ്യുവാൻ കുറച്ചുപേർ തയ്യാറാകുന്നുണ്ട്. പക്ഷേ മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുവാനുള്ള പ്രയാസമുണ്ട്. വേനൽക്കാലങ്ങളിൽ തോടുകളിൽ തോട്ട, നഞ്ച് എന്നിവയുപയോഗിച്ച് മീൻ പിടിക്കുന്നതിനാൽ ജല മലിനീകരണം, മത്സ്യങ്ങളുടെ വംശനാശം എന്നിവ സംഭവിക്കുന്നുണ്ട്.

## നിർദ്ദേശങ്ങൾ

1. ശുദ്ധജല മത്സ്യകൃഷിക്കുവേണ്ടി കുളങ്ങൾക്കുള്ള സഹായം ചെയ്യുക.

2. മത്സ്യക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക.

3. കോൾഡ് സ്റ്റോറേജ് സൗകര്യം എർപ്പെടുത്തുക.

4. പഞ്ചായത്തിലുള്ള ജല സമ്പത്ത് ഉപയോഗിച്ച് മത്സ്യകൃഷി ചെയ്യുക.

## പട്ടിക-5.2.1.പശുക്കളുടെ വിവരം

| വാർഡ് | നാടൻ പശു | | സങ്കരയിനം | | എരുമകരം | | ആകെ |
|---|---|---|---|---|---|---|---|
| | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | കറവയുള്ളത് | കറവയില്ലാത്തത് | |
| 1 | 25 | 50 | 400 | 200 | 20 | 15 | 710 |
| 2 | 10 | 20 | 300 | 250 | 5 | 10 | 595 |
| 3 | 20 | 30 | 275 | 250 | 10 | 25 | 610 |
| 4 | 10 | 15 | 300 | 275 | 5 | 10 | 615 |
| 5 | 5 | 15 | 325 | 300 | 5 | 10 | 660 |
| 6 | 10 | 20 | 300 | 275 | 10 | 20 | 635 |
| 7 | 5 | 20 | 325 | 150 | 5 | 10 | 515 |
| 8 | | | 275 | 200 | 5 | 5 | 480 |
| 9 | 20 | 30 | 300 | 250 | 5 | 25 | 630 |
| 10 | 20 | 40 | 275 | 250 | 20 | 20 | 605 |
| 11 | 10 | 25 | 300 | 250 | | | 585 |
| 12 | 20 | 30 | 275 | 250 | | | 575 |
| ആകെ | 155 | | 3650 | | 65 | | 7215 |

## പട്ടിക-5.2.2. 1995-96 വർഷം സംഘങ്ങളിലൂടെ സംഭരിച്ച പാൽ, പഞ്ചായത്തിൽ വിറ്റഴിച്ചത്, പുറത്തേയ്ക്ക് കയറ്റിഅയച്ചത് (ലിറ്ററിൽ)

| ക്രമ ന. | സംഘത്തിന്റെ പേര് | ആകെ സംഭരണം | പഞ്ചായത്തിൽ വിൽപന നടത്തിയത് | പുറത്തേയ്ക്ക് അയച്ചത് |
|---|---|---|---|---|
| 1 | നടുവിൽ | 146643.9 | 41760.2 | 104883.7 |
| 2 | വെള്ളാട് | 54750.0 | 12775.0 | 41975.0 |
| 3 | വിജയപുരം | 46957.0 | 13037.0 | 33920.0 |
| 4 | പുലിക്കുരുമ്പ | 74880.0 | 9000.0 | 65880.0 |
| 5. | നസ്രത്ത് | 84396.1 | 7054.9 | 77341.2 |
| 6. | വിളക്കണ്ണൂർ | 27144.4 | 4327.5 | 22816.9 |
| 7. | പാത്തൻപാറ | 36000.0 | 3600.0 | 32400.0 |
| ആകെ | | 470771.4 | 91554.6 | 379216.8 |

## പട്ടിക 5.2.3 1995-96 രേഖപ്പെടുത്തിയ രോഗങ്ങൾ

| ക്ര.ന. | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി |
|---|---|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 950 | 20 | 150 | 50 | |
| 2. | ശ്വാസകോശ സംബന്ധമായ | 50 | | 10 | | 2000 |
| 3. | ഉപാപചയസംബന്ധമായ | 600 | | 10 | | |
| 4. | ത്വക്ക് രോഗങ്ങൾ | 1200 | | 25 | - | 200 |
| 5. | ധാതുലവണങ്ങളുടെ അഭാവം | 1500 | 25 | 50 | 50 | |
| 6. | പരാദരോഗങ്ങൾ | 1200 | 50 | 100 | 50 | 1000 |
| 7. | പ്രത്യുൽപാദന വ്യവസ്ഥയുമായി | 700 | - | | | |
| 8. | വന്ധ്യത | 500 | 5 | | | |
| 9. | അകിടുവീക്കം | 420 | | 50 | | |
| 10 | മുടന്തൻ പനി | 310 | | | | |

## പട്ടിക 5.2.4 കൃത്രിമ ബീജാധാനം

| ക്രമ.ന. | ഇനം | ബീജസങ്കലനം നടത്തിയത് | ഒന്നിലധികം തവണ ബീജസങ്കലനം നടത്തിയത് | ആകെ |
|---|---|---|---|---|
| 1 | പശു | 1643 | 156 | 1799 |
| 2 | കിടാരി | 500 | 200 | 700 |
| 3 | എരുമ | 50 | 10 | 60 |
| ആകെ | | | | 2559 |

## പട്ടിക. 5.2.6. സംഘങ്ങളിലൂടെ വിൽപ്പന നടത്തിയ കാലിത്തീറ്റ

| ക്ര.ന. | സംഘം | തൂക്കം(കിലോ.) |
|---|---|---|
| 1 | നടുവിൽ | 38100.00 |
| 2. | പുലിക്കുരുമ്പ | 26500.00 |
| 3. | നസ്രത്ത് | 48743.00 |
| 4. | വിളക്കണ്ണൂർ | 9000.00 |
| 5. | വെള്ളാട് | 25000.00 |
| 6. | പാത്തൻപാറ | 18000.00 |
| 7. | വിജയപുരം | 22000.00 |
| ആകെ | | 187343.00 |

## പട്ടിക 5.2.5 വളർത്തു പക്ഷിസംഖ്യ-1996 സെൻസസ്

| വാർഡ് | പൂവൻകോഴി | പിടക്കോഴി: മുട്ടയിടുന്നത് | പിടക്കോഴി: മുട്ടയിടാത്തത് | ആകെ | മുട്ടയുൽപ്പാദനം |
|---|---|---|---|---|---|
| 1. | 1400 | 2800 | 2100 | 6300 | 700 |
| 2. | 1100 | 4100 | 2600 | 7800 | 1000 |
| 3. | 800 | 3600 | 3100 | 7500 | 900 |
| 4 | 1000 | 4500 | 3000 | 8500 | 1100 |
| 5 | 1500 | 5000 | 4000 | 10500 | 1200 |
| 6 | 1000 | 4500 | 3500 | 9000 | 1100 |
| 7. | 1250 | 5000 | 2000 | 8250 | 1100 |
| 8. | 1000 | 4000 | 4000 | 9000 | 1000 |
| 9 | 1400 | 3500 | 3000 | 7900 | 850 |
| 10. | 1200 | 4500 | 3500 | 9200 | 1100 |
| 11. | 1500 | 4000 | 3000 | 8500 | 1000 |
| 12. | 1000 | 5000 | 3000 | 9000 | 1100 |
| ആകെ | 14150 | 50500 | 36800 | 101450 | 12150 |

## പട്ടിക 5.2.7

| ക്ര.ന. | സാധനവിവരം | വില 1984 | വില 1992 | വില 1996 | വർദ്ധന% |
|---|---|---|---|---|---|
| 1 | പിണ്ണാക്ക് | 2.85 | 5.70 | 11.50 | 304 |
| 2. | കാലിത്തീറ്റ | 1.80 | 3.40 | 5.15 | 203 |
| 3. | വൈക്കോൽ | 0.96 | 1.84 | 3.50 | 257 |
| 4. | പാൽ | 3.5 | 6.10 | 8.65 | 174 |



# 5.3.വ്യവസായം

നമ്മുടെ പഞ്ചായത്ത് ഭൂമിശാസ്ത്രപരമായി കാർഷിക മേഖലയാണ്. വ്യാവസായികമായി വളരെപിന്നോക്കവുമാണ്. അതുകൊണ്ട് തന്നെ 20-ാം നൂറ്റാണ്ടിന്റെ ഈ സായന്തനത്തിലും സ്വകാര്യമേഖലയിലോ, പൊതുമേഖലയിലോ ഒരു വൻകിട വ്യവസായ യൂണിറ്റ് ഈ പഞ്ചായത്തിലില്ല. 1982 ൽ നടുവിൽ, പൊട്ടംപ്ലാവ്, പാത്തംപാറ എന്നീ മേഖലകളിൽ സ്ഥാപിക്കപ്പെട്ട ഖാദി വ്യവസായ യൂണിറ്റുകളാണ് എടുത്തു പറയാ വുന്നത്. 1994 ൽ കണ്ണൂർ ജില്ലാ സഹകരണ റബ്ബർ ആന്റ് അഗ്രി ക്കാംച്ചറൽ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ വിളക്കണ്ണൂരിൽ സ്ഥാപിച്ച സെൻട്രി ഫ്യൂഗിങ് റബ്ബർ ലാറ്റക്സ് ഫാക്ടറിയാണ് ഒരു പ്രധാന വ്യവസായ സ്ഥാപനം. അതിനുശേഷം വ്യവസായ സ്ഥാപ നങ്ങൾ ആരംഭിച്ചിട്ടില്ല.

നടുവിൽ, പുലിക്കുരുമ്പ, കരുവൻചാൽ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മെറ്റൽ ഇൻഡസ്ട്രീസ്, ഈർച്ചമില്ല്, വർക്ക് ഷോപ്പുകൾ, അച്ചടി വ്യവസായം, ഹോളോബ്രിക്സ്, കരിങ്കൽ, ചെങ്കൽ ക്വോറികൾ, ഓയിൽ മില്ല് തുടങ്ങിയ വ്യവസായങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ( നോക്കു പട്ടിക5.3.1)

## പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

നടുവിൽ പഞ്ചായത്തിലെ ആദിവാസി മേഖലകളിൽ വ്യാപകമായ തോതിൽ കൊട്ട, വട്ടി, പനമ്പ് തുടങ്ങിയവയുടെ ഉൽപ്പാദനം ഗണ്യമായ തോതിൽ നടന്നിരുന്നു. 1970 കൾക്ക് ശേഷം ഇവയുടെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞു. അസംസ്കൃത സാധനങ്ങളുടെ കുറവും, വൈവിധ്യ ത്തിന്റെ അഭാവവും, വിദഗ്ധരായ തൊഴിലാളികളുടെ കുറവും മൂല മാണ് പ്രസ്തുത വ്യവസായം തകരാൻ കാരണം. എങ്കിലും നാമമാ ത്രമായി ചില ആദിവാസി കുടിലുകളിൽ ഈ വ്യവസായങ്ങൾ ഇന്നും നിലനിൽക്കുന്നു. അതു പോലെ കള്ള് ചെത്ത് വ്യവസാ യവും പഞ്ചായത്തിലെ മിക്ക മേഖലകളിലും നിലനിൽക്കുന്നു.

## വ്യവസായ മേഖലയിലെ സ്ത്രീപങ്കാളിത്തം

നടുവിൽ പഞ്ചായത്തിൽ കാർഷിക മേഖലയിലാണ് സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്നത്. എന്നിരുന്നാലും ഖാദി, പ്രസ്സ്, കരിങ്കൽ ക്വാറികൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരിൽ സ്ത്രീകളാണധികവും. (പട്ടിക 5.3.2)

വിളക്കണ്ണൂരിൽ സഹകരണ മേഖലയിൽ ഒരു യന്ത്രവൽകൃത ചകിരി വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇത് നിലവിൽ വന്നാൽ 30 ഓളം സ്ത്രീകൾക്കും 15 ഓളം പുരുഷൻമാർക്കും നേരിട്ട് തൊഴിൽ ലഭ്യമാകും. അതുപോല തന്നെ പഞ്ചായത്തിൽ ഇന്ന് വിപണന സാധ്യതയില്ലാത്ത ചകിരി ഉപയോഗപ്പെടുത്താൻ ഇത് സഹായകമാകും. ഇത് വഴി പരോക്ഷമായി കുറച്ചാളുകൾക്ക് തൊഴിൽ ലഭിക്കും.

കണ്ണൂർ ജില്ലയിലെ സഹകരണ റബ്ബർ ആന്റ് അഗ്രിക്കാംച്ചറൽ മാർക്കറ്റിംങ് സൊസൈറ്റിയുടെ കീഴിൽ വിളക്കണ്ണൂരിൽ ഒരു നാളികേര സംസ്കരണ ഫാക്ടറി തുടങ്ങുവാൻ ആലോചിച്ചു വരുകയാണ്. പ്രതിദിനം 40,000 തേങ്ങ സംസ്കരിച്ച് വിപണനം നടത്താൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ പ്രൊജക്ട് പൂർണ്ണമായ തോതിൽ ഉൽപ്പാദനം ആരംഭിച്ചു കഴിഞ്ഞാൽ നിരവധി ആളുകൾക്ക് തൊഴിൽ ലഭ്യമാകും. മാത്രമല്ല പഞ്ചായത്തിലെ നാളികേര കർഷകർക്ക് അവരുടെ ഉൽപ്പന്നത്തിന് ന്യായമായ വില ലഭിക്കുകയും ചെയ്യും.

## പ്രശ്നങ്ങൾ

1. ഖാദി വ്യവസായ യൂണിറ്റ് വമ്പിച്ച് പ്രതിസന്ധിയെ നേരിടുന്നു. കുറഞ്ഞ വേതന നിരക്ക് കാരണം തൊഴിലാളികളുടെ എണ്ണം ദിനം പ്രതി കുറയുന്നു.
2. വൈദ്യുത കണക്ഷൻ ലഭിക്കാനുള്ള താമസം, പവർക്കട്ട്, വോൾട്ടേജ് ക്ഷാമം എന്നിവ ചെറുകിട വ്യവസായ സംരംഭത്തെ ദോഷകരമായി ബാധിക്കുന്നു.
3. വ്യവസായ മേഖലകളെ തിരഞ്ഞെടുക്കുവാനുള്ള വ്യക്തമായ മാർഗ്ഗ നിർദ്ദേശത്തിന്റെ അഭാവം.
4. തൊഴിലാളികളുടെ സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്.
5. പരമ്പരാഗത കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, പരിശീലിപ്പിക്കുന്നതിനും ഉള്ള ശ്രമത്തിന്റെ കുറവ്.
6. വായ്പകളും വ്യവസായ സബ്സിഡിയും യഥാസമയം കിട്ടായ്മ.
7. വൻകിട കമ്പനികളുടെ ഉൽപ്പന്നങ്ങളുമായി മത്സരിക്കാൻ കഴിവില്ലായ്മ.
8. ഗതാഗത സൗകര്യത്തിന്റെ കുറവ്.
9. അസംസ്കൃത പദാർത്ഥങ്ങളുടെ കുറവ്.
10. കണ്ണൂർ ലാറ്റക്സിന്റെ വിളക്കണ്ണൂരുള്ള ഫാക്ടറിയുടെ പരിസര മലിനീകരണ പ്രശ്നം.

## സാദ്ധ്യതകൾ

1. വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.
2. നിലവിലുള്ള വ്യവസായങ്ങൾക്കും പുതിയവക്കും ആവശ്യമായ

അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുക.

3. സംരംഭകർക്ക് പരിശീലനം ഏർപ്പെടുത്തുക.

4.സാങ്കേതിക പരിജ്ഞാനമുള്ളവരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുക.

5.പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളും ഉപയോഗിച്ച് താഴെ പറയുന്ന വ്യവസായ യൂണിറ്റുകളും ആരംഭിക്കാം.

5.1 റബ്ബറധിഷ്ഠിത വ്യവസായങ്ങളും

5.2 . കറിപൗഡർ നിർമ്മാണം.

5.3. കശുമാങ്ങയിൽ നിന്നും ജാം, സ്ക്വാഷ്, ഫെനി തുടങ്ങിയവ ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾ.

5.4 ക്രമ്പ് റബ്ബർ സംസ്കരണ യൂണിറ്റുകളും

5.5. തേങ്ങാ വെള്ളത്തിൽ നിന്നും വിനാഗിരി ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകളും.

5.6. കരിക്കിൻ പാനീയ യൂണിറ്റുകളും.

5.7. മരം ,ചിരട്ട, ചകിരി തുടങ്ങിയവ കൊണ്ടുള്ള കരകൗശല വസ്തു നിർമ്മാണ യൂണിറ്റുകളും

5.8.അടയ്ക്കാ തോട് ഉപയോഗിച്ച് ഹാർഡ് ബോർഡ് നിർമ്മാണം

5.9. കശുവണ്ടി ഫാക്ടറികളും.

### വിജയ സാദ്ധ്യതയുള്ള മറ്റു വ്യവസായ യൂണിറ്റുകളും

1. സോപ്പ് നിർമ്മാണ യൂണിറ്റ്.
2. മെഴുകുതിരി യൂണിറ്റ്.
3. ശാസ്ത്രീയ, കോഴി, പന്നി, മുയൽ, വളർത്തൽ യൂണിറ്റുകളും.
4. കോഴിത്തീറ്റ കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്.
5. വുഡ് ഫർണ്ണിച്ചർ നിർമ്മാണ യൂണിറ്റ്
6. റബ്ബർ ചെരുപ്പ് നിർമ്മാണ ഫാക്ടറി.
7. ലെതർ ഗുഡ്സ് നിർമ്മാണ യൂണിറ്റ്.
8. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്.
9. ഇനാമൽ, പെയിന്റ് നിർമ്മാണ യൂണിറ്റ്.
10. ഇലക്ട്രിക്കൽ എൻജിനീയറിങ് വർക്ക്ഷോപ്പ്.
11. ജനറൽ എൻജിനീയറിങ് വർക്ക് യൂണിറ്റ്.
12. ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ്.
13. സിന്തറ്റിക് വിനാഗിരി നിർമ്മാണ യൂണിറ്റ്.
14. ഇലക്ട്രോണിക് അസംബ്ലിംങ് യൂണിറ്റ്.
15. പി.എം.ആർ.വൈ. സ്കീം പഞ്ചായത്തിലൂടെ നടപ്പിലാക്കുക

## പട്ടിക 5.3.1

| നിലവിലുള്ള വ്യവസായങ്ങളും | ഉൽപ്പന്നങ്ങളും |
|---|---|
| ഖാദി വ്യവസായം | നൂൽനൂൽപ്പ്,നെയ്ത്ത് |
| കണ്ണൂർ ലാറ്റക്സ് | ലാറ്റക്സ് സെന്റർ ഫ്യൂഗിങ് |
| പ്രസ്സ് | അച്ചടി |
| ഈർച്ച മില്ലുകളും | തടിയുൽപ്പന്നങ്ങളും |
| ഫർണ്ണിച്ചർ ഷോപ്പ് | ഗൃഹോപകരണങ്ങളും |
| ഓയിൽ മില്ല് | വെളിച്ചെണ്ണ |
| ഫ്ളവർ മില്ല് | ധാന്യങ്ങളും |
| എഞ്ചിനീയറിങ് വർക്സ് | ഓട്ടോ മൊബൈൽസ് വർക്സ് |
| സർവ്വീസ് സ്റ്റേഷൻ | സർവ്വീസിങ് |
| ബേക്കറി | ബേക്കിങ് ഉൽപ്പന്നങ്ങളും |
| മെറ്റൽ ഇൻഡസ്ട്രീസ് | ഷട്ടർ, ഗ്രിൽസ് |
| ഹോളോബ്രിക്സ് ഇൻഡസ്ട്രീസ് | ഹോളോബ്രിക്സ് |
| കുമ്മായച്ചൂള | കുമ്മായം, കക്ക |
| ചെങ്കൽ ക്വോറി | വെട്ടുകല്ല് |
| കരിങ്കൽ ക്വോറി | ജെല്ലി |
| സോഡാ നിർമ്മാണം | സോഡ |
| അടയ്ക്കാ സംസ്കരണ യൂണിറ്റ് | തരം തിരിച്ച അടയ്ക്ക |

# പട്ടിക 5.3.2

## തൊഴിൽ പങ്കാളിത്ത നിരക്ക്

| ക്രമ. | ആകെ യൂണിറ്റുകൾ | തൊഴിലാളികളുടെ എണ്ണം | | ശരാശരി ദിവസകൂലി | |
|---|---|---|---|---|---|
| | | സ്ത്രീ | പുരു | പുരു | സ്ത്രീ |
| 1. ഖാദി വ്യവസായം | 4 | 72 | 1 | 40 | 20 |
| 2. കണ്ണൂർ ലാറ്റക്സ് | 1 | - | 20 | 60 | - |
| 3. പ്രസ്സ് | 3 | 10 | 6 | 65 | 30 |
| 4. മര വ്യവസായം | 4 | - | 28 | 80 | - |
| 5. ഫർണിച്ചർ ഷോപ്പുകൾ | 18 | - | 42 | 85 | - |
| 6. ഓയിൽ ആന്റ് ഫ്ളവർമിൽ | 7 | - | 14 | 60 | - |
| 7. എൻജിനീയറിംഗ് വർക്ക്സ് | 5 | - | 35 | 70 | - |
| 8. സർവ്വീസ് സ്റ്റേഷൻ ആന്റ് ടയർ റീട്രേഡിംഗ് സെന്റർ | 2 | - | 10 | 65 | - |
| 9. ബേക്കറി | 7 | - | 12 | 70 | - |
| 10 മെറ്റൽ ഇൻഡസ്ട്രി | 3 | - | 13 | 60 | - |
| 11. ഹോളോ ബ്രിക് ഇൻഡസ്ട്രി | 1 | - | 6 | 55 | - |
| 12 കുമ്മായച്ചൂള | 2 | - | 4 | 70 | - |
| 13 ചെങ്കൽ ക്വാറി | 15 | 10 | 23 | 75 | 50 |
| 14. കരിങ്കൽ ക്വാറി | 11 | 255 | 145 | 90 | 50 |
| 15. സോഡാ നിർമ്മാണം | 2 | - | 4 | 50 | - |
| 16. അടയ്ക്കാ സംസ്കരണം | 1 | 25 | 5 | 60 | 40 |
| ആകെ | | 372 | 368 | | |



നടുവിൽ ഗ്രാമ പഞ്ചായത്ത്
പൊതു വിദ്യാലയങ്ങൾ
ആലക്കോട് പഞ്ചായത്ത്
കർണ്ണാടക സംസ്ഥാനം
ചപ്പാരപ്പടവ് പഞ്ചായത്ത്
ചെങ്ങളായി പഞ്ചായത്ത്
ശ്രീകണ്ഠപുരം പഞ്ചായത്ത്
ഏരുവേശി പഞ്ചായത്ത്
വാർഡ് - 1
വാർഡ് - 2
വാർഡ് - 3
വാർഡ് - 4
വാർഡ് - 6
3. നടുവിൽ L.P.S
4. G.M.L.P.S
6. G.L.P.S
7. S.S.L.P.S
8. S.M.L.P.S, നടുവിൽ
9. S.J.U.P.S
10. G.U.P.S
11. G.U.P.S
12. J.M.U.P.S
13. S.J.U.P.S
15. T.H.S, നടുവിൽ
16. G.H.S
17. S.J.H.S
18. S.J.H.S



# 5.4.
# വിദ്യാഭ്യാസം.

ഔപചാരിക-അനൗപചാരിക വിദ്യാഭ്യാസമേഖലകളിൽ നടുവിൽ പഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ ദേശീയ-നവോത്ഥാന പ്രസ്ഥാനങ്ങളുടെയും കുടിയേറ്റങ്ങളുടെയും ത്യാഗോജ്ജ്വലമായ ചരിത്രമാണ്.

20-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നടുവിൽ പ്രദേശത്ത് വ്യാപകമായി കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു. കിഴക്കേപുരയിൽ കൃഷ്ണൻ ഗുരുക്കൾ, കണ്ണൻ ഗുരുക്കൾ, മഞ്ചേരി എഴുത്തച്ഛൻ തുടങ്ങിയവർ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് ചെയ്ത സേവനങ്ങൾ ശ്ലാഘനീയമാണ്. രാവെഴുത്തുശാലകൾ എന്നറിയപ്പെട്ടിരുന്ന നിശാപാഠശാലകളും ഇവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടിരുന്നു. ജ്യോതിശാസ്ത്രം, തച്ചു ശാസ്ത്രം, സാഹിത്യം തുടങ്ങിയ വിജ്ഞാനമേഖലകളിൽ അവഗാഹമായ പാണ്ഡിത്യം നേടിയവരായിരുന്നു കൃഷ്ണൻ ഗുരുക്കളും കണ്ണൻ ഗുരുക്കളും.

പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം 1924 ൽ നടുവിൽ ആരംഭിച്ച എലിമെന്ററി സ്കൂൾ ആയിരുന്നു. ദിവംഗതനായ മടയൻ ചേപ്പിലാട്ട് കേളപ്പൻ നമ്പ്യാരുടെ നേതൃത്വത്തിൽ സ്ഥാപിച്ച ആ വിദ്യാലയമാണ് ഇന്നത്തെ നടുവിൽ എൽ.പി. സ്കൂൾ. ഇതിന്റെ ആദ്യകാല ശില്പികളിൽ പ്രമുഖരാണ് കൂനത്ര രാമൻ നായർ; ഇ.കെ.നാരായണൻ മാസ്റ്റർ, പയ്യൻ കുഞ്ഞപ്പ മാസ്റ്റർ, പഴേടത്തിൽ രാമൻ നായനാർ കോടൻ നാരായണൻ മസ്റ്റർ തുടങ്ങിയവർ.

1928-29 കളിൽ ആരംഭിച്ച കുടിയേറ്റവും ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനങ്ങളും വിദ്യാഭ്യാസ രംഗത്ത് ഗുണപരമായും ഗണപരമായും ഒട്ടനവധി മാറ്റങ്ങൾ വരുത്തുകയുണ്ടായി.

പഞ്ചായത്തിലെ ആദ്യത്തെ യു.പി.സ്കൂൾ 1954-ൽ ഉടുമ്പുംചീത്തയിൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനമാരംഭിച്ചു. സൊസൈറ്റി പ്രസിഡന്റ് പി.എ.മാത്യു. ഈ സ്കൂൾ വായാട്ടുപറമ്പ സെന്റ് ജോസഫ്സ് ചർച്ചിന് കൈമാറുകയായിരുന്നു.

1956-ൽ കണിയാൻചാലിലും വെള്ളാട്ടും ആരംഭിച്ച ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് ഇന്നത്തെ കണിയാൻചാൽ ഗവ. ഹൈസ്കൂളും വെള്ളാട് ഗവ.യു.പി.സ്കൂളും.
പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ 1966-ൽ ആരംഭിച്ച നടുവിൽ ഹൈസ്കൂളാണ്. സ്കൂളനുവദിപ്പച്ചതിൽ ശ്രീ പി.ആർ.രാമവർമ്മ രാജാ വഹിച്ച പങ്ക് പ്രത്യേകം സ്മരിക്കട്ടെ.

പ്രീപ്രൈമറി, പൊതുവിദ്യാഭ്യാസ രംഗങ്ങളിലെ സ്ഥിതിഗതികളാണ് ഇവിടെ അവലോകനം ചെയ്യുന്നത്.

## i. പ്രീപ്രൈമറി വിദ്യാഭ്യാസം :

**1. സ്ഥിതി :** പഞ്ചായത്തിൽ ഇന്ന് 9 പ്രീപ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ട്. 30,000-ഓളം ജനസംഖ്യയുള്ള നടുവിൽ പഞ്ചായത്തിൽ ഇനി 21കേന്ദ്രങ്ങളെങ്കിലും ആരംഭിക്കേണ്ടതുണ്ട്. ഈ 9 കേന്ദ്രങ്ങളും ഐ.സി.ഡി.എസ്സിന്റെ ആഭിമുഖ്യത്തിലാണ് പ്രവർത്തിക്കുന്നത്.

**2. പ്രശ്നങ്ങൾ :**

1. എല്ലാ അംഗീകൃത ഹരിജൻ കോളനികളിലും പ്രീപ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല.
2. ഇനിയും 21 കേന്ദ്രങ്ങൾ ആരംഭിക്കാനാവശ്യമായ വിഭവങ്ങൾ കണ്ടെത്തേണ്ടതുണ്ട്.
3. വിദഗ്ധരായ അദ്ധ്യാപകരുടെ അഭാവം.
4. കളിക്കോപ്പുകൾ, പഠനോപകരണങ്ങൾ, സ്ഥലസൗകര്യം തുടങ്ങിയവ വേണ്ടത്ര ലഭ്യമല്ല.

**നിർദ്ദേശങ്ങൾ :**

1. സമഗ്രമായ കുടുംബ സർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ മുഴുവൻ പ്രീപ്രൈമറി കുട്ടികളെയും കണ്ടെത്തുകയും അവർക്ക് സൗകര്യപ്രദമായ കേന്ദ്രങ്ങൾ ആരംഭിക്കുക.
2. ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട സൗജന്യ കെട്ടിടങ്ങൾ ഇതിനായി ഉപയോഗപ്പെടുത്താം.
3. അദ്ധ്യാപികമാർക്ക് വ്യക്തമായ പരിശീലനവും പുനഃപരിശീലനവും നൽകണം.
4. പ്രവർത്തനം നിലച്ച ബാലവാടികൾ പുനരുജ്ജീവിപ്പിക്കുകയും അയൽക്കൂട്ടങ്ങൾ, മാതൃസംഘങ്ങൾ, വാർഡ് വികസന സമിതികൾ എന്നിവ രൂപീകരിച്ച് ജനപങ്കാളിത്തവും സഹകരണവും ഉറപ്പാക്കണം..
5. ജനകീയ സമിതികളുടെ സഹകരണത്തോടെ കളിക്കോപ്പുകളും പഠനോപകരണങ്ങളും ലഭ്യമാക്കണം.

6. മുഴുവൻ പ്രീപ്രൈമറി കുട്ടികളും കേന്ദ്രങ്ങളിലെത്തുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.

## ii. പൊതുവിദ്യാഭ്യാസം

### A. പൊതുസ്ഥിതി :

പഞ്ചായത്തിൽ 18 വിദ്യാലയങ്ങളുണ്ട്. ഇതിൽ ഒരു ടെക്നിക്കൽ ഹൈസ്കൂളും 2 അനംഗീകൃത വിദ്യാലയങ്ങളും ഒഴിവാക്കിയാൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ15.

4 ഹൈസ്കൂൾ, 5 യു.പി.സ്കൂൾ, 6 എൽ.പി.സ്കൂൾ. ഒരു ഹൈസ്കൂളും ഒരു യു.പി. സ്കൂളും മൂന്ന് എൽ.പി.സ്കൂളുകളും സർക്കാർ ഉടമസ്ഥതയിലും ബാക്കിയുള്ള 8 എണ്ണം കോർപ്പറേറ്റ് മാനേജ്മെന്റിന്റെയും 2 വിദ്യാലയങ്ങൾ വ്യക്തിഗത മാനേജ്മെന്റിന്റെയും കീഴിലാണ്. എല്ലാ വിദ്യാലയങ്ങളും ഗ്രാമപ്രദേശത്താണ്. വാർഡടിസ്ഥാനത്തിൽ നോക്കിയാൽ ആദിവാസികൾക്ക് മുൻ തൂക്കമുള്ള 4-ാം വാർഡിൽ ഒഴികെ എല്ലായിടത്തും വിദ്യാലയങ്ങളുണ്ട്. (പട്ടിക 5.4.1)

### B. ഭൗതിക സാഹചര്യങ്ങൾ

സ്ഥലസൗകര്യം, കെട്ടിടങ്ങൾ, ലാബ്, ലൈബ്രറി, മൂത്രപ്പുര, കക്കൂസ്, വൈദ്യുതി, കളിസ്ഥലം, കുടിവെള്ള ലഭ്യത എന്നിവയാണ് ഭൗതിക സാഹചര്യങ്ങളിൽ വിലയിരുത്തിയിട്ടുള്ളത്. (പട്ടിക 5.4.2,5.4.3)

27 കെട്ടിടങ്ങൾ സ്ഥിരവും 21 എണ്ണം അർദ്ധസ്ഥിരവും ഒന്ന് താൽക്കാലികവുമാണ്. കണിയാൻചാൽ ഗവ:ഹൈസ്കൂളിൽ മാത്രമാണ് താൽക്കാലിക ഓലഷെഡ്ഡുള്ളത്. 11 വിദ്യാലയങ്ങളിൽ ലാബുണ്ട്. 14 വിദ്യാലയങ്ങളിൽ ലൈബ്രറിയുണ്ട്. മൂത്രപ്പുര 12 വിദ്യാലയങ്ങളിലുണ്ട്. മൂന്നിടത്തില്ല. കക്കൂസ് സൗകര്യമില്ലാത്ത മൂന്ന് വിദ്യാല യങ്ങളുണ്ട്. വൈദ്യുതി ലഭ്യമായിട്ടുള്ളത് 9 വിദ്യാലയങ്ങളിലാണ്. 3 എണ്ണത്തിന് കളിസ്ഥലവും ഒരെണ്ണത്തിന് കുടിവെള്ള സംവിധാനവും ഇല്ല.

### പ്രശ്നങ്ങൾ :

1. പാഠോപകരണങ്ങളുടെ ലഭ്യതക്കുറവും ഉപയോഗിക്കാനുള്ള മനോഭാവമില്ലായ്മയും.
2. 12 വിദ്യാലയങ്ങളിൽ മൂത്രപ്പുരയുണ്ടെങ്കിലും ആൺ-പെൺ കുട്ടികൾ, അധ്യാപകർ എന്നിങ്ങനെ വേർതിരിച്ചുള്ള സൗകര്യം കുറവാണ്.
3. 3 ഗവ: പ്രൈമറി സ്കൂളുകളിൽ കക്കൂസ് സൗകര്യമില്ല.
4. 2 വിദ്യാലയങ്ങൾക്ക് കളിസ്ഥലമില്ലാത്തത് കായിക വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു.
5. തുരുമ്പി ഗവ:എൽ.പി. സ്കൂളിനു അടിസ്ഥാന ഭൗതിക സൗകര്യങ്ങളില്ല.
6. വൈദ്യുതി സൗകര്യം എല്ലാ വിദ്യാലയങ്ങളിലും ഇല്ല..

### C. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണം.

നടുവിൽ പഞ്ചാ യത്തിൽ 15 പൊതു വിദ്യാലയങ്ങളിലായി 3219 ആൺകുട്ടികളും 3254 പെൺകുട്ടികളുമടക്കം 6473 വിദ്യാർത്ഥികൾ അധ്യായനം നട ത്തുന്നു. അദ്ധ്യാപകരുടെ എണ്ണം 249 ആണ്. 886 പട്ടിക ജാതി വിദ്യാർത്ഥികളിൽ 440 ആൺകുട്ടികളും 446 പെൺകുട്ടികളുമുണ്ട്. ആകെവിദ്യാർത്ഥികളിൽ 13.68% പട്ടിക ജാതിക്കാരാണ്. പട്ടിക വർഗ്ഗ വിദ്യാർത്ഥികളില്ല. മൊത്തം അനുവദിക്കപ്പെട്ട 250 അദ്ധ്യാ പക തസ്തികളിൽ 249ലും ആളുണ്ട്. ഒഴിവുള്ളത് ഗവ:വിദ്യാലയ ത്തിലാണ്. (പട്ടിക 5.4.4)

സാമൂഹ്യസാമ്പത്തിക കാരണങ്ങളാൽ പൊതുവെ 6.2% ത്തോളം കുട്ടികൾ ഇടയ്ക്കുവെച്ചു പഠനം നിർത്തുമ്പോൾ പട്ടിക ജാതിയിൽപ്പെട്ടവർ 13% ത്തോളം കൊഴിഞ്ഞുപോകുന്നു. (പട്ടിക )

### നിർദ്ദേശങ്ങൾ:

1. കൊഴിഞ്ഞുപോക്ക് തടയുന്നതിൽ വിജയിച്ച വിദ്യാലയങ്ങളിലെ ഗുണപരമായ നടപടികൾ മറ്റുവിദ്യാലയങ്ങൾക്ക് സ്വീകരിക്കാവുന്നതാണ്
2. നടപടിയുടെ ഗുണദോഷങ്ങൾ സ്വയം മനസ്സിലാക്കാൻ അദ്ധ്യാപകർ വിദ്യാലയങ്ങൾ പരസ്പരം സന്ദർശിക്കേണ്ടതാണ്.
3. പാഠ്യാനുബന്ധപ്രവർത്തനങ്ങൾക്കും പഠനപ്രവർത്തനങ്ങളോടൊപ്പം പ്രാധാന്യം നൽകണം.
4. കൈത്തൊഴിലുകളിൽ പരിശീലനം നൽകുവാനുള്ള സംവി ധാനം ഉണ്ടാക്കണം.
5. ആദിവാസികോളനിയായ പോത്തുകുണ്ട്- താറ്റ്യാട് കേന്ദ്രീക രിച്ച് പുതുതായി ഒരു എൽ.പി. സ്കൂൾ ആരംഭിക്കുകയും പാത്തൻ പാറ, വെള്ളാട്, മൈലംപെട്ടി എന്നിവിടങ്ങളിലെ യു.പി.,എൽ.പി. സ്കൂളുകൾ യഥാക്രമം ഹൈസ്കൂളായും യു.പി.സ്കൂളായും ഉയർത്തുകയുംവേണം.
6. അംഗീകൃത ആദിവാസി-ഹരിജൻ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
7. പഞ്ചായത്തിൽ ഒരു പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിച്ച് ഹരിജൻ വിദ്യാർത്ഥികളുടെ പഠനാന്തരീക്ഷം ഉറപ്പു വരുത്തുക.
8. സ്കൂളുകളിൽ സന്മാർഗ്ഗ ക്ലാസ്സുകൾ നൽകുക. (പട്ടിക 5.4.5)

### D. അക്കാദമിക നിലവാരം: 1996-97

സ്ഥിതി:- എൽ.പി/യു.പി തലങ്ങളിൽ കാൽക്കൊല്ലപ്പരീക്ഷക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയപ്പോൾ 50% ത്തിൽ കൂടുതൽ മാർക്ക് നേടിയ കുട്ടികളാണ് അധികവും. 30% മാർക്കുള്ളവർ കുറവാണ്. ഹൈസ്കൂൾ തലത്തിൽ ഇതിന് വിപരീതമായി 30% ത്തിൽ താഴെ മാർക്ക് വാങ്ങിയവരാണ് കൂടുതൽ. 60% മേൽ മാർക്ക് വാങ്ങിയവർ കുറവാണ്.

ഹൈസ്കൂൾ തലത്തിൽ 5 വിദ്യാലയങ്ങളുള്ളതിൽ വായാട്ടുപറമ്പ ഹൈസ്കൂൾ 80% മുതൽ 96% വരെ വിജയം നേടി വളരെ മുന്നിൽ നിൽക്കുന്നു. പുലിക്കുരുമ്പ ഹൈസ്കൂൾ 70% മുതൽ 86% വരെ വിജയം നേടി രണ്ടാം സ്ഥാനത്താണ്, കണിയാൻചൽ ഗവ:ഹൈസ്കൂൾ,നടുവിൽ ഹൈസ്കൂൾ, നടുവിൽ ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ കഴിഞ്ഞ രണ്ട് എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി പരീക്ഷകളിൽ സ്റ്റേറ്റ് ആവറേജിന് താഴെയാണ്. അതിനുള്ള കാരണങ്ങൾ പ്രത്യേകം വിലയിരുത്തേണ്ടതാണ്. (പട്ടിക5.4.6)

എൽ.എസ്.എസ്/യു.എസ്.എസ്. സ്കോളർഷിപ്പിൽ

രണ്ട് വിദ്യാലയങ്ങൾ വിജയം നേടിയപ്പോൾ ഒരു കുട്ടി പോലും വിജയം നേടാത്ത 11 വിദ്യാലയങ്ങളുണ്ട്. അതിനുള്ള കാരണങ്ങൾ വിലയിരുത്തേണ്ടതാണ്.

## പ്രശ്നങ്ങൾ :

1. ഭൂരിഭാഗം സ്കൂളുകളിലെയും പഠനനിലവാരം താഴ്ന്നതാണ്.
2. ഗവ: സ്കൂളുകളിലെ ഒഴിവുകൾ നികത്തപ്പെടുന്നത് മിക്കവാറും ഒന്നാം ടേമിന്റെ അവസാന നാളുകളിലാണ്. താൽക്കാലിക നിയമനം വൈകുന്നത് ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു.
3. അദ്ധ്യാപകർ വേണ്ടത്ര മുന്നൊരുക്കം നടത്തുന്നില്ല. യഥാസമയം സ്കൂളിലെത്തുന്നില്ല.
4. അക്കാദമിക് പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മോണിറ്ററിങ് നടത്തുന്നതിനും ജനകീയ സമിതികൾക്കുള്ള പരിമിതികൾ.

## നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ പഠനാന്തരീക്ഷം വിശദമായി വിലയിരുത്തപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ മികവ് കാട്ടിയ വിദ്യാലയങ്ങളിലെ അനുകൂലഘടകങ്ങളും മറ്റുള്ളവയിലെ പ്രതികൂലഘടകങ്ങളും മനസ്സിലാക്കി അദ്ധ്യാപകർ , വിദ്യാർത്ഥികൾ അയൽക്കൂട്ടം, പി.ടി.എ., മാതൃസംഘം, ഗ്രാമപഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ പ്രശ്നങ്ങൾ പരിഹരിക്കണം.
2 അദ്ധ്യാപകർ വിദ്യാലയങ്ങൾ പരസ്പരം സന്ദർശിക്കണം.
3. വിദ്യാഭ്യാസ അധികൃതരുടെയും ജനകീയ സമിതികളുടെയും മോണിറ്ററിംഗ് ഫലപ്രദമായി നടപ്പിലാക്കണം.
4. പഠനം വിദ്യാർത്ഥികേന്ദ്രീകൃതവും ഉപകരണങ്ങൾ ഉപയോഗിച്ചുള്ളതുമാക്കണം.
5. പരീക്ഷയിൽ ഓർമ്മ പരിശോധിക്കുന്നതോടൊപ്പം മൊത്തം വളർച്ചയും വിലയിരുത്തപ്പെടണം.
6. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ ചിട്ടയോടെ നടപ്പിലാക്കണം.
7. അദ്ധ്യാപകർക്ക് പുന:പരിശീലനം നൽകണം.
8. പിയർമോണിറ്ററിംഗ് പിയർ ടീച്ചിംഗ് എന്നിവ ക്ലാസ്സിലും സ്കൂളിലും നടപ്പിലാക്കണം.
9. ക്ലാസ്സ് പി.ടി.എ.കൾ രൂപീകരിക്കുകയും രക്ഷിതാക്കൾക്ക് ക്ലാസ്സുകൾ കേൾക്കാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്യണം.
10. ചെലവുകുറഞ്ഞ രീതിയിൽ പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിദഗ്ധ പരിശീലനം നല്കണം.

## E. ജനകീയ തലം

സ്കൗൾ കോംപ്ലക്സ്, ഗുരുകുലം പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാവിദ്യലയങ്ങളിലും പി.ടി.എ., മാതൃസംഘം, എന്നിവ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനങ്ങൾ വേണ്ടത്ര ഫലപ്രദമാകുന്നില്ല.

## പ്രശ്നങ്ങൾ :

1. മാതൃസംഘത്തിൻെറ ദൗത്യം കൃത്യമായും വ്യക്തമായും ബോധ്യപ്പെടുത്താൻ കഴിഞ്ഞില്ല.
2. സ്കൂൾ വിദ്യാഭ്യാസ സമിതി, അയൽക്കൂട്ടങ്ങൾ എന്നിവ രൂപീകരിച്ചിട്ടില്ല.
3. 'അക്ഷരപ്പുലരി' നന്നായി നടത്താനായെങ്കിലും സ്കൂൾ കോംപ്ലക്സ്, ഗുരുകുലം പദ്ധതികൾ വേണ്ടത്ര ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല.

## നിർദ്ദേശങ്ങൾ:

1. മാതൃസംഘത്തിന്റെ ദൗത്യം കൃത്യമായും വ്യക്തമായും മാതാക്കളെ ബോധ്യപ്പെടുത്തുക.
2. വിദ്യാലയത്തിന്റെ വളർച്ചക്കുള്ള ആസൂത്രണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിലും സ്കൂൾവിദ്യാഭ്യാസ സമിതി രൂപീകരിച്ച് പ്രവർത്തിക്കുക.
3. വികസനോന്മുഖ വിദ്യഭ്യാസം എന്ന ആശയം പ്രചരിപ്പിക്കുക.
4. അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് സ്കൂൾ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുകയും സജീവമാക്കുകയും ചെയ്യുക.
5. പഞ്ചായത്ത് വിദ്യാഭ്യാസ സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രീ പ്രൈമറി, സ്കൂൾവിദ്യാഭ്യാസം, തൊഴിലെടുക്കുന്ന കുട്ടികൾക്കുള്ള അനൗപചാരിക വിദ്യാഭ്യാസം, തുടർ സാക്ഷരതാപ്രവർത്തനം എന്നിവക്ക് പുറമേ ആരോഗ്യം, പരിസര ശുചിത്വം, ഊർജസംരക്ഷണം, നാട്ടറിവുകൾ തുടങ്ങി സാദ്ധ്യമായ മേഖലകളിലെല്ലാം സ്വയം പഠനത്തിനും, ബോധവല്കരണത്തിനും അവസരമൊരുക്കുക.
6. എല്ലാ സ്കൂളുകളും സാമൂഹ്യ സ്ഥാപനമാണെന്ന ബോധം വളർത്തിയെടുത്താൽ സ്വകാര്യസ്കൂളുകൾക്കും ജനകീയ സഹായം ഉണ്ടാക്കാൻ കഴിയും.
7. ഹൈസ്കൂൾ വിദ്യാഭ്യാസത്തോടൊപ്പം സാങ്കേതിക പരിജ്ഞാനം ഉറപ്പാക്കുക.

## iii. സാങ്കേതിക വിദ്യാഭ്യാസം:

പഞ്ചായത്തിൽ ഉന്നത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ, ഉന്നത തൊഴിൽ കേന്ദ്രങ്ങളോ ഇല്ല. എന്നാൽ സാങ്കേതിക വിദ്യാഭ്യാസപശ്ചാത്തലമൊരുക്കുന്ന ഒരു ഗവ: ടെക്നിക്കൽ ഹൈസ്കൂൾ പ്രവർത്തിക്കുന്നുണ്ട്. കിഴക്കൻ മലയോര മേഖലയിൽ പെട്ട തളിപ്പറമ്പ് താലൂക്കിലെ ഏക ടെക്നിക്കൽ ഹൈസ്കൂളാണിത്. ചപ്പാരപ്പടവ്, ആലക്കോട്, ശ്രീകണ്ഠാപുരം, ഏരുവേശ്ശി, ഉദയഗിരി, പയ്യാവൂർ, ചെങ്ങളായി തുടങ്ങിയ പഞ്ചായത്തുകളിൽ നിന്നും വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. എട്ടാം ക്ലാസ്സിൽ 30 പേർക്കാണ് പ്രവേശനം നൽകുന്നത്, ഇലക്ട്രോണിക്സ്, മോട്ടോർ മെക്കാനിക്ക് എന്നീ ട്രേഡുകളിലായാണ് പരിശീലനം നൽകുന്നത്. 1986 ൽ ആരംഭിച്ച ഈ വിദ്യാലയം ഇന്നും വേണ്ടത്ര ഭൗതീകസാഹചര്യങ്ങളില്ലാതെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അദ്ധ്യാപകക്ഷാമം സ്കൂൾ സമയങ്ങളിൽ വാഹനങ്ങളുടെ ദൗർലഭ്യം എന്നിവ സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. ബഹു: മുല്ലപ്പള്ളി രാമചന്ദ്രൻ എം.പി. യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും വർക്ഷോപ്പിനുവേണ്ടി നിർമ്മിച്ച കെട്ടിടത്തിന് വൈദ്യുതി ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

## പ്രശ്നങ്ങൾ:

1. സാങ്കേതികവിദ്യാഭ്യാസം നേടുന്നതിലുള്ള ഗ്രാമീണരുടെ വിമുഖതയും അജ്ഞതയും സ്കൂൾ പ്രവേശനത്തെ സാരമായി ബാധിക്കുന്നു.

2. പ്രവേശനത്തിനെത്തുന്ന ഭൂരിഭാഗം കുട്ടികളുടേയും പഠനനിലവാരം സംസ്ഥാന ശരാശരിയേക്കാൾ വളരെ താഴെയാണ്.

3. ഈ ഗവ: വിദ്യാലയത്തിലെ അദ്ധ്യാപകക്ഷാമം, ഇവിടെ എത്തിച്ചേരാനുള്ള യാത്രാക്ലേശം, ഭൗതികസാഹചര്യങ്ങളുടെ അഭാവം എന്നിവ പഠനത്തെ തടസ്സപ്പെടുത്തുന്നു.

4. രക്ഷകർത്താക്കൾ താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽ ഉള്ളവരായ്കയാൽ സ്കൂൾ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തമില്ല.

5. നിലവിലുള്ള സംവിധാനം സ്കൂളിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഫലപ്രദമല്ല.

## നിർദ്ദേശങ്ങൾ:

1. സ്കൂളിന് സ്വന്തമായുള്ള സ്ഥലത്ത് സ്ഥിരം കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

2. സ്കൂൾ വികസന സമിതി, ജനപ്രതിനിധികൾ, സന്നദ്ധപ്രവർത്തകർ, വിദ്യാഭ്യാസ വിദഗ്ദർ, പി.ടി.എ. പ്രതിനിധികൾ തുടങ്ങിയ വരെ ഉൾപ്പെടുത്തി രൂപീകരിക്കുകയും പഠനനിലവാരം ഉയർത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുക

3. സ്കൂൾ പി.ടി.എ. സജീവമാക്കുകയും ദൈനംദിന പ്രവർത്തനങ്ങൾക്ക് മോണിറ്ററിംഗ് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

4. ഗ്രാമപഞ്ചായത്ത് സമിതിയും പ്രാദേശിക നിവാസികളും പി.ടി.എ.യുമായി സഹകരിച്ച് പ്രവർത്തിക്കാനുള്ള അവസരം ഒരുക്കുക.

5. സാങ്കേതികവിദ്യാഭ്യാസ അധികൃതരുടെ മോണിറ്ററിംഗ്, സന്ദർശനം എന്നിവ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

6. സാങ്കേതികവിദ്യാഭ്യാസത്തിന്റെ പ്രധാന്യം ജനങ്ങളെ ബോധ്യപ്പെടുത്താനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

7. സാങ്കേതിക തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിന് ഗവ: ഉടമസ്ഥതയിൽ ഐ.ടി.ഐ. ആരംഭിക്കുക.

8. നടുവിൽ ടെക്നിക്കൽ ഹൈസ്കൂൾ പോളിടെക്നിക്കായി ഉയർത്തുക.

9. ടെക്നിക്കൽ ഹൈസ്കൂളിന് ഹോസ്റ്റൽ സൗകര്യമേർപ്പെടുത്തുക

10. ഉപരി പഠനത്തിനായി നടുവിൽ, ചപ്പാരപ്പടവ്, ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് ഒടുവള്ളിത്തട്ടിൽ ഒരു കോളേജ് സ്ഥാപിക്കുക.



*You Can't stop Warring Mothers and daughters-in-law*
*But you can Stop AIDS*

## പട്ടിക. 5.4.1.

| ക്രമ.നം | കോഡ് | വിദ്യാലയത്തിന്റെ പേര് | സ്ഥാപിച്ച വർഷം | വാർഡ് | ഉടമസ്ഥത | | | | വിഭാഗം | | | പ്രദേശം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | സർക്കാർ | എയ്ഡഡ് | അൺ എയ്ഡഡ് | മറ്റുള്ളവ | എൽ.പി | യു.പി | ഹൈസ്കൂൾ | ഗ്രാമം |
| 1 | 01 | തൃരുമ്പി ഗവ. എൽ.പി. സ്കൂൾ | 1981 | 7 | ■ | | | | ■ | | | ■ |
| 2. | 02. | മൈലം പെട്ടി ഗവ.എൽ.പി.സ്കൂൾ | 1975 | 9 | ■ | | | | ■ | | | ■ |
| 3. | 03. | നടുവിൽ .എൽ.പി.സ്കൂൾ | 1924 | 2 | | ■ | | | ■ | | | ■ |
| 4. | 04 | വിളക്കണ്ണൂർ കല്യാൺ ബോധി എൽ.പി.സ്കൂൾ | 1982 | 1 | | ■ | | | ■ | | | ■ |
| 5 | 05 | പാത്തൻപാറ നിർമ്മല എൽ.പി.സ്കൂൾ | 1976 | 8 | | ■ | | | ■ | | | ■ |
| 6 | 06 | അരങ്ങ് ഗവ.എൽ.പി.സ്കൂൾ | 1981 | 6 | ■ | | | | ■ | | | ■ |
| 7 | 07 | വെള്ളാട് എസ്.എസ്.എൽ.പി.സ്കൂൾ | | 7 | | | ■ | | ■ | | | ■ |
| 8 | 08 | നടുവിൽ എസ്.എം.എൽ.പി.സ്കൂൾ | | 3 | | | ■ | | ■ | | | ■ |
| 9 | 09 | പുലിക്കുരുമ്പ എസ്.ജെ.യു.പി.സ്കൂൾ | 1974 | 5 | | ■ | | | | ■ | | ■ |
| 10 | 10 | വെള്ളാട് ഗവ.യു.പി.സ്കൂൾ | 1956 | 10 | ■ | | | | | ■ | | ■ |
| 11 | 11 | പൊട്ടൻപ്ലാവ് ഭാരതാംബിക യു.പി.സ്കൂൾ | 1983 | 7 | | ■ | | | | ■ | | ■ |
| 12 | 12 | പാത്തംപാറ ജെ.എം യു.പി.സ്കൂൾ | 1976 | 8 | | ■ | | | | ■ | | ■ |
| 13 | 13 | വായാട്ടുപറമ്പ എസ്.ജെ.യു.പി.സ്കൂൾ | 1954 | 12 | | ■ | | | | ■ | | ■ |
| 14 | 14 | നടുവിൽ ഹൈസ്കൂൾ | 1966 | 2 | | ■ | | | | | ■ | ■ |
| 15 | 15 | നടുവിൽ ടെക്നിക്കൽ ഹൈസ്കൂൾ | 1986 | 2 | ■ | | | | | | ■ | ■ |
| 16 | 16 | കണിയൻചാൽ ഗവ.ഹൈസ്കൂൾ | 1956 | 11 | ■ | | | | | | ■ | ■ |
| 17 | 17 | വായാട്ടുപറമ്പ എസ്.ജെ. ഹൈസ്കൂൾ | 1982 | 12 | | ■ | | | | | ■ | ■ |
| 18 | 18 | പുലിക്കുരുമ്പ എസ്.ജെ. ഹൈസ്കൂൾ | 1982 | 5 | | ■ | | | | | ■ | ■ |

## പട്ടിക 5.4.2 ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | സ്കൂൾ കോഡ് | സ്ഥലം വിസ്തീർണ്ണം | കെട്ടിടം: സ്ഥിരം | കെട്ടിടം: അർദ്ധ സ്ഥിരം | കെട്ടിടം: താൽക്കാലികം | കെട്ടിടങ്ങളുടെ വിനിയോഗം: ലാബ് (ഉണ്ട് / ഇല്ല) | കെട്ടിടങ്ങളുടെ വിനിയോഗം: ലൈബ്രറി (ഉണ്ട് / ഇല്ല) | മൂത്രപ്പുര (ഉണ്ട് / ഇല്ല) | കക്കൂസ് (ഉണ്ട് / ഇല്ല) | വൈദ്യുതി (ഉണ്ട് / ഇല്ല) | കളിസ്ഥലം (ഉണ്ട് / ഇല്ല) | കുടിവെള്ളം (ഉണ്ട് / ഇല്ല) |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 01 | 100സെ | | 4 | | ഇ | ഇ | ഇ | ഇ | ഇ | ഇ | ഇ |
| 2 | 02 | 100സെ | | 1 | | ഇ | ഇ | ഉ | ഉ | ഉ | ഉ | ഉ |
| 3 | 03 | 50സെ | | 8 | | ഇ | ഇ | ഉ | ഇ | ഇ | ഉ | ഉ |
| 4 | 04 | 100.സെ | 2 | | | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 5 | 05 | 150.സെ | 2 | | | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 6. | 06 | 150സെ | | 1 | | ഉ | ഉ | ഉ | ഉ | ഇ | ഉ | ഉ |
| 7 | 09 | 300സെ | 3 | 4 | | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 8. | 10 | 200സെ | 3 | | | ഉ | ഉ | ഇ | ഇ | ഉ | ഉ | ഉ |
| 9. | 11 | 150സെ | 2 | 1 | | ഉ | ഇ | ഉ | ഉ | ഇ | ഉ | ഉ |
| 10 | 12 | 150സെ | 1 | | | ഇ | ഉ | ഉ | ഉ | ഇ | ഉ | ഉ |
| 11 | 13 | 500സെ | 5 | 1 | | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 12 | 14 | 300സെ | 1 | 15 | | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 13 | 16 | 300സെ | 4 | 1 | | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 14 | 17 | 302സെ | 1 | | | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |
| 15 | 18 | 300സെ | 2 | | | ഉ | ഉ | ഉ | ഉ | ഉ | ഉ | ഉ |

## പട്ടിക 5.4.7 S.S.L.C/THSLC വിജയ%

| സ്കൂൾ | വർഷം 1991-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| നടുവിൽ എച്ച്.എസ്. | 51 | 48 | 60 | 32 | 40 |
| ടെക്നിക്കൽ എച്ച്.എസ്. | 84 | 100 | 63 | 52 | 58.33 |
| കണിയാൻചാൽ എച്ച്.എസ്. | 25 | 30 | 31 | 42 | 25 |
| വായാട്ടുപറമ്പ എച്ച്.എസ്. | 96 | 90 | 83 | 85 | 85 |
| പുലിക്കുരുമ്പ എച്ച്.എസ്. | 80.5 | 86 | 78.18 | 69.95 | 85.33 |

## പട്ടിക 5.4.3 വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| ക്രന. | സ്കൂൾ കോഡ് | വിദ്യാർത്ഥികൾ | | | എസ്.സി/ എസ്.ടി | | | അദ്ധ്യാപകർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെ | ആകെ | ആൺ | പെ | ആകെ | ആൺ | പെ | ആകെ | അനു.ത. | നി.ന. | ഒഴ |
| 1 | 01 | 24 | 17 | 41 | | 1 | 1 | 3 | | 3 | 4 | 3 | 1 |
| 2 | 02 | 24 | 30 | 54 | 9 | 11 | 20 | 4 | | 4 | 4 | 4 | |
| 3 | 03 | 223 | 225 | 448 | 36 | 26 | 62 | 5 | 8 | 13 | 13 | 13 | |
| 4 | 04 | 135 | 113 | 248 | 22 | 8 | 30 | 2 | 7 | 9 | 9 | 9 | |
| 5 | 05 | 101 | 79 | 180 | 14 | 4 | 18 | 2 | 4 | 6 | 6 | 6 | |
| 6 | 06 | 32 | 29 | 61 | 5 | 3 | 8 | 3 | 1 | 4 | 4 | 4 | |
| 7 | 09 | 402 | 372 | 774 | 59 | 77 | 136 | 14 | 10 | 24 | 24 | 24 | |
| 8 | 10 | 147 | 144 | 291 | 36 | 39 | 75 | 2 | 7 | 9 | 8 | 9 | |
| 9 | 11 | 96 | 94 | 190 | 3 | 3 | 6 | 8 | 2 | 10 | 10 | 10 | |
| 10 | 12 | 103 | 92 | 195 | 11 | 4 | 15 | 3 | 6 | 9 | 9 | 9 | |
| 11 | 13 | 569 | 537 | 1106 | 54 | 50 | 104 | 6 | 28 | 34 | 34 | 34 | |
| 12 | 14 | 509 | 587 | 1096 | 57 | 70 | 127 | 32 | 17 | 49 | 49 | 49 | |
| 13 | 16 | 311 | 3228 | 639 | 85 | 87 | 172 | 11 | 15 | 26 | 25 | 26 | |
| 14 | 17 | 379 | 449 | 828 | 29 | 36 | 65 | 19 | 15 | 34 | 34 | 34 | |
| 15 | 18 | 164 | 158 | 322 | 20 | 27 | 47 | 9 | 6 | 15 | 15 | 15 | |

## പട്ടിക 5.4.4 പഠനം നിർത്തിയവരുടെ കണക്ക്1995-96

| എസ്.സി | | | മറ്റുള്ളവർ | | | ആകെ |
|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 79 | 38 | 117 | 148 | 108 | 256 | 373 |

പട്ടിക 5.4.5

| ക്രമ ന | നേടിയ മാർക്ക് | ക്ലാസ് | | | | | | |
|---|---|---|---|---|---|---|---|---|
| | | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 30% | 117 | 99 | 179 | 187 | 208 | 333 | 239 |
| 2 | 30-40% | 140 | 132 | 147 | 179 | 184 | 197 | 203 |
| 4 | 40- 50% | 79 | 108 | 113 | 115 | 149 | 96 | 116 |
| 5 | 50-60% | 105 | 111 | 114 | 113 | 128 | 68 | 74 |
| 6 | 60%മേൽ | 173 | 144 | 145 | 113 | 103 | 46 | 65 |



# 5.5.

# കുടിവെള്ളം

# പൊതുജനാരോഗ്യം

## കുടിവെള്ളം.

ദുർലഭമായിക്കൊണ്ടിരിക്കുന്ന വിഭവങ്ങളിൽ വളരെ പ്രധാന്യമർഹിക്കുന്ന ഒന്നാണ് കുടിവെള്ളം. നടുവിൽ പഞ്ചായത്തിൽ മാർച്ച് മാസം മുതൽ ജൂൺ മാസം വരെ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ പ്രധാന കുടിനീർ സ്രോതസ് കിണറുകൾതന്നെ. ഏകദേശ 90% ജനങ്ങളും സ്വന്തം കിണറുകളെ ആശ്രയിക്കുമ്പോൾ അര്യവികൾ, കുഴൽകിണറുകൾ പൊതുകിണറുകൾ എന്നിവയെ ആശ്രയിക്കുന്ന ജനങ്ങളും ഈ പഞ്ചായത്തിലുണ്ട്.

1974 ൽ പ്രവർത്തനം ആരംഭിച്ച നടുവിൽ ഗ്രാമീണ ജലവിതരണ പദ്ധതി മുഖേന 4000മീറ്റർ വിതരണ ശൃംഖലയിൽ 24 പൊതു ടാപ്പുകളും. 34 സ്വകാര്യ ടാപ്പുകളും നമുക്ക് നല്കിയിരുന്നെങ്കിലും ഇന്നത് വളരെയധികം പരിതാപകരമായ സ്ഥിതിയിലാണുള്ളത്. ഇത് കൂടാതെ പഞ്ചായത്ത് വക 15 കുളങ്ങളും 40 പൊതുകിണറുകളും വാട്ടർ അതോറിറ്റിയുടെ 14 പൊതു കുഴൽ കിണറുകളും ഉണ്ട്. എങ്കിലും കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ധാരാളം പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിൽ ജലജന്യരോഗങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ട കണക്കുകൾ പരിശോധിച്ചാൽ കുടിവെള്ളക്ഷാമത്തിന്റെ ദൂഷ്യവശങ്ങൾ നമുക്ക് മനസ്സിലാക്കാം.

## പ്രശ്നങ്ങൾ:

പഞ്ചായത്തിൽ താഴെപ്പറയുന്ന ഭാഗങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടാറുണ്ട്.

1 - പൂങ്ങോട്, വാടാപ്പള്ളി, കക്കന്റെ മൊട്ട, ഓർക്കയം.

2.- ആട്ടുകുളം

3- ഉത്തൂര്, പാലക്കൽപടിക്കൽ, ഏരത്താങ്കരികവല,
പാലേരിത്തട്ട്,ഉമിക്കുന്നുകവല, കോട്ടമലതട്ട്,
എസ്.എൻ.ഡി.പി. കവല, മണ്ടളം, മാമ്പള്ളം അംഗൻവാടി,
കൊക്കായി, നെല്ലിക്കുന്നുകവല.

4- പോത്തുകുണ്ട്, താറ്റ്യാട്, ചേറ്റടി, മണ്ടളം, മൈക്കാട്,
പുല്ലംവനം, കോട്ടയംതട്ട്

5- പുറഞ്ഞാൺ, ചുള്ളിപ്പള്ളം

6- മണ്ണംകുണ്ട്, പൊന്മലകോളനി,
നരിയൻമാവ്കോളനി, കൈതളം

7. പള്ളിക്കുന്നു, വളപ്പ്

8- പാത്തൻപാറ

9- പാറേംമൊട്ട, ആശാൻകവല, പത്തിമുണ്ട, മൈലംപെട്ടി
പാലയം കുന്ന്

10- തേർമല,

11- കരുവൻചാൽ ടൗൺ, ലക്ഷംവീട്കോളനി, ചീത്തപ്പാറ,
വെള്ളാട്-പള്ളിക്കവല, കണിയാൻചാൽ,
മണ്ണൻകുണ്ട് ഹരിജൻ കോളനി

12-വായാട്ടുപാമ്പ്, തേർമല, നറുക്കുംകരആനക്കുഴി

2. പഞ്ചായത്തിൽ മണ്ണ്, ജലസംരക്ഷണം നടത്താത്തതുകൊണ്ട് രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ടാകുന്നു.

3. വാട്ടർ അതോറിറ്റിയുടെപ്രവർത്തനം തൃപ്തികരമല്ല.

4. ഉള്ള ജലസ്രോതസ്സുകൾവൃത്തിയാക്കി വേണ്ടവിധം സംരക്ഷിക്കപ്പെടുന്നില്ല.

5.കുഴൽ കിണറുകളിലെ ഇരുമ്പുവെപ്പ്കാരംമൂലം ജലംകുടിക്കുവാൻ കഴിയുന്നില്ല.

6. വാട്ടർ അതോറിട്ടിയുടെ ഹൗസ്-കണക്ഷനുകളിൽ മീറ്റർ റീഡിംഗ് കൃത്യമായി നടക്കാത്തതുമൂലം ജലം ദുരുപയോഗം ചെയ്യുന്നു.

7. വ്യാപകമായി കുഴൽകിണറുകൾ കുഴിക്കുന്നതുമൂലം സമീപ

പ്രദേശങ്ങളിലെ ജലവിതാനം കുറയുന്നു.

## നിർദ്ദേശങ്ങൾ

1. കുന്നിൻമുകളിലെ സ്വാഭാവിക ജലസ്രോതസ്സ് ഉപയോഗപ്രദമാക്കുക

2. 5-ാംവാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പയ്യംവനത്ത് ഒരു പൊതുകിണർ കുഴിക്കുക. ചുള്ളിപ്പള്ളത്ത് കുളം കുഴിച്ച് പൈപ്പിട്ടും, പുറഞ്ഞാണിൽ കിണർ സ്ഥാപിച്ചും സഹായിക്കുക.

3. 7-ാം വാർഡിലെ പുറത്തൊട്ടിയിൽ ഡാം പണിത് പൈപ്പ് വഴി പള്ളിക്കുന്ന്, വളപ്പ് എന്നിവിടങ്ങളിൽ ശുദ്ധജലം എത്തിക്കാം.

4. 10-ാം വാർഡിലെ പാലക്കയം തട്ടിലെ കുളത്തിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക.

5. 12-ാം വാർഡിൽ വായാട്ടുപറമ്പ കേന്ദ്രമാക്കി കുടിവെള്ള വിതരണ പദ്ധതി നടപ്പിലാക്കുക.

6. വായാട്ടുപറമ്പ കോളനിക്ക് സമീപമുള്ള ഓലി പൊതുകുളമാക്കിയാൽ 35-ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.

7. പഞ്ചായത്തിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക

8. വാട്ടർ അതോറിട്ടിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ഡീസൽ മോട്ടോർ സ്ഥാപിക്കണം.

9. ഉപയോഗപ്രദമല്ലാത്ത കിണറുകളും കുഴൽക്കിണറുകളും റിപ്പയർ ചെയ്യണം.

10. 2-ാം വാർഡിൽ ആട്ടുകുളത്തേക്കും, പോത്തുകുണ്ടിലേക്കും പൈപ്പ് ലൈനുകൾ നീട്ടണം.

11. നടുവിലെ ജലസംഭരണിയുടെ ശേഷി കൂട്ടുകയോ ഒരു ജലസംഭരണി കൂടി പുതുതായി സ്ഥാപിക്കുകയോ ചെയ്യുക.

12. ഓർക്കയം(1-ാം വാർഡ്) ഭാഗത്ത് 40-ഓളം വീട്ടുകാർക്ക് ഓർക്കയത്തുള്ള ജലസ്രോതസ്സ് ഉപയോഗപ്പെടുത്തുക.

13. നടുവിൽ തോയാട്ടുകുളം വൃത്തിയാക്കി മതിൽ കെട്ടുക.

14. പൂങ്ങോട്ടുള്ള ഓലി വികസിപ്പിച്ച് കുളം നിർമ്മിക്കുക.

15. 3-ാം വാർഡിൽ ഉത്തൂര് കോളനിക്ക് താഴെയുള്ള വറ്റാത്തജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തണം.

16. തോടുകളിൽ ചെറിയ ബണ്ടുകളിടുന്നത് സമീപ പ്രദേശങ്ങളിലെ കിണറുകളിൽ ജലനിരപ്പുയരുന്നതിന് സഹായിക്കും.

17. സ്വകാര്യവനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കുക.

18. പഞ്ചായത്തിന്റെ ശേഷിക്കുന്ന വനപ്രദേശം സംരക്ഷിക്കുക.

19. കുഴൽ കിണറുകളിലെ ഇരുമ്പു പൈപ്പുകൾക്ക് പകരം പി.വി.സി. പൈപ്പ് ഉപയോഗിക്കുക.

20. പെരുങ്ങിയിലെ (ആമക്കുളം) ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തുക.

# ആരോഗ്യം

2000-മാണ്ടോടെ എല്ലാവർക്കും ആരോഗ്യം എന്ന് ലക്ഷ്യത്തോടുകൂടി ലോകാരോഗ്യ സംഘടനയുടെയും മറ്റുള്ള അന്താരാഷ്ട്ര ഏജൻസികളുടെയും സഹായത്തോടെ ഇൻഡ്യയിലിപ്പോൾ സമയ ബന്ധിത പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

നടുവിൽ പഞ്ചായത്തിലെ ജനങ്ങൾ ആദ്യകാലത്ത് ചികിത്സക്കായി ആശ്രയിച്ചത് നാട്ടു വൈദ്യൻമാരെയായിരുന്നു. പന്നിയൂർ രാമുട്ടിവൈദ്യർ, മൂലയിൽ രാമൻ വൈദ്യർ, പള്ളിക്കൂൽ പണിക്കർ, തെങ്ങിൽ രയരപ്പൻ നമ്പ്യാർ, എം.എം. കുഞ്ഞിരാമൻ വൈദ്യർ എന്നീ വൈദ്യൻമാരും അവരുടെ ശിഷ്യരുമായിരുന്നു അന്നത്തെ പ്രധാന വൈദ്യൻമാർ. അവരുടെ ശിഷ്യരും മറ്റും ഇന്നും ശ്രേഷ്ഠമായ രീതിയിൽ ആതുര സേവനം നടത്തിവരുന്നു. വിഷചികിത്സ, അസ്ഥിചികിത്സ എന്നീ ശാഖകളിലും പ്രാഗത്ഭ്യം തെളിയിച്ചവർ ഇവിടെയുണ്ടായിരുന്നു. പള്ളിത്തറ കുഞ്ഞ് വൈദ്യർ പ്രശസ്തനായ ഒരു അസ്ഥിരോഗ വിദഗ്ധനായിരുന്നു. കാര്യമായ പകർച്ചവ്യാധികളൊന്നും അക്കാലത്ത് ഇവിടെ ഉണ്ടായിരുന്നതായി അറിയുന്നില്ല. ഈ പ്രദേശത്ത് ജനങ്ങൾ ആശ്രയിച്ച ആദ്യത്തെ ആധുനിക വൈദ്യശാസ്ത്ര ഭിഷഗ്വരൻ തളിപറമ്പിലുണ്ടായിരുന്ന ഗോവിന്ദമേനോനായിരുന്നു.

1963 ഫെബ്രുവരി 2ന് ആദ്യത്തെ ഗവൺമെന്റ് ഡിസ്പെൻസറി നടുവിൽ സ്ഥാപിതമായി. 20-10-74 ന് സ്ഥലത്തെ പ്രമുഖരുടെയും നടുവിൽ പഞ്ചായത്തിന്റെയും ശ്രമഫലമായി കിടത്തി ചികിത്സിക്കുന്നത് അടക്കമുള്ള സൗകര്യത്തിനുവേണ്ടി പഞ്ചായത്തുവക കെട്ടിടം ആശുപത്രിക്ക് കൈമാറി. 21-2-90 ൽ നടുവിൽ ഡിസ്പെൻസറി പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തപ്പെട്ടു 5-8-95 ന് കുടിയാൻമല ഹെൽത്ത് സെന്ററിന് കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന നടുവിൽ, പാത്തൻപാറ, ചേടിക്കുണ്ട് സബ്സെന്ററുകളുടെ നിയന്ത്രണം നടുവിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലാക്കി. രോഗചികിത്സക്കൊപ്പം രോഗപ്രതിരോധത്തിനും ഊന്നൽ നൽകികൊണ്ടാണ് ആരോഗ്യകേന്ദ്രം പ്രവർത്തിച്ചു വരുന്നത്. ഒരു ഡോക്ടർ, 2 സ്റ്റാഫ്നേഴ്സ് എന്നിവരുൾപ്പെടെ 20-ഓളം തസ്തികകളുണ്ട്.

നടുവിൽ പ്രാഥമികാരോഗ്യ കേന്ദ്രം, കുടിയാൻമല പ്രാഥമി

കാരോഗ്യ കേന്ദ്രം, ചേടിക്കുണ്ട്, നടുവിൽ, പാത്തൻപാറ തുടങ്ങിയ കുടുംബക്ഷേമ കേന്ദ്രങ്ങളും, കരുവൻചാലിൽ സ്ഥിതി ചെയ്യുന്ന വെള്ളാട് ഹോസ്പിറ്റൽ, കരുവൻചാലിലുള്ള ദന്തൽ ക്ലിനിക്ക്, സ്വകാര്യ ക്ലിനിക്കുകൾ, പൊട്ടൻപ്ലാവ് ആയുർവേദ ഡിസ്പെൻസറി, സഹകരണ ഹോമിയോ ആശുപത്രി, കരുവൻചാൽ എന്നിവയാണ് പ്രധാനപ്പെട്ട ആരോഗ്യകേന്ദ്രങ്ങളും പാരമ്പര്യ ചികിത്സകരുമുണ്ട്. ചികിത്സാ സൗകര്യം അപര്യാപ്തമാണെങ്കിലും രോഗപ്രതിരോധ പ്രവർത്തനം തൃപ്തികരമായി തന്നെ ഇവിടെ നടക്കുന്നുണ്ട്.

പോളിയോ, അഞ്ചാം പനി, ഡിഫ്തീരിയ, ബാലക്ഷയം, ടെറ്റനസ് എന്നിവ ഇവിടെ വളരെ അപൂർവ്വമായി മാത്രമെ കണ്ടുവരുന്നുള്ളൂ.

ശിശുമരണനിരക്കും മാതൃമരണനിരക്കും കുറയ്ക്കുന്നതിൽ പഞ്ചായത്തിന് ലക്ഷ്യം കൈവരിക്കാൻ സാധിച്ചു. (പട്ടിക 5.5.1)

കുടുംബക്ഷേമ പ്രവർത്തനങ്ങൾ കൂടാതെ മറ്റനവധി രോഗനിർമ്മാർജ്ജന പദ്ധതികളും ഹെൽത്ത് സെന്റർ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. സി.എസ്.എസ്.എം., കുഷ്ഠരോഗ നിവാരണ യജ്ഞം, ക്ഷയരോഗ നിർമ്മാർജ്ജന യജ്ഞം, മലമ്പനി നിർമ്മാർജ്ജന യജ്ഞം തുടങ്ങിയ പദ്ധതികളും ഹെൽത്ത് സെന്റർ മുഖേന തൃപ്തികരമായി തന്നെ നടത്തി വരുന്നുണ്ട്. 20-ാം നൂറ്റാണ്ടിന്റെ അവസാന കാലഘട്ടത്തിൽ നാം ഭയത്തോടുകൂടി വീക്ഷിക്കുന്ന എയ്ഡ്സ് എന്ന മാരക രോഗത്തിന്റെ നിയന്ത്രണ പരിപാടികളും പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ചിട്ടുണ്ട്. (പട്ടിക 5.5.2)

ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ 87.86% അമ്മമാരും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. (പട്ടിക5.5.3, 5.5.4)

രോഗചികിത്സയെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഇവിടെ പോയവർഷം 10309 രോഗികൾ ചികിത്സക്ക് വിധേയരായിട്ടുണ്ട് എന്നു കാണാം. (പട്ടിക 5.5.5)

## പ്രശ്നങ്ങൾ:

1. നിലവിലുള്ള പി.എച്ച്.സി.യുടെയും കുടുംബക്ഷേമ കേന്ദ്രങ്ങളുടെയും സൗകര്യങ്ങൾ വളരെ കുറവാണ്.
2. ഡോക്ടർസ്ഥിരമായി ഇല്ല.
3. ആശുപത്രിയോട് ബന്ധപ്പെട്ട് ജീവനക്കാർക്ക് താമസ സൗകര്യം ഇല്ല.
4. കിടത്തി ചികിത്സിക്കാൻ വേണ്ടത്ര സൗകര്യമില്ല.
5. ശുദ്ധജലം ആവശ്യത്തിന് ലഭ്യമല്ല.
6. പഞ്ചായത്തിലെ ഭൂരിപക്ഷത്തിനും കക്കൂസ് സൗകര്യമില്ല.
7. അലഞ്ഞുതിരിയുന്ന നായ്ക്കൾ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്നു.
8. ശുചിത്വമില്ലാത്ത ചുറ്റുപാടുകളിൽ മത്സ്യ മാംസാദികൾ വിൽക്കുന്നു.
9. ആശുപത്രി വികസന സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
10. പൊതുശ്മശാനം ഇല്ല.
11. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഹോമിയോ, ആയുർവേദ ആശുപത്രികളുടെ സേവനം ലഭ്യമല്ല.
12. പൊതുജനാരോഗ്യ ബോധവൽക്കരണത്തിന്റെ അഭാവം.
13. നടുവിൽ, കരുവൻചാൽ, പുലിക്കുരുമ്പ തുടങ്ങിയ ടൗണുകളിൽ പൊതുമൂത്രപ്പുരയില്ല.
14. സാധാരണ വിറകടുപ്പ് ഉപയോഗിക്കുന്നത് സ്ത്രീകളുടെ ആരോഗ്യത്തെ ഹാനിക്കുന്നു.
15. ഹോട്ടലുകളിലെയും, ആശുപത്രിയിലെയും മലിന വസ്തുക്കൾ കരുവൻചാൽ പുഴയിലൊഴുക്കുന്നത് പൊതുജനാരോഗ്യത്തിൽ ദോഷംചെയ്യുന്നു.
16. ഭക്ഷ്യയോഗ്യമല്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ ഹോട്ടലുകളിൽ വിൽക്കപ്പെടുന്നു.
17. പച്ചക്കറി കൃഷികൾക്ക് അമിതമായി കീടനാശിനികൾ ഉപയോഗിക്കുന്നത് ആരോഗ്യകരമല്ല.

## നിർദ്ദേശങ്ങൾ

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
2. ആശുപത്രിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കുകയും കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുകയും വേണം.
3. ആശുപത്രി ജീവനക്കാർക്ക് താമസ സൗകര്യം ആശുപത്രിക്ക് സമീപം തന്നെ ഏർപ്പെടുത്തണം.
4. ശുദ്ധജല ക്ഷാമമുള്ള പ്രദേശങ്ങളിൽ ശുദ്ധജല വിതരണ സൗകര്യം ഏർപ്പെടുത്തണം.
5. പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ച് കൊടുക്കുക.
6. അലഞ്ഞുതിരിയുന്ന നായ്ക്കളെ കൊല്ലുന്നതിന് വേണ്ട നടപടിയെടുക്കുക.
7. പൊതുമാർക്കറ്റ്, അറവുശാല എന്നിവ ഉടൻ നിർമ്മിക്കുക.
8. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ പ്രത്യേകിച്ചും ആദിവാസി കോളനികളിൽ നടത്തുക. കൂടാതെ സൗജന്യ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുക.
9. പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും ഹോമിയോ, ആയുർവ്വേദ ആശുപത്രികളുടെ സേവനം ലഭ്യമാക്കുക.

10. പുലിക്കുരുമ്പയിലെ കുടുംബക്ഷേമ കേന്ദ്രത്തിനുള്ള സ്ഥലം ഉപയോഗപ്പെടുത്തുക.

11. പൊട്ടൻപ്ലാവിലെ ആയുർവ്വേദ ആശുപത്രിക്ക് സ്വന്തമായുള്ള സ്ഥലത്ത് കെട്ടിടം പണിയുക.

12. നടുവിൽ ആശുപത്രികെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ അടിയന്തിരമായി ചെയ്യുക. ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മിക്കുക.

13. കക്കൂസുകളില്ലാത്ത സ്കൂളുകളിൽ അടിയന്തിരമായി കക്കൂസുകൾ നിർമ്മിക്കുക.

14. വെള്ളാട്ടുള്ള ഹോമിയോ സബ് സെന്ററിന് സ്വന്തമായുള്ള സ്ഥലത്ത് കെട്ടിടം പണിയണം.

പട്ടിക 5.5.3 കുടുംബാസൂത്രണത്തെ സംബന്ധിച്ച വിശദവിവരങ്ങൾ.

| ക്ര.ന. | കുട്ടികൾ | ആകെ അമ്മമാർ | കുടുംബാസൂത്രണം സ്വീകരിച്ചവർ | % |
|---|---|---|---|---|
| 1 | 1 | 478 | 332 | 69.6 |
| 2 | 2 | 844 | 770 | 91.2 |
| 3 | 3 | 1225 | 1136 | 92.73 |
| ആകെ | | 2547 | 2238 | 87.869 |

പട്ടിക 5.5.4. പ്രതിരോധ കുത്തിവെപ്പ് സ്വീകരിച്ചവർ

| | ആകെ | പ്രതിരോധ കുത്തിവെപ്പ് സ്വീകരിച്ചവർ | |
|---|---|---|---|
| ഒരുവയസ്സിന് താഴെ | 262 | 258 | 98.40 |

പട്ടിക 5.5.5

| വർഷം | ഐ.പി | ഒ.പി | ത്വക്ക് രോഗം | വാത രോഗം | പകർച്ചവ്യാധികൾ | | | |
|---|---|---|---|---|---|---|---|---|
| | | | | - | ജലം | വായു | പ്രാ | മറ്റു |
| 1992-93 | - | 7291 | 300 | - | 444 | 1520 | 5 | 326 |
| 1993-94 | 18 | 6764 | 645 | -- | | - - | | |
| 1994-95 | 9 | 6273 | 605 | - | 581 | 357 | 5 | 424 |
| 1995-96 | 37 | 10272 | 751 | 22 | 737 | 691 | | 556 |

പട്ടിക 5.5.1 ശിശു -മാതൃ ജനനമരണനിരക്ക്

| ജനം | ഇന്ത്യ | കേരളം | നടുവിൽ |
|---|---|---|---|
| ശിശുമരണനിരക്ക് | 74 | 13.6 | 8 |
| മാതൃമരണ നിരക്ക് | 4 | 0.3 | 0.02 |
| ജനനനിരക്ക് | 28 | 17.1 | 11.2 |
| മരണനിരക്ക് | | | 3.6 |

പട്ടിക 5.5.2.

| | |
|---|---|
| ആകെ ജനസംഖ്യ | 25511 |
| പുരുഷന്മാർ | 11977 |
| സ്ത്രീകൾ | 12151 |
| കുട്ടികൾ | 1383 |
| 14 നും 45 നും മദ്ധ്യേ പ്രായമുള്ള വിവാഹിതരായ സ്ത്രീകൾ | 2660 |
| അമ്മമാർ | 2547 |

*You can't Stop Feeling Cold in winter.*
*But You Can Stop AIDS*

# 5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

നടുവിൽ പഞ്ചായത്തിന്റെ ജീവനാഡികളാണ് ഗതാഗത ശൃംഖലകളായ റോഡുകൾ. ഈ പ്രദേശത്തിന്റെ വികസന ചരിത്രം പരിശോധിച്ചാൽ ഇവിടെ നടന്നിട്ടുള്ള ആദ്യത്തെ സംഘടിത പരിശ്രമം റോഡുകൾക്ക് വേണ്ടിയുള്ളതായിരുന്നു വെന്ന് കാണാം. വികസനം എന്നാൽ റോഡുകളും പാലങ്ങളും നിർമ്മിക്കുകയാണെന്ന് പഴയകാല കാഴ്ചപ്പാടിന് ഇന്നും മാറ്റമുണ്ടായിട്ടില്ല.

ഈ നൂറ്റാണ്ടിന്റെ പൂർവ്വാർധത്തിൽ നടുവിലും പരിസര പ്രദേശങ്ങളിലുമുള്ളവർ വാണിജ്യ-വ്യാപാരാവശ്യങ്ങൾക്ക് ചെങ്ങളായി, തളിപ്പറമ്പ്, ചപ്പാരപ്പടവ് തുടങ്ങിയ വ്യാപാര കേന്ദ്രങ്ങളിലേക്ക് കാൽനടയായി യാത്ര ചെയ്തിരുന്നു.



ഉൽപ്പന്നങ്ങളും ഉപഭോഗ വസ്തുക്കളും ക്രയവിക്രയം ചെയ്യപ്പെട്ടിരുന്നത് തലച്ചുമടായിട്ടായിരുന്നു. ഗതാഗത പ്രശ്നങ്ങൾ അന്ന് തൊട്ടേ വികസന വെല്ലുവിളികളിൽ പ്രധാനപ്പെട്ടതായി മാറി.

നടുവിൽ പഞ്ചായത്ത് ഉൾപ്പെട്ട മലയോര മേഖലയിലെ റോഡുകളിൽ ആദ്യം നിർമ്മിക്കപ്പെട്ടതാണ് തളിപ്പറമ്പ-ആലക്കോട് റോഡ്. 23 കി.മീ ദൈർഘ്യമുള്ള ഈ റോഡ് പഞ്ചായത്തിന്റെ അതിർത്തിയിലൂടെ മാത്രം കടന്നുപോവുന്നു. പഞ്ചായത്തിലെ ഏറ്റവും പ്രധാന ഗതാഗത മാർഗ്ഗം ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല റോഡാണ്. ഇതിന് 16 കി.മീ നീളമുണ്ട്. ദേശസാൽകൃതമായ കണ്ണൂർ കുടിയാൻമല റൂട്ടിൽ കെ.എസ്.ആർ.ടി.സി. 8 ബസ് സർവ്വീസുകൾ നടത്തുന്നുണ്ട്. കണ്ണൂരിൽ നിന്നും ശ്രീകണ്ഠാപുരം വഴി കുടിയാൻമലയിലേക്കും, നടുവിൽ, കരുവൻചാൽ തുടങ്ങിയ സ്ഥലങ്ങളിലേക്കും സ്വകാര്യബസ്സുകൾ ഓടുന്നുണ്ട്. കുടിയേറ്റങ്ങളും കുടിമാറ്റങ്ങളും റോഡുഗതാഗതത്തിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്.

## ടാർ ചെയ്ത റോഡുകൾ

നടുവിൽ പഞ്ചായത്തിലെ ആകെയുള്ള 300.972 കി.മീ. ദൈർഘ്യമുള്ള റോഡുകളിൽ 43.2 കി.മീ. ടാർ ചെയ്തതും ബാക്കി ടാർ ചെയ്യാത്തതുമാണ്. 36.5 കി.മീ പി.ഡബ്ല്യൂ.ഡി. റോഡുകളും 16.7 കി.മീ. പഞ്ചായത്ത് റോഡുകളും ടാർ ചെയ്തതാണ്. നിലവിലുള്ള റോഡുകളിൽ 82% മൺറോഡുകളാണ്.

## പ്രശ്നങ്ങൾ

1. തീവ്രമായ കാലവർഷക്കെടുതികളെ തുടർന്ന് ഓരോ വർഷവും റോഡ് പുനരുദ്ധാരണത്തിന് ഭീമമായ തുകയും മനുഷ്യാധ്വാനവും ആവശ്യമായി വരുന്നുണ്ട്.
2. നിലവിലുള്ള റോഡുകളിൽ വേണ്ടത്ര കലുങ്കുകൾ, പാലങ്ങൾ ഇവ നിർമ്മിച്ചിട്ടില്ല.
3. റോഡുകൾക്ക് കാനകളും കെട്ടുകളും ഇല്ലാത്തതിനാൽ മണ്ണൊലിപ്പിലൂടെ കുണ്ടും കുഴിയുമായിത്തീരുന്നു.
4. പല ഭാഗത്തും റോഡുകൾക്ക് വീതി വേണ്ടത്ര ഇല്ല. ഇത് ഗതാഗത തടസ്സങ്ങൾ സൃഷ്ടിക്കുന്നുണ്ട്.
5. വിവിധ റോഡുകളിലെ കൊടും വളവുകളും കുത്തനെയുള്ള കയറ്റവും ഇറക്കവും നിലനിൽപ്പിനെ സാരമായി ബാധിക്കുന്നുണ്ട്.
6. അനവസരത്തിലുള്ള ടാറിംഗ് പണികളും നിർമ്മാണ രംഗത്തെ സാങ്കേതിക പരിജ്ഞാനക്കുറവും നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥക്കുള്ള കാരണങ്ങളാണ്.
7. റോഡുനിർമ്മാണ-പുനരുദ്ധാരണ വേളയിൽ ജനകീയ ഇടപെടലുകളുടെ അഭാവം.
8. കേന്ദ്രീകൃതാസൂത്രണവും നിർവ്വഹണവും റോഡുഗതാഗത രംഗത്തെ ജനപങ്കാളിത്തം കുറയാൻ കാരണമായി.
9. കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വേണ്ടത്ര കാര്യക്ഷമമല്ല.

## സാധ്യതകൾ

1. നിലവിലുള്ള ഫണ്ടുകൾ കാര്യക്ഷമമായി വിനിയോഗിച്ചും സന്നദ്ധപ്രവർത്തനങ്ങളിലൂടെയും ഒട്ടനവധി പ്രശ്നങ്ങൾ പരിഹരിക്കാം. റോഡ്-കാന നിർമ്മാണം, പുനരുദ്ധാരണം, സൈഡ് കെട്ടൽ തുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തണം. സന്നദ്ധസംഘടനകളും വികസനസമിതികളും റോഡ് ദത്തെടുത്ത് സംരക്ഷിക്കണം..
2. നിലവിലുള്ള റോഡുകൾക്ക് വീതി കൂട്ടിയും വളവുകൾ കഴിയുന്നത്ര നേരെയാക്കിയും പാലങ്ങളും കലുങ്കുകളും നിർമ്മിച്ചും ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.
3. ടൂറിസ്റ്റ് കേന്ദ്രമായ പൈതൽ മലയിലേക്കുള്ള റോഡ് വീതികൂട്ടുകയും ടാറിംഗ് പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തുതീർക്കുകയും വേണം.
4. നിലവിലുള്ള ഗ്രാവൽ റോഡുകൾ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കണം. അതിൽ ഹരിജൻ കോളനികളുമായി ബന്ധമുള്ള റോഡുകൾക്ക് മുൻഗണന നൽകേണ്ടതാണ്.
5. റോഡിന്റെ ഇരുവശങ്ങളിലുമുള്ള അനധികൃത കച്ചവടക്കാരെയും റോഡുഭൂമി കൈവശപ്പെടുത്തിയിരിക്കുന്നവരെയും ഒഴിപ്പിക്കേണ്ടതാണ്
6. റോഡരികിൽ വൃക്ഷതൈകൾ വച്ചു പിടിപ്പിച്ച് പാർശ്വഭാഗങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്താവുന്നതാണ്.
7. നാട്ടുകാർ ശ്രമദാനം വാഗ്ദാനംചെയ്യുന്ന റോഡുകൾക്ക് മുൻഗണന നൽകേണ്ടതാണ്.
8. പ്രധാന മലയോര കേന്ദ്രങ്ങളായ നടുവിൽ, കുടിയാൻമല, കരുവൻചാൽ, തുടങ്ങിയ സ്ഥലങ്ങളിൽ ബസ്സ്റ്റാന്റുകളും ടാക്സി സ്റ്റാന്റുകളും നിർമ്മിക്കണം.

9.നിർത്തിവെച്ച തളിപ്പറമ്പ-വായാട്ടുപറമ്പ-ഒറ്റത്തൈ, കണ്ണൂർ-നടുവിൽ-ചെമ്പന്തൊട്ടി, കണ്ണൂർ-കുടിയാൻമല-താളിപ്പാറ, കണ്ണൂർ-കുടിയാൻമല -ശ്രീക ണ്ഠപുരം ഷെഡ്യൂളുകൾ പുനസ്ഥാപിച്ചും കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ തളിപ്പറമ്പ-കുടിയാൻമല റൂട്ടിൽ അനുവദിച്ചും യാത്രാക്ലേശം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. നടുവിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലെ വ്യത്യസ്തങ്ങളായ ടാക്സി ചാർജ്ജുകൾ ഏകീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഊർജ്ജം

ഒരു രാജ്യത്തിന്റെ വ്യാവസായിക വളർച്ചയിലും ജനങ്ങളുടെ ജീവിത ഗുണതയിലും സ്വാധീനം ചെലുത്തുന്ന ഘടകമാണ് ഊർജ്ജം.

1970 കാലഘട്ടങ്ങളിലാണ് നടുവിൽ പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. ഇനിയും ഈ പഞ്ചായത്തിന്റെ പല ഭാഗ ങ്ങളിൽ വൈദ്യുതി എത്തേണ്ടതായിട്ടുണ്ട്.

മാങ്ങാട്ടുപറമ്പിലും മട്ടന്നൂരുമുള്ള 110 കെ.വി. സബ് സ്റ്റേഷനിൽ നിന്നും, നടുവിൽ പഞ്ചായത്തിലേക്ക് വൈദ്യുതി വിതരണം ചെയ്യുന്നത്. ശ്രീകണ്ഠപുരത്ത് ഒരു സബസ്റ്റേ ഷന്റെ പണി 10 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ചിരുന്നുവെങ്കിലും ഇതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള എല്ലാ ട്രാൻസ് ഫോർമറുകളും ഓവർ ലോഡ് വഹിക്കുന്നവയും കാര്യക്ഷമത കുറവഞ്ഞവയുമാണ്. വോൾട്ടേജ് ക്ഷാമം അടിയന്തിര പ്രശ്നമായി നിലനിൽക്കുന്നു.

പഞ്ചായത്തിലെ കുടുംബങ്ങളിൽ 40% പേർക്ക് മാത്രമെ വൈദ്യുതി ലഭ്യമായിട്ടുള്ളൂ. ആകെയുള്ള കണക്ഷനുകളിൽ ഗാർ ഹിക ഉപഭോഗം 75%വും വ്യാപാര ഉപഭോഗം 20% വും ആണെന്നി രിക്കെ വ്യാവസായിക ഉപഭോഗം 0.8%വും കാർഷിക ഉപഭോഗം 4.2% വും ആണ്. ഇത് നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക കാർഷിക മേഖലയുടെ പിന്നോക്കാവസ്ഥയെ കാണിക്കുന്നു.

പഞ്ചായത്തിൽ 5574 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷനില്ല. പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കൾ കറന്റ് ചാർജ്ജടക്കാൻ 5 മുതൽ 25 കി.മീ. ദൂരം വരെ സഞ്ചരിക്കേണ്ടി വരുന്നു.

പഞ്ചായത്തിലെ ഗണ്യമായ ഭാഗം മീറ്ററുകൾ പ്രവർത്തി ക്കുന്നില്ല. 62 സട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിൽ 90% ത്തോളം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. 3 ഹരിജൻ കോളനികൾ വൈദ്യുതീ കരിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഭൂരിഭാഗം കുടുംബങ്ങളും ഊർജ്ജത്തി നായി വിറകാണ് ഉപയോഗിക്കുന്നത്. ഒരു ചെറിയ വിഭാഗം പാചക വാതകം , ഗോബർഗ്യാസ് , ബയോഗ്യാസ്, സൗരോർജ്ജം തുടങ്ങിയവയും ഉപയോഗിക്കുന്നു.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾക്ക് ആവശ്യക്കാർ ഏറെയുണ്ടെങ്കിലും മുഴുവൻ പേർക്കും ഇവ ലഭ്യമല്ല.

## പ്രശ്നങ്ങൾ

1.പഞ്ചായത്തിലെ ഒട്ടേറെ സ്ഥലങ്ങളിൽ വൈദ്യുതി ഇനിയും എത്തിയിട്ടില്ല.

2. ഭൂരിഭാഗം ട്രാൻസ്ഫോർമറുകളും ഓവർലോഡ് വഹിക്കുന്നവയും പ്രവർത്തനശേഷി കുറഞ്ഞവയുമാണ്.

3. സട്രീറ്റ് ലൈറ്റുകൾ അധികവും കത്തുന്നില്ല.

4. വിതരണ ലൈനിനോട് തൊട്ടുകിടക്കുന്ന മരച്ചില്ലകളും മറ്റും യഥാസമയം മുറിച്ചുനീക്കാത്തത് വൈദ്യുതി നഷ്ടത്തിന് ഇടയാകുന്നുണ്ട്.

5. വ്യാപകമായ സ്റ്റെപ്പ്ളുകളുടെ ഉപയോഗം താഴെകിടയിലുള്ള ജനങ്ങൾക്ക് ഏറെ ദോഷം ചെയ്യുന്നു.

6. അനധികൃത വൈദ്യുത ഉപയോഗം

7. ലൈൻമാൻമാരുടെയും ലൈൻ അസിസ്റ്റന്റ്മാരുടെയും സേവനം ആവശ്യത്തിന് കിട്ടുന്നില്ല.

## സാധ്യതകൾ

1. വൈദ്യുതി എത്താത്ത മേഖലകളിൽ പൊതുജന സഹകര ണത്തോടെ വൈദ്യുതീകരണം നടത്തുക. ഇതുമൂലം കോൺ ട്രാക്ടർമാരുടെ ചൂഷണം തടയാൻ കഴിയും.

2. സ്റ്റെപ്പ്ളുകളുടെ ഉപയോഗം നിയന്ത്രിക്കുക.

3. പ്രസരണ നഷ്ടം കുറക്കുക.

4. വിതരണ ലൈനുകളോട് തൊട്ടുകിടക്കുന്ന മരച്ചില്ലകൾ യഥാസമയം മുറിച്ചുമാറ്റുക.

5. കപ്പാസിറ്റി കൂടിയ ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുക.

6. ശ്രീകണ്ഠപുരം സബ്സ്റ്റേഷന്റെ പണി ഉടൻ പൂർത്തീകരിക്കുക.

7. നടുവിൽ ആസ്ഥാനമായി ഒരു ബിൽ കളക്ഷൻ സെന്റർ ആരംഭിക്കുക.

8. കാർഷികാവശ്യത്തിനുള്ള ലൈൻ ത്രീ-ഫേസ് ആക്കുക.

9. അവികസിത പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് മുൻഗണന നൽകുക.

10. വൈദ്യുതോപയോഗം കുറക്കാൻ 'കോംപാക്ട്' ഫ്ളൂറസന്റ് ലാംബ്',സൗരോർജ്ജ ഉപകരണങ്ങൾ പ്രചരിപ്പിക്കുകയും കഴിയുമെങ്കിൽ സൗജന്യമായി നൽകുകയും വേണം.

11. വിറകിന്റെ ഉപയോഗം കുറക്കാൻ പരിഷത്ത് അടുപ്പ് വ്യാപകമാക്കണം.

12. വാട്ടർ അതോറിറ്റിയുടെ ജല വിതരണം മെച്ചപ്പെടുത്താൻ നടുവിൽ പമ്പ് ഹൗസിനു സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

13. ഒടുവള്ളിത്തട്ടിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക.( നടുവിൽ, ചപ്പാരപ്പടവ്, ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളെ കേന്ദ്രീകരിച്ച്)

14. പൈതൽ മലയിൽ 'വിൻഡ്ഫാം' സ്ഥാപിക്കുക.

# മാർക്കറ്റ്

ആധുനിക ലോകത്തിൽ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിൽ മാർക്കറ്റിംങ് ശൃംഖലകൾ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. നാണ്യവിളകളുടെയും ഭക്ഷ്യവിളകളുടെയും കലവറയായ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രാധാന്യം വലുതാണ്. ഈ പഞ്ചായത്തിൽ കരുവൻചാൽ ഒഴികെ മറ്റു സ്ഥലങ്ങളിൽ ചെറുകിട വ്യാപാര കേന്ദ്രങ്ങൾ മാത്രമേ നിലവിലുള്ളൂ. കുടിയാൻമല, പുലിക്കുരുമ്പ, നടുവിൽ, വെള്ളാട്, ആശാൻകവല, പാത്തൻപാറ, കരുവൻചാൽ തുടങ്ങി ഒരിടത്തും തന്നെ ആസൂത്രിതമായ ഒരു മാർക്കറ്റിംഗ് ശൃംഖലയില്ല. ഭക്ഷ്യ നാണ്യവിളകളുടെ ക്രയവിക്രയവും മറ്റു ഉൽപ്പന്നങ്ങളുടെ കൈമാറ്റവും, മത്സ്യം, മാംസം, പച്ചക്കറി എന്നിവയുടെ വിപണനവും കാര്യക്ഷമമാക്കാൻ ഫലപ്രദമായ മാർക്കറ്റിംഗ് സംവിധാനം രൂപപ്പെടുത്തണം. പല മാർക്കറ്റുകളിലും ശുചീകരണ പ്രവർത്തനങ്ങൾ ശരിയായി നടക്കുന്നില്ല. അറവുശാലകളിൽ നിന്നുള്ള ഉപയോഗശൂന്യമായ വസ്തുക്കൾ മറവുചെയ്യാതെ പരിസരം മലിനപ്പെടുന്ന അവസ്ഥ ഇന്നുണ്ട്. വിവിധ കമ്പോളങ്ങളിൽ റോഡരികിൽ തന്നെ മാലിന്യക്കൂമ്പാരങ്ങൾ കാണാം. ഇത് സാംക്രമിക് രോഗങ്ങൾക്ക് വഴി തെളിക്കുന്നു. ശക്തമായ മാർക്കറ്റിംഗ് ശൃംഖലയുടെ അഭാവം മൂലം കർഷകന് ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാവുന്നില്ല. വാങ്ങുന്നവക്ക് അന്യായവില കൊടുക്കേണ്ടതായും വരുന്നു.

## നിർദ്ദേശങ്ങൾ

1. ഏറ്റവും പ്രധാന വ്യാപാര കേന്ദ്രമായ കരുവൻചാലിൽ പഴം, പച്ചക്കറി, മത്സ്യമാംസാദികൾ എന്നിവക്ക് സൗകര്യപ്രദമായ കെട്ടിടം പണിയണം. ശുദ്ധജലവിതരണം, സാനിട്ടറി സൗകര്യങ്ങൾ, മലിനവസ്തുക്കൾ മറവുചെയ്യാനുള്ള സ്ഥലം എന്നിവ ഉണ്ടായിരിക്കണം.

2. എല്ലാ ടൗണുകളിലും പഞ്ചായത്തുവക വ്യാപാരകേന്ദ്രങ്ങൾ നിർമ്മിച്ച് ന്യായമായ വാടകക്ക് ലഭ്യമാക്കുക.

3. സഹകരണ മേഖലയിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പനയും മാവേലി സ്റ്റോറുകളുടെ പ്രവർത്തനവും വിപുലപ്പെടുത്തുക.

പട്ടിക 5.6.1

ടാർ ചെയ്ത റോഡുകൾ

| ക്രമ.ന | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം(കി.മീ.) | വീതി(മീറ്റർ) | ബസ് യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | നടുവിൽ-കൊക്കായി-ചെമ്പൻതൊട്ടി | പി.ഡബ്ല്യു.ഡി. | 2 | 8 | ഉണ്ട് |
| 2. | ഒടുവള്ളിത്തട്ട്-നടുവിൽ-കുടിയാൻമല | | 17 | 8 | |
| 3. | വേങ്കുന്ന്-പുറഞ്ഞാൺ | | 3 | 8 | |
| 4 | പുലിക്കുരുമ്പ-നരിയൻമാവ്-പുറഞ്ഞാൺ | | 3 | 8 | |
| 5 | കരുവൻചാൽ-വെള്ളാട്-ആശാൻകവല | | 6 | 8 | |
| 6 | കുടിയാൻമല-കനകക്കുന്ന് | | 2.5 | 8 | |
| 7 | മണ്ണംകുണ്ട്-കൊക്കമുള്ള് | | 3 | 8 | |
| 8 | വിളക്കന്നൂർ-മടക്കാട് | പഞ്ചായത്ത് | 1.7 | 8 | |
| 9 | കുടിയാൻമല-പൊട്ടൻപ്ലാവ് | | 2.6 | 8 | ,, |
| 10 | വെള്ളാട്-പാത്തൻപാറ-മുളകുവള്ളി | | 3.5 | 8 | ഇല്ല |
| 11 | വെള്ളാട്-പാറ്റാക്കളം | | 0.4 | 8 | |
| 12 | കരുവൻചാൽ-വായാട്ടുപറമ്പ | | 2 | 8 | |
| 13 | ഹണിഹൗസ്-വായാട്ടുപറമ്പ സ്കൂൾ | | 0.65 | 8 | |
| 14 | നടുവിൽ-പഞ്ചായത്ത് സ്റ്റേഡിയം | | 0.65 | 8 | |
| 15 | നടുവിൽ -പോത്തുകുണ്ട് | | 0.40 | 8 | ,, |
| 16 | വിളക്കണ്ണൂർ-കാണിക്കത്തോട് | ,, | 1.50 | 8 | ഉണ്ട് |
| 17 | കൈതളം-കോട്ടയംതട്ട് | | 0.35 | 8 | ഇല്ല |
| 18 | പാത്തൻപാറ-ക്രാഷ്റോഡ് | | 3 | 8 | |

പട്ടിക 5.6.2

അടിയന്തിരമായി ടാറിംഗ് നടത്തേണ്ട ഗ്രാവൽസ് റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ.ന | വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം(കി.മീ.) |
|---|---|---|---|
| 1 | 1 | വിളക്കന്നൂർ-കണ്ണാടിപ്പാറ | 2.5 |
| 2 | 1,12 | വിളക്കന്നൂർ-ഉടുമ്പുംചീത്ത-വായാട്ടുപറമ്പ | 5 |
| 3 | | വിളക്കന്നൂർ-പുലിമടച്ചാൽ | 1 |
| 4 | | വിളക്കന്നൂർ-കുളത്തൂർ | 2 |
| 5 | ,, | നടുവിൽ-താവുകുന്ന്-കരുവൻചാൽ | 4 |
| 6 | 2 | നടുവിൽ-തോയാട്ട് | 1 |
| 7 | | ബാലവാടി-കുണ്ടുകണ്ടം | 1 |
| 8 | | നടുവിൽ-പെരുവണ്ണി | 2 |
| 9 | ,, | ആട്ടുകുളം-ബാവുപാറ | 0.85 |
| 10 | 1 | നടുവിൽ-തൃക്കോവിൽ ക്ഷേത്രം-അമ്പലക്കുളം | 0.50 |
| 11 | 2 | നടുവിൽ ഹൈസ്കൂൾ ജംഗ്ഷൻ-ബൈരാഗിക്കുളം | 2 |
| 12 | 3 | നടുവിൽ- ഉത്തൂർ | 1.50 |
| 13 | | നടുവിൽ-പുഴലി | 2.5 |
| 14 | | കൊക്കായി-മറ്റത്തൊട്ടി | 2 |
| 15 | | പെരുവണ്ണി-ഓടക്കുണ്ട് | 2 |
| 16 | | എരത്തുംകരി-മാവുംപള്ളം | 1.50 |
| 17 | ,, | മണ്ടളം-മാവുംപള്ളം | 4 |
| 18 | 4 | മാവുംപള്ളം-ചുള്ളിപ്പള്ളം | 2 |
| 19 | | മണ്ടളം-ചേറ്റടി | 3 |
| 20 | | മണ്ടളം-ഭൂദാനം | 1.50 |
| 21 | ,, | നടുവിൽ-പോത്തുകുണ്ട്-താറ്റ്യാട് | 3.50 |

പട്ടിക 5.6.2 ന്റെ തുടർച്ച

| | | | |
|---|---|---|---|
| 22 | 4 | ചേറ്റടി-മാവുഞ്ചാൽ | 2.60 |
| 23 | ,, | ചേറ്റടി-അമ്പലപ്പറമ്പ് | 2 |
| 24 | 5 | പുലിക്കുരുമ്പ-അമ്പലപ്പറമ്പ് | 3 |
| 25 | | പുലിക്കുരുമ്പ-പള്ളിക്കുന്ന് | 1 |
| 26 | ,, | അമ്പലപ്പറമ്പ-പുല്ലംവനം | 1.50 |
| 27 | 6 | പുറഞ്ഞാൺ-കരയത്തുംചാൽ | 1.20 |
| 28 | | ഉരുവച്ചാപ്പുഴ-വണ്ണംകുണ്ട് | 2 |
| 29 | | വണ്ണംകുണ്ട്-നരിയമ്മാവ് | 2 |
| 30 | | വണ്ണംകുണ്ട്-മുല്ലക്കാരി | 1 |
| 31 | | വണ്ണംകുണ്ട്-കൊക്കമുള്ള് | 3 |
| 32 | | ചപ്പാത്ത്-വണ്ണംകുണ്ട് | 2 |
| 33 | | നരിയമ്മാവ്-തട്ടുകുന്ന് | 1 |
| 34 | | അരങ്ങ്-കുടിയാകാപ്പ് | 2.50 |
| 35 | | കൈതളം-തുരുമ്പി | 3 |
| 36 | | കൈതളം-പുല്ലംവനം | 3 |
| 37 | | പുല്ലംവനം-തുരുമ്പി | 1.20 |
| 38 | | പുത്തൻകണ്ടം -കോട്ടയംതട്ട് | 2 |
| 39 | ,, | ചെറുതേൻകല്ല്-കോട്ടയംതട്ട് | 1.50 |
| 40 | 7 | അരങ്ങ്-പാത്തി | 2.50 |
| 41 | | അരങ്ങ്-കോട്ടച്ചോല | 2 |
| 42 | | കോട്ടച്ചോല-തുരുമ്പി | 3 |
| 43 | | പാത്തി-തുരുമ്പി | 2 |
| 44 | | തുരുമ്പി-കോട്ടയംതട്ട് | 2.50 |
| 45 | | തട്ടുകുന്ന്-കോട്ടച്ചോല | 1 |
| 46 | | കോട്ടച്ചോല-മാങ്കുളം | 2 |
| 47 | | കുടിയാൻമല-പാത്തി | 1 |
| 48 | ,, | കുടിയാൻമല-പൊട്ടൻപ്ലാവ്-പുറത്തൊട്ടി | 2 |
| 49 | 7 | പൊട്ടൻപ്ലാവ്-മൂന്നാംകുപ്പ് | 2 |
| 50 | | കുടിയാൻമല-പോത്തൻകവല | 2 |
| 51 | | കുടിയാൻമല-കുടിയാട്ടവളപ്പ്-പൊട്ടൻപ്ലാവ് | 2.80 |
| 52 | | കുടിയാൻമല-മുന്നൂർകൊച്ചി | 2 |
| 53 | | മുന്നൂർ കൊച്ചി-ചെറിയാത്തുകവല | 2.50 |
| 54 | | മുന്നൂർകൊച്ചി-ചെകുത്താൻകാട(1ഉം 2ഉം ഘട്ടം) | 3.50 |
| 55 | | കുടിയാൻമല-കോട്ടച്ചോല | 4 |
| 56 | | കവലപ്ലാവ്-ചെകുത്താൻകാട് | 5 |
| 57 | | കനകക്കുന്ന്-പാത്തൻപാറ | 3 |
| 58 | | പുറത്തൊട്ടി-പൈതൽമല | 1.50 |
| 59 | | കവലപ്ലാവ്-ചെകുത്താൻകാട(2-ാം ഘട്ടം) | 1.40 |
| 60 | | മുന്നൂർകൊച്ചി പാലം-മൂന്നാംകുപ്പ് കവല | 2 |
| 61 | | മൂന്നാം കുപ്പ്കവല-കുടിയാട്ടിവളപ്പ് | 1 |
| 62 | | വളപ്പ്-നാഗത്തട്ട് | 3 |
| 63 | ,, | മുന്നൂർകൊച്ചി-കണ്ണംകുളം | 1.50 |
| 64 | 8 | മൈലംപെട്ടി-കരാമരംതട്ട് | 2.50 |
| 65 | | പാത്തൻപാറ-നൂലിട്ടാമല | 2 |
| 66 | ,, | പാത്തൻപാറ-കരാമരംതട്ട് | 2 |

പട്ടിക 5.6.2 ന്റെ തുടർച്ച

| | | | |
|---|---|---|---|
| 67 | | നരയംകല്ല്-കരാമരംതട്ട് | 1.50 |
| 68 | ,, | പാത്തൻപാറ-പാറമൊട്ട | 2.20 |
| 69 | 7 | പോത്തൻകവല-പാത്തമല | 0.75 |

| | | | |
|---|---|---|---|
| 70 | 9 | വെള്ളാട്-തലക്കൽ | 3.0 |
| 71 | ,, | തലക്കല്ല്-തുരുമ്പി | 3 |
| 72 | ,, | ചെമ്പോച്ചിമൊട്ട-തുരുമ്പി | 2.5 |
| 73 | ,, | ചെമ്പോച്ചിമൊട്ട-കൈപ്പാംകുഴി | 4 |
| 74 | ,, | പാറ്റാക്കളം-മൈലംപെട്ടി | 3 |
| 75 | ,, | മൈലംപെട്ടിത്തട്ട്-മൈലംപെട്ടിത്തോട് | 2 |
| 76 | ,, | പാലയംകുന്ന്-മൈലംപെട്ടി | 1.35 |
| 77 | 10 | ചേടിക്കുണ്ട്-മാവുംചാൽ | 2 |
| 78 | ,, | വെള്ളാട്-തേർമല | 2.6 |
| 79 | ,, | തേർമല-മുത്തയ്യംകുന്ന് | 3 |
| 80 | ,, | ,, -മാവുംചാൽ | 2 |
| 81 | ,, | മാവുംചാൽ-പുല്ലരിയാംപാറ | 5 |
| 82 | ,, | ,, -പാലക്കയംതട്ട് | 1 |
| 83 | ,, | വെള്ളാട്-പത്തിമുണ്ട | 5 |
| 84 | ,, | പ്ലാപാടി-മാവുംചാൽ | 2 |
| 85 | ,, | വെള്ളാട്-പാറ്റാക്കളം | 2 |
| 86 | ,, | പൂവന്നൂർ-തേർമല | 1.5 |
| 87 | ,, | വെള്ളാട്-മാവുംചാൽ | 2 |
| 88 | ,, | മാവുംചാൽ-പത്തിമുണ്ട | 2 |
| 89 | 11 | വെള്ളാട് ആശുപത്രി-ചീത്തപ്പാറ | 2 |
| 90 | ,, | കണിയാൻചാൽ-കല്ലൊടി | 3 |
| 91 | ,, | ,, -ആറാട്ടുകടവ് | 0.4 |
| 92 | ,, | വെള്ളാട്-ആനക്കുഴി | 1.5 |
| 93 | ,, | കണിയാൻചാൽ-മണ്ണംകുണ്ട് | 1 |
| 94 | 12 | ഉടുംമ്പുചീത്ത-താവുകുന്ന് | 2 |
| 95 | ,, | ചണോക്കുണ്ട്-വായാട്ടുപറമ്പ് | 2 |
| 96 | ,, | ഉടുംബുചീത്ത- ,, | 2.5 |
| 97 | ,, | വായാട്ടുപറമ്പ-ആനക്കുഴി | 1.5 |
| 98 | ,, | ആനക്കുഴി-താഴത്തങ്ങാടി | 1.5 |
| 99 | ,, | താഴത്തങ്ങാടി-മുണ്ടച്ചാൽ | 2 |
| 100 | ,, | മുണ്ടച്ചാൽ-കരുവൻചാൽ | 1.5 |
| 101 | ,, | തേർമല-മല്ലക്കളം | 3 |
| 102 | 1 | താവുകുന്ന്-പോത്തുകുണ്ട് | 3 |
| 103 | ,, | ,, - ബക്കിരിമല | 1.5 |
| 104 | ,, | നടുവിൽ ബാലവാടി-ടെംപിൾ-പോത്തുക്കുണ്ട് | 4 |
| 105 | ,, | നടുവിൽ പടിഞ്ഞാറ്-ഓർക്കയം | 5 |
| 106 | 2 | നടുവിൽ-ആട്ടുകുളം | 1 |
| 107 | ,, | ആട്ടുകുളം-ഉത്തൂർ | 1 |
| 108 | 3 | മാവുംപള്ളം-കൊക്കായി | 1.014 |
| 109 | ,, | ബിമ്പനടി-ഒറ്റത്തൊട്ടി | 1.15 |
| 110 | ,, | നടുവിൽ-കോട്ടമല-എർത്താങ്കരി | 2 |
| 111 | 4 | കോട്ടയംതട്ട്-നാരായൺകുളം | 1 |
| 112 | ,, | പോത്തുകുണ്ട്-മണ്ഡളം | 2 |
| 113 | ,, | താറ്റ്യാട്-തേർമല | 1.561 |
| 114 | ,, | ചേറകറടി-കോട്ടയംതട്ട് | 2 |
| 115 | 5 | ചിള്ളിപ്പള്ളം-മാവുംപ്പള്ളം കോർട്ട് | 1.5 |
| 116 | 6 | അരങ്ങ്-കുടിയാക്കാപ്പ് | 2.5 |
| 117 | 12 | ആനക്കുഴി-ഹിപ്പിക്കവെല | 1.2 |

പട്ടിക 5.6.3

യാത്രാസൗകര്യങ്ങൾ ഇല്ലാത്ത പ്രദേശങ്ങൾ

1 നടുവിൽ -പോത്തുകുണ്ട്-കരുവൻചാൽ

2. നടുവിൽ-ഭൂദാനം -താറ്റ്യാട്

3 മണ്ടളം-മാമ്പള്ളം-കരയത്തുംചാൽ

4 നടുവിൽ-താവുകുന്ന്-വായാട്ടുപറമ്പ-കരുവൻചാൽ

5 നടുവിൽ-കണ്ണാടിപ്പാറ

6 പുലിക്കുരുമ്പ-കൈതളം-കോട്ടയംതട്ട്-കനകക്കുന്ന്

7 കുടിയാൻമല-പാത്തൻപാറ-ആലക്കോട്

8 കുടിയാൻമല-കനകക്കുന്ന്-ആശാൻകവല-വെള്ളാട്-കരുവൻചാൽ

9 താറ്റ്യാട്-തേർമല-മല്ലക്കളം-ഹിപ്പിക്കവല-ആനക്കുഴി-വെള്ളാട്

10 നരിയൻമാവ്-മണ്ണംകുണ്ട്

പട്ടിക 5.6.4

നിർമ്മിക്കേണ്ട പാലങ്ങൾ നടപ്പാലം, കലുങ്കുകൾ

| ക്രമ | വാർഡ് | പേര് | |
|---|---|---|---|
| 1 | 1 | പൂവത്താൻകുഴി-ബാവുപ്പാറ-ഉത്തൂർ | പാലം |
| 2 | 1 | വിളക്കന്നൂർ-പോർക്കയം-വായാട്ടുപറമ്പ ഓർക്കയം തോട് | പാലം |
| 3 | | നടുവിൽ-താവുക്കുന്ന്-കരുവൻചാൽ താവുകുന്ന്തോട് | |
| 4 | 4 | പോത്തുകുണ്ട്-മണ്ടളം-കുയിലംപാടിതോട് | ,, |
| 5 | ,, | മണ്ടളം-പുല്ലംവനം-കൊല്ലിത്തോട് | പാലം |
| 6 | 5 | പുലിക്കുലുമ്പ-അമ്പലപ്പറമ്പ്-പുല്ലംവനം | കലുങ്ക് |
| 7 | 6 | കൈതളം-പുല്ലംവനം | |
| 8 | | അരങ്ങ്-പാത്തി | |
| 9 | | ഉരുവച്ചാൽ-മുല്ലക്കരി | |
| 10 | | നരിയൻമാവതോട്-തട്ടുക്കുന്ന് | |
| 11 | | കുടിയാൻമല-പൊട്ടൻപ്ലാവ് | |
| 12 | | കുടിയാൻമല-പള്ളിക്കുന്ന് കുടിയാട്ടിവളപ്പ് | ,, |
| 13 | | കരുവൻചാൽ ടൗൺ | |
| 14 | | കരുവൻചാൽ മാർക്ക് | |
| 15 | | കണിയാൻചാൽ-മണ്ണംകുണ്ട് | ,, |
| 16 | | വെള്ളാട്-ആനക്കുഴി-വായാട്ടുപറമ്പ് | ,, |
| 17 | | വെള്ളാട്-പള്ളിക്കവല-മണ്ണംകുണ്ട് | ,, |
| 18 | | മുണ്ടച്ചാൽ | നടപ്പാത |
| 19 | ,, | മണ്ണംകുണ്ട് പുഴ | ,, |

പട്ടിക 5.6.5

ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയും സ്ഥലവും

| ക്രമ | കെ.വി.എ | സ്ഥലം |
|---|---|---|
| 1 | 100 | കുടിയാൻമല |
| 2 | 100 | കുടിയാൻമല |
| 3 | ,, | അരങ്ങ് |
| 4 | 63 | കൈതളം |
| 5 | ,, | പുലിക്കുരുമ്പ |
| 6 | 100 | നരിയൻമാവ് |
| 7 | | മണ്ടളം |
| 8 | | നടുവിൽ കിഴക്കേ കവല |
| 9 | | പോത്തുകുണ്ട് |
| 10 | | നടുവിൽ |
| 11 | | പത്തിമുണ്ട |
| 12 | | വിളക്കന്നൂർ |
| 13 | | വിളക്കന്നൂർ ലാറ്റക്സ് |
| 14 | ,, | വെള്ളാട് |
| 15 | | വെള്ളാട് |
| 16 | | കരുവൻചാൽ |
| 17 | | കാണിക്കത്തോട് |

# 5.7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം :

നടുവിൽ പഞ്ചായത്തിൽ ഇന്നുള്ള 8797 ഹെക്ടർ ഭൂമി നടുവിൽ വെള്ളാട് ദേവസ്വത്തിന്റെ ഏതാനും ജന്മികളുടെയും അധീനതയിലായിരുന്നു. വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രമായിരുന്ന ഈ പ്രദേശത്തെ ആദ്യകാല അധിവാസകേന്ദ്രം നടുവിൽ ആയിരുന്നു. വന്യമൃഗങ്ങളെ പേടിച്ച് ഏറുമാടങ്ങളിൽ കഴിച്ചുകൂട്ടിയവരും വിരളമായിരുന്നില്ല. കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ആദിവാസികൾ കുടിലുകൾകെട്ടി കൂട്ടമായി താമസിച്ചിരുന്നു. ഈ കുടിലുകൾ പ്രതികൂലകാലാവസ്ഥയെ അതിജീവിക്കാൻകഴിവുള്ള നാട്ടറിവുകളിലൂടെ നിർമ്മിക്കപ്പെട്ടവയായിരുന്നു.

ഈ പഞ്ചായത്തിൽ നല്ലനിലയിൽ നിർമ്മിച്ച ആദ്യവീടുകൾ കൊഴുക്കൽ പൊള്ളോലിടം തറവാടിന്റെയും എം.സി. കേളപ്പൻ നമ്പ്യാരുടെതുമായിരുന്നു. 1928 കളിലെ കുടിയേറ്റത്തിന്റെ ആരംഭം പുതിയൊരു പാർപ്പിട സംസ്കാരത്തിന് വഴിതുറന്നു. കൃഷിഭൂമി വ്യാപിക്കുകയും അവയുടെ സംരക്ഷണത്തിന്ന് താൽക്കാലിക ഷെഡ്ഡുകളിൽ താമസിക്കുകയും ചെയ്യുന്ന രീതി നിലവിൽ വന്നു. 1960 കളോട്കൂടി നല്ല നിലയിലുള്ള വീടുകളും കെട്ടിടങ്ങളും നിർമ്മിക്കാൻ തുടങ്ങി . ആദ്യത്തെ കോൺക്രീറ്റ് കെട്ടിടം 1968 ൽ നിർമ്മിച്ച നടുവിലെ ശ്രീ നാരായണ ഗുരുമന്ദിരമാണ്.

ഇന്ന് കാണുന്ന ഗൃഹനിർമ്മാണ പ്രവർത്തനങ്ങളുടെ തുടക്കം കുറിച്ചത് 1970 കളിലാണ്. വ്യാപകമായ കുടിയേറ്റവും നാണ്യവിള കൃഷിയിൽ നിന്നുണ്ടായ സമ്പത്തും സ്ഥിരമായ കെട്ടിടങ്ങളുടെയും വീടുകളുടെയും നിർമ്മിതികൾക്ക് കളമൊരുക്കി. ആദ്യത്തെ ലക്ഷംവീട് കോളനികൾ വെള്ളാട് കരുവൻചാൽ പ്രദേശങ്ങളിലാണ് ഉയർന്നു വന്നത്. ഇന്ന് പഞ്ചായത്തിൽ 5 കോളനികളിലായി 88 കുടുംബങ്ങൾ അധിവസിക്കുന്നു. ഇന്ന് നിർമ്മിച്ചുകൊണ്ടിരിക്കുന്ന പാർപ്പിടങ്ങളിൽ നല്ലൊരു ഭാഗം കോൺക്രീറ്റ് കെട്ടിടങ്ങളാണ്. മോടിപിടിപ്പിക്കാനും സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും വൻതുക കെട്ടിട നിർമ്മാണത്തിനായി ചെലവഴിക്കുന്ന വിദേശ മലയാളികളടക്കമുള്ള ഒരു ന്യൂനപക്ഷം ഇവിടെയുണ്ട്. ഇത് ആശാവഹമായ ഒരു പ്രവണതയല്ല.

നടുവിൽ പഞ്ചായത്തിലെ 12 വാർഡുകളിലായി ആകെ 7736 വാസയോഗ്യമായ കെട്ടിടങ്ങളുണ്ട്. **പട്ടിക 1**

20 ആദിവാസി കോളനികളിലായി 679 കുടുംബങ്ങളുണ്ട്.



ഈ പഞ്ചായത്തിൽ പേരികളിലും പുറമ്പോക്കുകളിലും താമസിക്കുന്നവരില്ല. ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ദുർബ്ബല വിഭാഗങ്ങൾക്കായി വിവിധ പദ്ധതികളിലൂടെ 265 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

ഭവന നിർമ്മാണത്തിനാവശ്യമായ സാമഗ്രികൾ മിക്കതും പഞ്ചായത്തിന് പുറത്തുനിന്നുമാണ് കൊണ്ടുവരുന്നത്. ഭവന നിർമ്മാണ തൊഴിലാളികൾക്ക് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. അവർ കോൺട്രാക്ടർമാരുടെ കീഴിൽ കേന്ദ്രീകരിക്കപ്പെടുന്നതാണിതിനു കാരണം. പഞ്ചായത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. ഈ മേഖലയിൽ വിദഗ്ദ തൊഴിലാളികളുടെ ലഭ്യത കുറവാണ്. കൂലിനിരക്കുകളിൽ സ്ത്രീ പുരുഷ വ്യത്യാസം നിലനിൽക്കുന്നുണ്ട്. പുരുഷ തൊഴിലാളിക്ക് 125 രൂപയും സ്ത്രീ തൊഴിലാളിക്ക് 75 രൂപയുമാണ് ഇപ്പോഴത്തെ കൂലിനിരക്ക്.

## പ്രശ്നങ്ങൾ

1. ഭവനവായ്പാ പദ്ധതികളുടെ സങ്കീർണ്ണമായ നടപടി ക്രമങ്ങളും കാലതാമസവും മൂലം ഉപഭോക്താക്കൾക്ക് യഥാസമയം വായ്പകൾ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
2. നിലവിലുള്ള പലിശനിരക്ക് വളരെ ഉയർന്നതാണ്.
3. ഗൃഹനിർമ്മാണ സാമഗ്രികളുടെ വില അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
4. ഭവന നിർമ്മാണ വായ്പകൾ സാധാരണക്കാർക്ക് ലഭിക്കാൻ വളരെ പ്രയാസമാണ്.
5. വിദഗ്ധരായ തൊഴിലാളികളെ ആവശ്യത്തിന് കിട്ടുന്നില്ല.
6. ലക്ഷംവീട് കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമാണ്.

7. ഹരിജൻ കോളനികളുടെ പൊതു അവസ്ഥ പരിതാപകരമാണ്.
8. രാജീവ്ദശലക്ഷം ഭവന നിർമ്മാണ പദ്ധതിപ്രകാരം പണിതുടങ്ങിയ വീടുകൾ പൂർത്തീകരിച്ചിട്ടില്ല.
9. ചെലവ് കുറഞ്ഞ വീടുകളെക്കുറിച്ച് അറിവു നൽകുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.
10 വീടുകൾക്ക് വേണ്ടി അമിതമായി പണം ചെലവഴിക്കുന്ന പ്രവണതയുണ്ട്.

## നിർദ്ദേശങ്ങൾ

1. ഭവന നിർമ്മാണവായ്പകളുടെ വ്യവസ്ഥകൾ ഉദാരമാക്കണം. പലിശ നിരക്ക് കുറക്കണം.
2. നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കണം.
3. പഞ്ചായത്തിൽ ' നിർമ്മിതി കേന്ദ്രം മാതൃകയിൽ തൊഴിലാളികൾക്കുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.
4. രാജീവ് ദശലക്ഷം പദ്ധതി പ്രകാരം ആരംഭിച്ച വീടുകളുടെ പണി പൂർത്തിയാക്കണം.
5. ദുർബല വിഭാഗങ്ങൾക്ക് ഗൃഹനിർമ്മാണത്തിനായി നൽകുന്ന സഹായധനം വർദ്ധിപ്പിക്കണം.
6. പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെടുന്നവർക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകണം.
7. ഭവന നിർമ്മാണത്തിനു മുൻപായി പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്ത് അംഗീകരിക്കുക.
8. വീടിനു വേണ്ടി അമിതമായി പണം ചെലവഴിക്കുന്നതിനെതിരെ ബോധവൽക്കരണം നടത്തണം.
9. ഭവന നിർമ്മാണ സഹകരണസംഘങ്ങൾ ആരംഭിച്ച് വായ്പയോടൊപ്പം നിർമ്മാണ സാമഗ്രികളും വിതരണം ചെയ്യണം.

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉയർത്തിക്കൊണ്ടുവരാനുള്ള ദാരിദ്ര്യനിർമ്മാർജ്ജനപദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നപദ്ധതിയുമായി ഇതിനെ തരംതിരിക്കാം തിരിക്കാം. ഈ പദ്ധതികൾക്ക് പുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും, വനിതകളുടെ വികസനത്തിനായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പഞ്ചായത്തിന് ലഭ്യമാകുന്നത്. നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണക്കുറവ്, സാങ്കേതികമായ നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടതാണ്.

പഞ്ചായത്തിൽ 9 അംഗൻവാടികളും , അത്രത്തോളം തന്നെ മഹിളാസമാജങ്ങളുമുണ്ട്. കൂടാതെ പള്ളികളോടനുബന്ധിച്ച് മാതൃസംഘടനകളും സജീവമാണ്. 4500 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നുള്ളതാണ് ഇവിടുത്തെ അനുപാതം. ആയതിനാൽ സാമൂഹ്യക്ഷേമരംഗത്തെ അടിസ്ഥാനപരമായ പ്രവർത്തനം മുരടിച്ചു നിൽക്കുന്നുണ്ട്. ജനക്ഷേമകരങ്ങളായ പദ്ധതികളെക്കുറിച്ച് ജനങ്ങൾക്ക് വേണ്ടത്ര അറിവു ലഭ്യമാകുന്നില്ല എന്നുള്ളത് വലിയ പോരായ്മയാണ്.

## ഐ.ആർ.ഡി.പി. സർവ്വേ ഫലം.

1993-94 ൽ നടത്തിയ ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം 2415 കുടുംബങ്ങളാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ളവർ. അർഹതയുള്ള പലരും ഈ ലിസ്റ്റിൽപ്പെട്ടില്ലെന്നത് ഒരു പാളിച്ചയാണ്. 250 കുടുംബങ്ങൾക്ക് മാത്രമാണ് ഇതുവരെ ധനസഹായം ലഭിച്ചിട്ടുള്ളത്.

പട്ടിക 1

## ട്രൈസം :

തൊഴിൽ പരിശീലനം നേടിയ 24 പേർ പഞ്ചായത്തിലുണ്ട്. എന്നാൽ 9പേർ മാത്രമാണ് സ്വയം തൊഴിൽ കണ്ടെത്തിയത്. മറ്റുള്ളവർ ഈ പരിശീലനം വേണ്ടത്ര ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതിന്റെ പ്രധാനകാരണം പരിശീലനത്തിനുശേഷമുള്ള തുടർസഹായ ലഭ്യതക്കുറവാകാം.

പട്ടിക 2.

## ഡി.ഡബ്ല്യൂ.സി.ആർ.എ പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങൾ :

ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ 6 തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല. ഇത് മുഖാന്തിരം 47 പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽത്തന്നെ മണ്ടളത്ത് ഉണ്ടായിരുന്ന ക്വാറി യൂണിറ്റ് ഇപ്പോൾ പ്രവർത്തനമില്ലാതെ കിടക്കുകയാണ്. മറ്റുള്ള യൂണിറ്റുകൾ നിർജ്ജീവമാണ്.

പട്ടിക 3

കർഷകത്തൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, വികലാംഗ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ ഇവയുടെപൂർണ്ണ വിവരം ലഭിച്ചിട്ടില്ല,

## പ്രശ്നങ്ങൾ

1. ഐ.സി.ഡി.എസ്. പദ്ധതിയനുസരിച്ച് ജനസംഖ്യാ നുപാതികമായി അംഗൻവാടികളില്ല.
2. അംഗൻവാടികൾക്ക് വേണ്ടത്ര ഭൗതികസൗകര്യങ്ങളില്ല.
3. ഐ.ആർ.ഡി.പി. പദ്ധതിയിൽ അർഹരായ മുഴുവൻ ആളുകളെയും ഉൾപ്പെടുത്തിയിട്ടില്ല.
4. ട്രൈസം സ്കീമിൽ തൊഴിൽ പരിശീലനം നേടിയവർ പ്രസ്തുത തൊഴിൽ ചെയ്യാൻ വിമുഖത കാട്ടുന്നു.
5. വിവിധ പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.
6. റേഷൻ കടകളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല.
7. പഞ്ചായത്തിൽ ഒരു പൊതുശ്മശാനമില്ല.
8. വിധവകളുടെ പെൺമക്കൾക്ക് വിവാഹാവശ്യത്തിന് നൽകുന്ന ധനസഹായം തീരെ അപര്യാപ്തമാണ്.
9. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. ദാരിദ്ര്യനിർമ്മാർജ്ജനത്തിനായുള്ള ക്ഷേമ പദ്ധതികളെപ്പറ്റി ബോധവൽക്കരണം നടത്തണം.
2. ഡി.ഡബ്ല്യൂ.സി.ആർ.എ. യൂണിറ്റുകളിൽ വരേണ്ടുന്ന 10 പേരിൽ 5
പേർ ഐ.ആർ.ഡി.പി. ലിസ്റ്റിൽ നിന്നും 5 പേരെ അർഹതക്കനുസരിച്ച് ഗുണഭോക്താക്കളാക്കുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകണം.
3. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കണം.
4. വിധവകളുടെ പെൺമക്കൾക്ക് വിവാഹാവശ്യങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കണം.
5. അംഗൻവാടികളിൽ കളിക്കോപ്പുകൾ, കക്കൂസ്, കുടിവെള്ളം, മറ്റ് അത്യാവശ്യ സൗകര്യങ്ങൾ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തണം.
6. നിർധനരായ രോഗികൾക്കുള്ള സാമ്പത്തിക സഹായം സാമൂഹ്യക്ഷേമ വകുപ്പ് മുഖേന ലഭ്യമാക്കുക.
7. വായാട്ടുപറമ്പ്, ആനക്കുഴി, കണിയാൻചാൽ, കരുവൻചാൽ ലക്ഷംവീട്കോളനി, വെള്ളാട് പള്ളിക്കവല, കോരൻപ്ലാവ്, തേർമല, മാവുംചാൽ, ചെമ്പ്‌വെച്ചമൊട്ട, മൈലംപെട്ടി, വിളക്കന്നൂർ, താവുകുന്ന്, പാറ്റാക്കളം, നടുവിൽ പടിഞ്ഞാറ്., പുല്ലംവനം, ചള്ളിപ്പള്ളം, അരങ്ങ്, പൊട്ടൻപ്ലാവ്, പത്തിമുണ്ട എന്നിവിടങ്ങളിൽ അംഗൻവാടികൾ സ്ഥാപിക്കുക.
8. സി.ആർ.എസ്.പി. സ്കീം പ്രകാരം നല്കപ്പെടുന്ന 2000 രൂപ 5000രൂപയായി ഉയർത്തണം.
9. അംഗൻവാടി ജീവനക്കാരെ സർക്കാർജീവനക്കരായി അംഗീകരിക്കണം

നടുവിൽ പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ച വിവരം 1994 ലെ കണക്ക്

| വാർഡ് | ഒന്നിൽ കൂടുതൽ നില | കോൺക്രീറ്റ് | ഓട് | ഓല | മറ്റു | ആകെ |
|---|---|---|---|---|---|---|
| 1 | 25 | 80 | 652 | 12 | 7 | 776 |
| 2 | 5 | 44 | 524 | 12 | 9 | 594 |
| 3 | 15 | 124 | 815 | 18 | 7 | 979 |
| 4 | 3 | 34 | 717 | 25 | 12 | 791 |
| 5 | 7 | 91 | 860 | 19 | 9 | 986 |
| 6 | 3 | 18 | 495 | 14 | 4 | 534 |
| 7 | 3 | 24 | 470 | 22 | 7 | 526 |
| 8 | | 12 | 365 | 21 | 4 | 402 |
| 9 | 4 | 39 | 668 | 39 | 17 | 767 |
| 10 | 5 | 50 | 455 | 37 | 6 | 553 |
| 11 | 30 | 104 | 671 | 18 | 7 | 830 |
| ആകെ | 100 | 670 | 6692 | 227 | 89 | 7738 |

ഐ.ആർ.ഡി.പി. ഭവന നിർമ്മാണം

| വാർഡ് | പൂർത്തീകരിച്ച വീടുകൾ |
|---|---|
| 1 | 2 |
| 2 | 1 |
| 3 | 22 |
| 4 | 78 |
| 5 | 28 |
| 6 | 10 |
| 7 | 3 |
| 8 | 65 |
| 9 | 36 |
| 10 | 20 |
| 11 | 20 |
| ആകെ | 255 |

ഐ.ആർ.ഡി.പി സർവ്വേ പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ

| | |
|---|---|
| ആകെ കുടുംബങ്ങൾ | 2415 |
| എസ്.സി-എസ്.റ്റി | 251 |
| സാമ്പത്തിക സഹായം ലഭിച്ചവർ | 260 |
| എസ്.സി-എസ്.റ്റി | 156 |
| സഹായം മൂലം ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയവർ | 43 |

ട്രൈസം തൊഴിൽ പരിശീലനം നേടിയവർ

| പേര് | പരിശീലനം ലഭിച്ചവർ | തൊഴിൽ കണ്ടെത്തിയവർ | ഇതര |
|---|---|---|---|
| ടൈലറിംഗ് | 5 | 5 | |
| റേഡിയോ മെക്കാനിസം | | | |
| റെക്സിൻ ബാഗുണ്ടാക്കൽ | 5 | 2 | 3 |
| പ്ലംബിംങ്ങ് | 5 | – | |
| വയറിംഗ് | 4 | | |
| ഓട്ടോ മൊബൈൽ വെൽഡിംഗ് | 5 | 1 | 2 |

| തൊഴിൽ സംരംഭം | ആരംഭിച്ച വർഷം | നിലനിൽക്കുന്ന അംഗങ്ങൾ | |
|---|---|---|---|
| വനിതാ ഹോട്ടൽ കരുവൻചാൽ | 1990-91 | 2 | നാമമാത്രം പ്രവർത്തിക്കുന്നു |
| ഡയറി യൂണിറ്റ് വായാട്ടുപറമ്പ് | 1991-92 | 10 | ,, |
| പന്നിക്കൂട് പുലിക്കുരുമ്പ | 1991-92 | 15 | |
| ക്വാറി യൂണിറ്റ് മണ്ടളം | 1993-94 | | പ്രവർത്തിക്കുന്നില്ല |
| ആയുർവേദ സസ്യ കൃഷി പൊട്ടൻപ്ലാവ് | 1995-96 | 10 | പ്രവർത്തിക്കുന്നു |
| ഐശ്വര്യ ഡയറി യൂണിറ്റ് നടുവിൽ | 1993-94 | 10 | |

# സംസ്കാരം 5.8



## ആമുഖം :

ഭാരത സംസ്കാരത്തിന്റെ അന്ത:സത്ത മുഴുവൻ ഉൾക്കൊള്ളുന്നതാണ് നടുവിൽ പഞ്ചായത്തിന്റെ സാംസ്കാരിക പൈതൃകം. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഇടകലർന്ന് ജീവിക്കുന്ന ഇവിടെ, ഈ മതവിഭാഗങ്ങളുടെയെല്ലാം ആചാരങ്ങളുടെയും ആഘോഷങ്ങളുടെയും വിശ്വാസങ്ങളുടെയും ആകെ തുകയായ ഒരു നൂതന സംസ്കാരമാണ് ഉള്ളത്. പഞ്ചായത്തിന്റെ ആരംഭകാലത്ത് ഹിന്ദുക്കളായിരുന്നു കൂടുതൽ എന്നാൽ കുടിയേറ്റത്തിന്റെ ഫലമായി ഇന്ന് ജനസംഖ്യയിൽ ഒന്നാം സ്ഥാനത്ത് ക്രിസ്ത്യാനികളും രണ്ടാം സ്ഥാനത്ത് ഹിന്ദുക്കളും മൂന്നാം സ്ഥാന് മുസ്ലീങ്ങളുമാണ് ഉള്ളത്. ഹിന്ദുക്കളിൽ തന്നെ, ഇവിടുത്തെ ആദിവാസികളായ കരിമ്പാലൻ, മാവിലൻ, എന്നിവർ നിർണ്ണായകമാണ്. വർഗ്ഗീയതയുടെ വിഷക്കാറ്റുകൾ കേരളത്തിന്റെ പല ഭാഗങ്ങളിലും പ്രചണ്ഡതാണ്ഡവമാടിയപ്പോഴും നടുവിൽ പഞ്ചായത്തിലെ സുശക്തമായ മതേതരത്വത്തിന്റെ മതിൽക്കെട്ടുകൾ അവയെ നിഷ്പ്രയാസം തടഞ്ഞുനിർത്തി എന്നത് ഈ പഞ്ചായത്തിലെ വിവിധ മതവിഭാഗങ്ങളിൽപ്പെട്ട ജനങ്ങളുടെ ഉന്നത സാംസ്കാരിക ബോധത്തെ വെളിപ്പെടുത്തുന്നു

## ആഘോഷങ്ങൾ :

ഓണം, ക്രിസ്മസ്, ബക്രീദ്, ഈസ്റ്റർ , വിഷു, റംസാൻ, എന്നീ ആഘോഷങ്ങൾ ഇവിടുത്തെ മുഴുവൻ ജനങ്ങളുടെയും ഉത്സവമായി മാറുന്നു. ക്രിസ്ത്യൻ പള്ളികളിലെ തിരുനാളുകൾ, ഹിന്ദുക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ, മുസ്ലീം പള്ളികളിലെ മഖാം ഉറൂസുകൾ എന്നിവ ഇവിടുത്തെ മറ്റാഘോഷങ്ങളാണ്. മഴക്കാലം കഴിഞ്ഞാൽ പഞ്ചായത്തിൽ അങ്ങോളമിങ്ങോളം ഈ ആഘോഷങ്ങളുടെ വേലിയേറ്റമാണ്. എല്ലാ മത വിഭാഗങ്ങളിൽപ്പെട്ടവരും ഈ ആഘോഷങ്ങളിൽ പങ്കെടുക്കുന്നു.

## സാംസ്കാരിക സ്ഥാപനങ്ങൾ

ഉന്നതസാംസ്കാരിക മൂല്യങ്ങളുടെ വിത്ത് പാകിയവർ ഈ പഞ്ചായത്തിലെ പഴയ തലമുറയാണ്. അവർ സ്ഥാപിച്ച സാംസ്കാരിക നിലയങ്ങളായ വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ എന്നിവയുടെ നീണ്ട പട്ടികയുണ്ട് . ഇവയിൽ ഏറ്റവും കൂടുതൽ പഴക്കമുള്ള വിദ്യാലയം 1924 ൽ സ്ഥാപിതമായ നടുവിൽ എൽ.പി.സ്കൂളാണ്. വളരെയധികം പ്രതിഭാശാലികളെ മെനഞ്ഞെടുത്ത ഈ കലാലയം ഇന്നും നടുവിൽ പഞ്ചായത്തിന്റെ ആസ്ഥാനമായ നടുവിൽ പട്ടണത്തിൽ ഹൃദയഭാഗത്ത് വിനയാന്വിതമായി നിലകൊള്ളുന്നു. പഴക്കത്തിൽ രണ്ടാം സ്ഥാനത്ത് ഉടുംബുംചാലിയിൽ 1954 ൽ സ്ഥാപിച്ച വായാട്ടുപറമ്പ് സെന്റ് ജോസഫ് യു.പി. സ്കൂൾ ആണ്. തുടർന്ന് ധാരാളം വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ടു. അവയുടെ പട്ടിക5-4 ചേർത്തിരിക്കുന്നു. ഇന്ന് ഈ പഞ്ചായത്തിൽ ഒരു ടെക്നിക്കൽ ഹൈസ്കൂൾ, 4 ഹൈസ്കൂളുകൾ, 5 യു.പി.സ്കൂളുകൾ, 5 എൽ.പി.സ്കൂളുകൾ എന്നിവ പ്രവർത്തിക്കുന്നു.

## ആരാധനാലയങ്ങൾ

ആരാധനാലയങ്ങളിൽ ഏറ്റവും പഴക്കം ചെന്നവ നടുവിൽ ശ്രീ ചുഴലി ഭഗവതി ക്ഷേത്രം, വെള്ളാട് ശിവക്ഷേത്രം, നടുവിൽ ശ്രീകൃഷ്ണ ക്ഷേത്രം എന്നിവയാണ്. മുസ്ലീം പള്ളികളിൽ പഴക്കം ചെന്നവ നടുവിൽ ജുമാ മസ്ജിദ് കരുവൻചാൽ ജുമാ മസ്ജിദ് എന്നിവയാണ്. ഏറ്റവും പഴക്കമുള്ള ക്രിസ്ത്യൻ പള്ളി വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ചർച്ച് ആണ്. ഈ പഞ്ചായത്തിലെ മുഴുവൻ ആരാധനാലയങ്ങളുടെയും പട്ടിക1ൽ ചേർത്തിരിക്കുന്നു.

## ഗ്രന്ഥശാലകൾ

നടുവിൽ പഞ്ചായത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന് പ്രധാന പങ്ക് വഹിച്ചിട്ടുള്ളത് ഇവിടെ പ്രവർത്തിച്ചിരുന്ന ഗ്രന്ഥശാലകൾ, വായനശാലകൾ, ക്ലബ്ബുകൾ എന്നിവയാണ്. ഇവയിൽ പഴക്കം ചെന്ന ഗ്രന്ഥശാലയും വായനശാലയും നടുവിൽ ഹൈസ്കൂളിന് സമീപം ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്ത് വായനശാലയാണ്. വെള്ളാട് പബ്ലിക് ലൈബ്രറി, കമ്മ്യൂണിറ്റി റിക്രിയേഷൻ സെന്റർ ഉടുംബുംചിത്ത( സി.ആർ.സി.) എന്നിവയും ഈ പഞ്ചായത്തിന്റെ ആദ്യ കാലത്ത് ഉടലെടുത്ത സാംസ്കാരിക നിലയങ്ങളാണ്. കൂടാതെ, 1956 ൽ ഇൻഡോ അമേരിക്കൻ സോഷ്യൽ റിക്രിയേഷൻ സെന്റർ ആന്റ് ലൈബ്രറി എന്നൊരു സ്ഥാപനം വായാട്ടുപറമ്പിൽ പ്രവർത്തിച്ചിരുന്നു. ഈ പഞ്ചായത്തിൽ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രന്ഥശാലകൾ, വായനശാലകൾ, ക്ലബ്ബുകൾ എന്നിവയുടെ വിശദവിവരങ്ങൾ താഴെ

പറയുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്നു.

## സാക്ഷരതാ പ്രവർത്തനം

മേൽപ്പറഞ്ഞ സാംസ്കാരിക സ്ഥാപനങ്ങളൊക്കെത്തന്നെ ഈ പഞ്ചായത്തിലെ സാക്ഷരതാനിരക്ക് വർദ്ധിപ്പിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. തളിപ്പറമ്പ് ബ്ലോക്കിന്റെ നേതൃത്വത്തിൽ നടന്ന വയോജന വിദ്യാഭ്യാസം പ്രവർത്തന്യമഖസാക്ഷരത, കണ്ണൂർ നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ നടന്ന അനൗപചാരിക വിദ്യാഭ്യാസ പരിപാടി, കാൻഫെഡ്, ഗ്രന്ഥശാലാ സംഘം, ശാസ്ത്രസാഹിത്യ പരിഷത്ത് എന്നിവയുടെ ആഭിമുഖ്യത്തിൽ നടന്ന സാക്ഷരതാ പരിപാടികൾ, അവസാനമായി 1990 ൽ നടന്ന കേരള സർക്കാരിന്റെ സമ്പൂർണ്ണ സാക്ഷരതാ യജ്ഞം എന്നിവയിലൊക്കെത്തന്നെ ഈ പഞ്ചായത്തിലെ ജനങ്ങൾ സജീവമായി പങ്കെടുത്തിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായി ഇന്ന് ഈ പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് ഏകദേശം 90% ആണ്.

## പ്രസിദ്ധീകരണങ്ങൾ

സാക്ഷരതാ നിരക്കിന്റെ വർദ്ധനവ് പഞ്ചായത്തിലെ ജനങ്ങളുടെ വായനാശീലം വർദ്ധിപ്പിച്ചിട്ടുണ്ട്. മലയാള ഭാഷയിലെ മിക്കവാറും എല്ലാ പ്രസിദ്ധീകരണങ്ങളും ഇവിടെ പ്രചാരത്തിലുണ്ട്. ഇവയിൽ പത്രങ്ങൾ, വാരികകൾ, മാസികകൾ, ചിത്രമാസികകൾ, കാർട്ടൂണുകൾ, ബാലമാസികകൾ, വനിതാമാസികകൾ എല്ലാം ഉൾപ്പെടുന്നു. ദിനപ്പത്രങ്ങളിൽ കൂടുതൽ പ്രചാരമുള്ളത് മലയാള മനോരമ, മാതൃഭൂമി എന്നിവയാണ്. കൂടാതെ ദീപിക, ചന്ദ്രിക, കേരള കൗമുദി, മാധ്യമം, മംഗളം, ദേശാഭിമാനി, വീക്ഷണം, എന്നീ പത്രങ്ങളും മാതൃഭൂമി, മനോരമ, മംഗളം, മനോരാജ്യം, കേരളശബ്ദം, ഇൻഡ്യാ ടുഡെ, വീക്ക് തുടങ്ങിയ വാരികകളും വനിതാ, ഗൃഹലക്ഷ്മി, കന്യക തുടങ്ങിയ വനിതാ മാസികകളും, യുറീക്ക, ശാസ്ത്രകേരളം, ബാലരമ, ബാലമംഗളം എന്നീ മാസികകളും ധാരാളമായി പ്രചാരത്തിലുണ്ട്.

## റേഡിയോ, ടി.വി

പഞ്ചായത്തിൽ റേഡിയോ വളരെയധികം ഉപയോഗിക്കപ്പെടുന്നു. എന്നാൽ ടിവി പൊതുവെ കുറവാണ്. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ ടിവി സംപ്രേഷണം ലഭ്യമല്ലാത്തതാണ് ഇതിന് കാരണം. ഇത് പരിഹരിക്കാൻ ഒരു പരിധി വരെ ഡിഷ് ആന്റിനകൾ സഹായിക്കുന്നു. വായനശാലകളിൽ പുലിക്കുരുമ്പ ഗാന്ധി മെമ്മോറിയൽ വായനശാല, വെള്ളാട് പൊതുജന വായനശാല എന്നിവിടങ്ങളിൽ ടിവി യുണ്ട്.

## കലാരൂപങ്ങൾ

നടുവിൽ പഞ്ചായത്തിന്റെ തനതായ കലാരൂപം ഒന്നും തന്നെയില്ല. മലബാറിന്റെ പ്രത്യേകമായ അനുഷ്ഠാനകലയായ തെയ്യങ്ങൾ ഇവിടെയുമുണ്ട് അവയിൽ പ്രധാനപ്പെട്ടവ ചാമുണ്ഡി, കുട്ടിച്ചാത്തൻ, കരിയാത്തൻ, ഭൈരവൻ, പുതിയ ഭഗവതി എന്നിവയാണ്. വണ്ണാൻ, മലയൻ എന്നീ സമുദായക്കാരാണ് തെയ്യം കെട്ടുന്നത്. കൂടാതെ ക്രിസ്മസ്സ് കരോളിനോടൊപ്പമുള്ള ക്രിസ്മസ്സ് പപ്പാ, വിഷുക്കണിയിലെ ശ്രീകൃഷ്ണൻ എന്നിവയും ആകർഷണീയമായ കലാരൂപങ്ങളാണ്. കരിമ്പാലരുടെ സീതക്കളി ഒരു പ്രാചീന കലാരൂപമാണ്.

## വിശ്വാസങ്ങളും ആചാരങ്ങളും

ഇവിടുത്തെ ആദിവാസികൾ പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പാലിച്ചിരുന്നു. കുടിയേറ്റക്കാരായ പുതിയ ജനവിഭാഗങ്ങളെ അവർ ഭയപ്പെടുകയും അവരിൽനിന്നും അകന്നു നില്ക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. തീണ്ടൽ, തൊടീൽ എന്നീ ആചാരങ്ങളും അവർക്കിടയിൽ നിലനിന്നിരുന്നു. അതുപോലെ ഉയർന്ന ജാതിയിൽപ്പെട്ട നമ്പൂതിരി, നമ്പ്യാർ എന്നീ വിഭാഗങ്ങളും തീണ്ടലും തൊടീലും ആചരിച്ചിരുന്നു. എന്നാൽ പുതിയ തലമുറ ഈ ആചാരങ്ങളെല്ലാം കൈ വെടിഞ്ഞുകഴിഞ്ഞു.

## കലാ-കായികരംഗം

പരമ്പരാഗത പ്രാചീന കലകളോടൊപ്പം തന്നെ, ആധുനിക കലകളും കൂടിച്ചേർന്നതാണ് കലാരംഗം. കൈകൊട്ടിക്കളി, തിരുവാതിരകളി, കോൽക്കളി, മാർഗ്ഗംകളി, ഒപ്പന, ദഫ്മുട്ട്, നാടകം, നൃത്തം തുടങ്ങിയ കലകൾ എല്ലാ ആഘോഷങ്ങളിലും കാണപ്പെടുന്നു. കായികരംഗത്ത് ധാരാളം പ്രതിഭകളെ ഈ പഞ്ചായത്ത് സംഭാവന ചെയ്തിട്ടുണ്ടെങ്കിലും ദേശീയ രംഗത്ത് ശോഭിച്ചവരാരും തന്നെയില്ല. പഴമയും പുതുമയും കലർന്ന ഓട്ടം. ചാട്ടം, കസേരകളി, വടംവലി, ഗോലികളി, തലപ്പന്തുകളി, കിളിത്തട്ടുകളി, വോളിബോൾ, ഫുട്ബോൾ, ബാസ്ക്കറ്റ്ബോൾ,ബാറ്റ്മിന്റൺ, ക്രിക്കറ്റ്, ചെസ്സ്, ക്യാരംസ് എന്നീ മത്സരങ്ങൾ കായികരംഗത്ത് പ്രചാരം നേടിയിരുന്നു.

## പ്രശ്നങ്ങൾ

1. ആഘോഷങ്ങൾക്ക് പണ്ടുള്ള ജനപങ്കാളിത്തമോ ആകർഷണീയതയോ ഇന്നു കാണുന്നില്ല.
2. വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിക്കുകയും സൗകര്യങ്ങൾ കൂടുകയും ചെയ്തപ്പോൾ കുട്ടികളിൽ വിജ്ഞാന തൃഷ്ണ കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു.
3. ആരാധനാലയങ്ങളിൽ വിശ്വാസികളുടെ എണ്ണം കുറഞ്ഞു വരുന്നു. മതപരമായ ചടങ്ങുകൾക്ക് ഭക്തിയും വിശ്വാസവും കുറഞ്ഞിരിക്കുന്നു.
4. ഗ്രന്ഥശാലകൾ ഉപയോഗിക്കുന്നവരുടെ എണ്ണം കുറയുന്നു. വായനാശീലം കുറയുന്നോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഈടുറ്റ ഗ്രന്ഥങ്ങൾ വായിക്കുന്നതിനേക്കാൾ നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളിൽ വായനാശീലം ഒതുക്കുന്നതായി കാണപ്പെടുന്നു. വിജ്ഞാന തൃഷ്ണയില്ലാതെ നേരമ്പോക്കിന്

വായിക്കുന്ന ശീലം വർദ്ധിച്ചു വരുന്നു.

5. സാക്ഷരതാ പ്രവർത്തനങ്ങൾക്ക് പണ്ടുള്ള വീറും വാശിയും താൽപ്പര്യവും കാണപ്പെടുന്നില്ല. സാമൂഹ്യ സേവനത്തിനുള്ള സന്മനസ്സ് യുവതലമുറയിൽ കുറഞ്ഞുവരുന്നു.

6. ടിവി യുടെ പ്രചാരം കുറവാണെങ്കിലും ടിവി യിൽ കാണുന്നവയുടെ അനുകരണ ഭ്രമം കൂടുതലാണ്.

7. കലാകായിക രംഗത്ത് പണ്ടുണ്ടായിരുന്ന താൽപ്പര്യം ഇന്നത്തെ യുവജനങ്ങളിൽ കാണുന്നില്ല. അനുയോജ്യമായ സൗകര്യങ്ങളില്ലാത്തതാവാം ഒരു പ്രധാന കാരണം- കമ്മ്യൂണിറ്റി ഹാളോ, സൗകര്യമുള്ള സ്റ്റേഡിയമോ പഞ്ചായത്തിലില്ല.

8. മൂല്യങ്ങളെ വില കുറച്ച് കാണുന്ന , സുഖലോലുപതയ്ക്ക് പ്രാമുഖ്യം നൽകുന്ന, സ്വാർത്ഥതയുടെ പിടിയിൽ അമർന്ന് അദ്ധ്വാനിക്കാൻ മടിക്കുന്ന പുതിയ തലമുറയാണോ വരാൻ പോകുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

9. ഗൾഫ് പണത്തിന്റെയും പാശ്ചാത്യസംസ്കാരത്തിന്റെയും അതിപ്രസരം നമ്മുടെ സംസ്കാരത്തെ പുതിയൊരു സംസ്കാരമാക്കുമോ ? - ചെത്ത് സംസ്കാരം.!!

## നിർദ്ദേശങ്ങൾ

1. ഓരോ വാർഡിലും പഞ്ചായത്ത് വക വായനശാലയും ഗ്രന്ഥാ ലയവും സ്ഥാപിക്കുകയും വർത്തമാനപത്രങ്ങൾ, റേഡിയോ, ടിവി, സൗജന്യമായി നൽകുകയും സ്ഥാപനം നോക്കിനടത്താൻ ലൈബ്രേറിയനെ നിയമിക്കുകയും ചെയ്യുക.
2. വായനശാലകളോടനുബന്ധിച്ച് സാക്ഷരതാ ക്ലാസ്സുകൾ നടത്തുക.
3. ഉടുമ്പുംചീത്ത സി.ആർ.സി. പോലുള്ള പഴയ സാംസ്കാരിക സ്ഥാപനങ്ങൾ പുനരുദ്ധരിക്കുക
4. പഞ്ചായത്തിൽ ടിവി സംപ്രേക്ഷണ നിലയം സ്ഥാപിക്കുക.
5. ക്ലബ്ബുകൾ മഹിളാ സമാജങ്ങൾ സാംസ്കാരിക കേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാമ്പത്തിക സഹായം നൽകുക.
6. പഞ്ചായത്തിൽ 2 കമ്മ്യൂണിറ്റി ഹാളുകളും 4 സ്റ്റേഡിയങ്ങളും നിർമ്മിക്കുക.
7. നല്ല നിലയിൽ പ്രവർത്തിക്കുന്ന വായനശാലകൾക്കും ഗ്രന്ഥാ ലയങ്ങൾക്കും ക്ലബ്ബുകൾക്കും പ്രോത്സാഹന സമ്മാനങ്ങളും അവാർഡുകളും നൽകുക.
8. ആദിവാസി മേഖലകളിൽ പ്രത്യേകമായി ഗ്രന്ഥാലയവും പൊതുവായനശാലകളും സ്ഥാപിക്കുക.
9. കെട്ടിടമില്ലാത്ത ഗ്രന്ഥാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ ഗ്രാന്റ് നൽകുക.

## ആരാധനാലയങ്ങൾ

| | |
|---|---|
| ശ്രീ ചുഴലി ഭഗവതി ക്ഷേത്രം | നടുവിൽ |
| ശിവ ക്ഷേത്രം | വെള്ളാട് |
| ,, ,, | തേർമല |
| ശ്രീകൃഷ്ണ ക്ഷേത്രം | നടുവിൽ |
| ജുമാ മസ്ജിദ് | നടുവിൽ |
| ,, ,, | കരുവൻചാൽ |
| സെന്റ് ജോസഫ്സ് ചർച്ച് | വായാട്ടുപറമ്പ |
| സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് | വെള്ളാട് |
| സെന്റ് ആന്റണീസ് ചർച്ച് | പാത്തൻപാറ |
| സെന്റ് ജോസഫ്സ് ചർച്ച് | നടുവിൽ |
| ക്രിസ്തുരാജാ ചർച്ച് | വിളക്കന്നൂർ |
| ലിറ്റിൽ ഫ്ളവർ ചർച്ച് | കരുവൻചാൽ |
| സെന്റ് ആസ്റ്റ്യൻസ് ചർച്ച് | പുലിക്കുരുമ്പ |
| സെന്റ് തോമസ് ചർച്ച് | ആശാൻ കവല |
| സെന്റ് മേരീസ് യാക്കോബായ പള്ളി | തുരുമ്പി |
| സെന്റ് ജോസഫ്സ് ചർച്ച് | പൊൻമല |
| സെന്റ് ജൂഡസ് ചർച്ച് | മണ്ടളം |
| സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ചർച്ച് | അരങ്ങ് |
| കാത്തലിക് ചർച്ച് | തേർമല |
| കാത്തലിക് ചർച്ച് | മാവുംചാൽ |

തൊഴിലിൻെറ കൂട്ടത്തിൽ ഗണിക്കപ്പെടുന്നുമില്ല. DWCRA പ്രകാരം 6 തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞെങ്കിലും അവയുടെ

പ്രവർത്തനം കാര്യക്ഷമമല്ല. (സാമൂഹ്യ ക്ഷേമ പട്ടിക 3 നോക്കുക).

## ആരോഗ്യം:

മറ്റ് പ്രദേശങ്ങളിലെപ്പോലെ തന്നെ നടുവിൽ പഞ്ചായത്തിലും ആരോഗ്യ നിലയിൽ സ്ത്രീകൾ വളരെ പിറകിലാണ്. പോഷകാഹാര കുറവുമായി ബന്ധപ്പെട്ട രോഗങ്ങൾ സ്ത്രീകൾക്കാണ് കൂടുതൽ കണ്ടുവരുന്നത്. കുടുംബാ സൂത്രണം നടത്തുന്നവരിൽ സ്ത്രീകളാണ് അധികവും. കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച 4481-ൽ 2547 പേർ സ്ത്രീകളാണ്. ഗർഭിണികളുടെ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്ന സ്ത്രീകളുടെ എണ്ണത്തിൽ വലിയ അന്തരം കണ്ടുവരുന്നുണ്ട്.

**ടെറ്റനസ് ടോക്സോയിഡ്**

| ഗർഭിണികൾ | 1D | 2D | 3D |
|---|---|---|---|
| | 130 | 91 | 51 |

വീടുകളിലെ വിറകടുപ്പിലെ പുക, വിശ്രമമില്ലാത്തതൊഴിൽ എന്നിവയുടെ ആധിക്യം സ്ത്രീകൾക്ക് വിളർച്ചയും ശ്വാസകോശ സംബന്ധമായ രോഗങ്ങളും ഉണ്ടാക്കുന്നു. എന്നാൽ രോഗചികിത്സക്കായി എത്തുന്ന സ്ത്രീകൾ വളരെ കുറവാണ്. കുടുംബ ഉത്തരവാദിത്വത്തിൻെറ സമയക്കുറവുമൂലം രോഗം മൂർദ്ധന്യാവസ്ഥയിൽ എത്തുമ്പോൾ മാത്രമാണ് സ്ത്രീകൾ ആശുപത്രിയിൽ പോകുന്നത്.

സ്ത്രീകളുടേയും കുട്ടികളുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന 9 അംഗൻവാടികൾ പഞ്ചായത്തിലുണ്ട്. (പട്ടിക 1) അംഗൻവാടി വഴി നിലവിൽ 224 ഗർഭിണികളിൽ 87 പേർക്ക് പോഷകാഹാരം ലഭിക്കുന്നു. നല്ലൊരു ശതമാനം ഗർഭിണികൾക്കും പോഷകാഹാരം ലഭിക്കുന്നില്ല എന്നു കാണാം. അതുപോലെ 223 മുലയൂട്ടുന്ന അമ്മമാരിൽ 85 പേർക്ക് മാത്രമാണ് പോഷകാഹാരം ലഭിക്കുന്നത്. മാത്രമല്ല അംഗൻവാടി വഴി ലഭിച്ചുവന്നിരുന്ന ഭക്ഷണസാധനങ്ങളുടെ അളവ് വളരെയധികം കുറച്ചിരിക്കുന്നു. എണ്ണ , ഗോതമ്പ് മുതലായവ തീരെ ലഭിക്കുന്നില്ല.

നടുവിൽ പഞ്ചായത്തിലെ സംഘടനാരംഗത്ത് പ്രവർത്തി ക്കുന്ന സ്ത്രീകളുടെ എണ്ണവും വനിതാ സംഘടനകളുടെ എണ്ണവും തുലോം കുറവാണ്. രാഷ്ട്രീയ

പാർട്ടികളുടെ വനിതാസംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. മഹിളാ സമാജങ്ങൾ, പള്ളികളുമായി ബന്ധപ്പെട്ട സ്കൂളുകളിലെ മാതൃ സംഘടനകൾ എന്നിവ നന്നായി പ്രവർത്തിക്കുന്നു. അംഗൻവാടികൾ വഴി ആരോഗ്യം , പ്രതിരോ ധകുത്തിവയ്പ്പുകൾ, കുടുംബക്ഷേമം, സമ്പാദ്യശീലം, അടുക്കളത്തോട്ടം എന്നിവയെക്കുറിച്ച് ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കാറുണ്ട്. സാക്ഷരതാ തുടങ്ങിയ പ്രവർത്ത നങ്ങളിൽ സ്ത്രീകളുടെ വർദ്ധിച്ച പങ്കാളിത്തം പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്.

ജീവിതത്തിലെ എല്ലാകാര്യത്തിലും പുരുഷാധിപത്യ ആശയങ്ങൾ ഇന്നും തുടരുന്നതിൻെറ ഫലമായിട്ട് സ്ത്രീകളുടെ സാമൂഹ്യപദവിയിൽ വലിയ കുറവ് നിലനിൽക്കുകയാണ്. വീട്ടുജോലികളത്രയും കാണാപ്പണികളായി തന്നെ നിലനിൽക്കുന്നു. കുടുംബത്തിലെ പൊതുപ്രശ്നങ്ങളിൽ തീരുമാനമെടുക്കുന്ന കാര്യത്തിൽ സ്ത്രീ അവഗണിക്കപ്പെടുന്നു.

പുരുഷൻമാരുടെ മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന നിരവധി സ്ത്രീകൾ പഞ്ചായത്തിലുണ്ട്. അതുപോലെതന്നെ സ്ത്രീകൾ കുടുംബനാഥകളായകുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. നിത്യജീവിതത്തിലെ എല്ലാ പ്രാരബ്ധങ്ങളും പേറേണ്ടിവരുന്ന അവൾ വളരെ ദുരിതം അനുഭവിക്കുന്നു. മുസ്ലീം-ക്രിസ്ത്യൻസമു ദായങ്ങളിൽ സ്ത്രീധന സമ്പ്രദായം വർദ്ധിച്ചുവരുന്നു. മറ്റ് സമുദായങ്ങളിലേക്കും ഈ സമ്പ്രദായം വ്യാപിച്ചുവരുന്നതായി കാണാം.

സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും മിക്കവാറും വീടുകളിലും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ വളരെ പരിമിതമാണ്. അതുപോലെ കുടിവെള്ളത്തിനുവേണ്ടി വേനൽക്കാലത്ത് വളരെദൂരെ പോയി വെള്ളം ശേഖരിക്കേണ്ട സ്ഥിതി പഞ്ചായത്തിലെ പല പ്രദേശങ്ങളിലുമുണ്ട്.

വായനയുമായി ബന്ധപ്പെട്ട് ചർച്ചചെയ്യുമ്പോൾ നിലവിൽ പഞ്ചായത്തിലുള്ള ഗ്രന്ഥശാല സൗകര്യം ഉപയോഗപ്പെടുത്തുന്ന സ്ത്രീകൾ ഇല്ലെന്നു തന്നെ പറയാം. (പട്ടിക 5.9.1, 5.9.2, 5.9.3 ശ്രദ്ധിക്കുക)

## പ്രശ്നങ്ങൾ:

1. പൊതുപ്രവർത്തനത്തിൽ സ്ത്രീകളുടെ സമയക്കുറവ്.
2. സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെടുന്ന സ്ത്രീകളെ പലപ്പോഴും മോശമായി ചിത്രീകരിക്കുന്നു.

# 5.9
# വനിതാക്ഷേമം

കേരള വികസന പ്രക്രിയയിലെ ഏറ്റവും വലിയ ദൗർബല്യങ്ങളിൽ ഒന്ന് സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്നുള്ളതാണ്. ദുർബല ജന വിഭാഗങ്ങളോടൊപ്പം വനിതകളും ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ പോരായ്മകൾ പരിഹരിക്കണമെങ്കിൽ വനിതാക്ഷേമ രംഗത്ത് കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്.

പഞ്ചായത്തിലെ സാമൂഹ്യ-രാഷ്ട്രീയ സാംസ്കാരിക രംഗങ്ങളിൽ മുൻകാലങ്ങളിലും സ്ത്രീ പങ്കാളിത്തം തുലോം കുറവായിരുന്നു. വിവിധ കാരണങ്ങളാൽ ദേശീയ സമരഘട്ട ത്തിലും കർഷക പോരാട്ടകാലഘട്ടത്തിലും കാര്യമായ ഒരു ചലനവും നമ്മുടെ പഞ്ചായത്തിൽ നടന്നിരുന്നില്ല. അതുകൊണ്ട് തന്നെ ഈ കാലഘട്ടത്തിൽ പൊതുവിൽ കണ്ടുവന്നിരുന്ന വനിതാരംഗത്തെ മുന്നേറ്റം പഞ്ചായത്തിൽ തടയപ്പെട്ടു.

## വിദ്യാഭ്യാസം :

1923-24 വർഷത്തിൽ നടുവിൽ പ്രാഥമിക വിദ്യാലയം സ്ഥാപിച്ചുവെങ്കിലും സാധാരണ കുടുംബത്തിലെ സ്ത്രീക ൾക്ക് ഈ സൗകര്യം കാര്യമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞില്ല. കുടിയേറ്റത്തിന്റെ നാളുകളിൽ പ്രകൃതിയോടും കാട്ടുമൃഗങ്ങളോടും പകർച്ച വ്യാധികളോടും അവൾ പുരുഷനോടൊപ്പം പോരാടിയതായി കാണാം. നിലനിൽപ്പിനുവേണ്ടിയുള്ള സമരത്തിൽ പുരുഷനോടൊപ്പം മണ്ണിൽ വിയർപ്പുചിന്തി യതിന്റെ ഫലമായിട്ടാണ് ഇന്ന് കാണുന്ന സമൃദ്ധി നേടിയെടുക്കാൻ കഴിഞ്ഞത്. ആദിവാസി വിഭാഗത്തിൽപ്പെട്ട സത്രീകൾ ജന്മിമാരുടെ ഭൂമിയിൽ കൂലിവേല ചെയ്യുകയും കായ്കനികളും കാട്ടുകിഴങ്ങുകളും സംഭരിക്കുകയും ചെയ്തിരുന്നു. മറ്റ് വിഭാഗത്തിൽപ്പെട്ട സ്ത്രീകളും കൂലിപണിചെയ്ത് കുടുംബം പോറ്റിപ്പോന്നു.

1931-ലെ സെൻസസ് പ്രകാരം 1050 പുരുഷൻമാരും 937 സ്ത്രീകളും പഞ്ചായത്തിവുണ്ടായിരുന്നു. 1991 -ലെ സെൻസസ് പ്രകാരം 15008 പുരുഷൻമാരും 14,579 സ്ത്രീകളും പഞ്ചായത്തിലുണ്ട്.

സ്ത്രീ-പുരുഷ അനുപാതം ( 1000 പുരുഷൻമാർക്ക്)

| | | |
|---|---|---|
| ഇന്ത്യ | 1000 | 929 |
| കേരളം | 1000 | 1036 |
| കണ്ണൂർ | 1000 | 1101 |
| നടുവിൽ | 1000 | 968 |

പഞ്ചായത്തിലെ സ്ത്രീ-പുരുഷ അനുപാതം സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. 91 ലെ സെൻസസ് പ്രകാരം സാക്ഷരതാനിരക്ക് പുരുഷന്മാരുടേത് 93.53% വും സ്ത്രീകളുടേത് 88.19% വുമാണ്.

വിദ്യാഭ്യാസകാര്യങ്ങളിൽ ആൺകുട്ടികൾ പെൺകുട്ടികളേക്കാൾ എണ്ണത്തിൽ കൂടുതലുണ്ട്. ആകെ 6473 വിദ്യാർത്ഥികളിൽ 3154 പെൺകുട്ടികളും 3319 ആൺകുട്ടികളുമാണ്. എന്നാൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളാണ് സ്കൂളിൽ പോകുന്നവരിൽ കൂടുതൽ. പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് വളരെ കൂടുതലായി കാണപ്പെട്ടുവരുന്നു. അദ്ധ്യാപകരുടെ എണ്ണത്തിൽ വനിതാദ്ധ്യാപകരാണ് കൂടുതൽ. ആകെ 249 അദ്ധ്യാപകരിൽ 126 പേർ വനിതകളാണ്. വിദ്യാലയങ്ങളിലെ പഠനനിലവാരത്തിലും പെൺകുട്ടി കളാണ് മുൻപന്തിയിൽ. എന്നാൽ സാങ്കേതിക വിദ്യാഭ്യാ സരംഗത്തും ഉന്നത വിദ്യഭ്യാസ രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം തുലോം കുറവായിട്ട് അനുഭവപ്പെടുന്നു.

## തൊഴിൽ:

ഈ പഞ്ചായത്തിലെ തൊഴിൽ മേഖലയിലെ സ്ത്രീകളിൽ കൃഷിയുമായി ബന്ധപ്പെട്ട തൊഴിലെടുക്കുന്നവരാണ് അധികവും. കൂലി നിരക്കിൽ സ്ത്രീ - പുരുഷ അന്തരം വളരെ വലുതാണ്. പുരുഷന്മാർക്ക് ഉച്ചപ്പണിക്ക് 55-60 രൂപ ലഭിക്കുമ്പോൾ സ്ത്രീകൾക്ക് 35-40 രൂപയാണ് കൂലി നിരക്ക്. അതുപോലെ പണിയെടുക്കുന്ന സമയത്തിലും വളരെ അന്തരമുണ്ട്. പുരുഷന്മാർ ഉച്ചപ്പണി 1 മണിക്ക് അവസാനി പ്പിക്കുമ്പോൾ സ്ത്രീകൾ ഏകദേശം 2.30 വരെ ജോലിചെയ്യാൻ നിർബന്ധിതരാകുന്നു. കൃഷിപ്പണി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിൽ ചെയ്യുന്ന മേഖല കെട്ടിടനിർമ്മാണം, മൃഗസംരക്ഷണം, നൂൽനൂൽപ്പ്, തയ്യൽ, ചെങ്കൽ-കരിങ്കൽ തുടങ്ങിയ മേഖലകളിലാണ്. പഞ്ചായത്തിലെ നിരവധി സ്ത്രീകൾ ആതുര ശുശ്രൂഷാ രംഗത്തും, മിഷനറിരംഗത്തും കേരളത്തിലും വെളിയിലും സേവനമനുഷ്ഠിക്കുന്നുണ്ട്. സ്ത്രീകളിൽ ബഹുഭൂരിപക്ഷം പേരും തൊഴിൽ രഹിതരാണ്. എന്നാൽ അവർ ചെയ്യുന്ന മൃഗസംരക്ഷണം, കുട്ടികളുടെ പരിചരണം, ഭക്ഷണം പാകം ചെയ്യൽ, തുടങ്ങിയ നിരവധി കാണാ പ്പണികൾ

## അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം

പട്ടിക -5.9.1

വയസ്സു വരെ

| അംഗൻവാടി | 1 വയസ്സിനു താഴെ | 1-2 വരെ | 2-3 വരെ | 3-5 വരെ | ആകെ |
|---|---|---|---|---|---|
| പാത്തൻ പാറ | 31 | 48 | 46 | 103 | 228 |
| വെള്ളാട് | 88 | 81 | 86 | 334 | 589 |
| പോത്തുകുണ്ട് | 59 | 57 | 54 | 246 | 416 |
| നടുവിൽ | 64 | 56 | 58 | 156 | 334 |
| ഉത്തൂര് | 44 | 55 | 61 | 156 | 316 |
| ചേറ്റടി | 41 | 52 | 16 | 91 | 200 |
| പുലിക്കുരുമ്പ | 41 | 65 | 72 | 156 | 334 |
| കോട്ടച്ചോല | 75 | 116 | 56 | 141 | 388 |
| പുറഞ്ഞാൺ | 30 | 61 | 84 | 181 | 356 |
| ആകെ | 473 | 591 | 533 | 1564 | 3161 |

പട്ടിക -5.9.2

| അമ്മമാർ/ ഗർഭിണികൾ | | | | | |
|---|---|---|---|---|---|
| അംഗൻവാടിപ്രദേശം | ഗർഭിണികൾ | | | | |
| | | പ്രത്യേക പരിചരണം വേണ്ടവർ | മുലയൂട്ടുന്നവർ | കഴിഞ്ഞവർഷംജനനം | ആകെ |
| പാത്തൻപാറ | 38 | 3 | 16 | 31 | 88 |
| വെള്ളാട് | 35 | - | 32 | 88 | 155 |
| പോത്തുകുണ്ട് | 19 | 19 | 26 | - | 64 |
| നടുവിൽ | 28 | 8 | 30 | 64 | 130 |
| ഉത്തൂര് | 15 | 7 | 22 | 44 | 88 |
| ചേറ്റടി | 10 | 4 | 12 | 21 | 47 |
| പുലിക്കുരുമ്പ | 15 | 5 | 17 | 36 | 73 |
| കോട്ടച്ചോല | 16 | 10 | 18 | 75 | 119 |
| പുറഞ്ഞാൺ | 18 | 3 | 20 | 35 | 76 |
| ആകെ | 194 | 59 | 193 | 394 | 840 |

പട്ടിക -5.9.3

കുട്ടികളുടെ ആരോഗ്യപോഷക നിലവാരം

| പ്രായം | നോർമൽ | | 1ാം ഗ്രേഡ് | | 2ാം ഗ്രേഡ് | | 3ാം ഗ്രേഡ് | | ആകെ | | മൊത്തം |
|---|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | |
| 1 വയസ്സിൽ താഴെ | 182 | 177 | 50 | 49 | 15 | 10 | - | - | 247 | 236 | 483 |
| 1-3 വയസ്സ് | 314 | 292 | 134 | 141 | 91 | 86 | - | - | 539 | 519 | 1058 |
| 3-6 വയസ്സ് | 452 | 410 | 252 | 223 | 87 | 92 | 1 | | 792 | 725 | 1517 |
| ആകെ | 948 | 879 | 436 | 413 | 193 | 188 | 1 | | 1578 | 1480 | 3058 |

3 . സ്ത്രീകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.

4. തൊഴിൽ മേഖലയിൽ പ്രാഥമിക സൗകര്യങ്ങളുടെ കുറവും കൂലി നിരക്കലെ സ്ത്രീ -പുരുഷ അന്തരവും നിലനിൽക്കുന്നു.

5. തൊഴിൽ മേഖലയിൽ സ്ത്രീകൾ ചൂഷണം ചെയ്യപ്പെടുന്നു.

6. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്ത്രീകൾക്ക് വേണ്ടത്ര ആത്മവിശ്വാസമില്ല.

7. സർക്കാർ സഹായ പദ്ധതികളെക്കുറിച്ച് യഥാസമയം അറിവ് ലഭിക്കുന്നില്ല.

8. മദ്യപാനം കുടുംബകലഹങ്ങൾക്കും സ്ത്രീ പീഢനങ്ങൾക്കും ഇടയാക്കുന്നു.

9. വനിതാ വ്യവസായ സംരംഭങ്ങൾ കുറവാണ്.

10. DWCRA യുടെ പ്രവർത്തനം കാര്യക്ഷമമല്ല.

11 അംഗൻവാടികളുടെ എണ്ണത്തിൽ കുറവും സ്ഥാപനങ്ങളുടെ പോരായ്മകളും നിലനിൽക്കുന്നു.

12 അംഗൻവാടി ജീവനക്കാർക്ക് ന്യായമായ പ്രതിഫലം ലഭിക്കുന്നില്ല.

13. സ്ത്രീകൾക്കിടയിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ധാരാളം ഉണ്ട്.

## സാദ്ധ്യതകൾ ; പദ്ധതി നിർദ്ദേശങ്ങൾ

1.മഹിളാ സമാജങ്ങളുടെ പ്രവർത്തനം സജീവമാക്കുക. രജിസ്ടർ ചെയ്തവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും സമാജങ്ങളില്ലാത്ത സ്ഥലങ്ങളിൽ അവ രൂപീകരിക്കുകയും ചെയ്യണം.

2. മഹിളാ സമാജങ്ങൾ വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി ബോധവത്ക്കരണവും (ലൈംഗീകം, ആരോഗ്യപരം) സാമ്പത്തീക മോചനവും സാദ്ധ്യമാക്കാം

(a). കോഴി, ആട്, പശു, പന്നി എന്നിവ വളർത്തുന്നതിന് ഗ്രൂപ്പ് യൂണിറ്റകൾ

(b). അടുക്കളത്തോട്ടം, സോഷ്യൽ ഫോറസ്ട്രി, തീറ്റിപ്പുൽകൃഷി, ഔഷധസസ്യത്തോട്ടം എന്നിവ ആരംഭിക്കുക; പരിശീലന പരിപാടികൾ ഏർപ്പെടുത്തുക.

(c). തുണി, റബ്ബർ, പാൽ, കേരജം, പ്ലാസ്റ്റിക്ക്, ക്ഷീരജം, സോപ്പ്, മെഴുകുതിരി, ടിൻഫുഡ്സ്, പഴം, പച്ചക്കറി, മസാലത്തരങ്ങൾ, ബുക്ക്ബൈൻറിംഗ് എന്നിവ അടിസ്ഥാനപ്പെടുത്തി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. വനിതാ വ്യവസായ സംരംഭക ക്യാമ്പുകൾ സംഘടിപ്പിക്കുക.

(d).മഹിളാസമാജങ്ങളോടൊപ്പം ലൈബ്രറി, വായനശാല

3 വിദ്യാഭ്യാസ സമ്പ്രദായത്തിൽ തൊഴിൽ പരിശീലനം ഉൾപ്പെടുത്തണം.

4. സ്ത്രീധന വഴക്കുകൾ കുറക്കാൻ സ്ത്രീകൾക്ക് കുടുംബസ്വത്തിന്റെ ഓഹരി ഉറപ്പുവരുത്തുക.

(a). വിവാഹധൂർത്ത് കുറയ്ക്കുക.

(b).സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.

(c).സ്ത്രീപീഢന കേസ്സുകൾ കേൾക്കാൻ സഞ്ചരിക്കുന്ന കോടതി.

5. തൊഴിൽ മേഖലയിൽ കൂലി വ്യവസ്ഥയിലുള്ള സ്ത്രീ-പുരുഷ വ്യത്യാസം എടുത്തുകളയണം. എല്ലാ തുറയിലും തുല്യ ജോലിക്ക് തുല്യ വേതനം .

6. പെൺകുട്ടികൾക്ക് പ്രത്യേക കായിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തണം- കളരി, കരാട്ടെ, സൈക്കിൾ സവാരി

7. പി.എച്ച്.സി. കളിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി പ്രത്യേക ഡോക്ടറെ വെയ്ക്കണം.

(a) സ്കൂളുകളിലും ഓഫീസുകളിലും സ്ത്രീകൾക്ക് പ്രത്യേക പ്രാഥമിക ആവശ്യ സൗകര്യങ്ങൾ -

(b) എല്ലാ വീടുകളിലും കുടിവെള്ളം

(c) എല്ലാ വീടുകൾക്കും കക്കൂസ്-സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സഹായ പദ്ധതി.

8. അംഗൻ വാടികളുടെ പശ്ചാത്തല സൗകര്യവും പോഷകാഹാര പദ്ധതികളും മെച്ചപ്പെടുത്തൽ.

(a). അംഗൻ വാടികളില്ലാത്ത വാർഡുകളിൽ അവ ആരംഭിക്കാൻ പദ്ധതി

9. പഞ്ചായത്തുകളിൽ ഇന്നുള്ളതുപോലെ സഹകരണ ബാങ്ക്, ഗ്രന്ഥാലയങ്ങൾ/വായനശാലകൾ, വികസന സമിതികൾ, നിയമസഭ, പാർലമെന്റ് എന്നിവിടങ്ങളിൽ സ്ത്രീ പ്രാതിനിധ്യം മൂന്നിലൊന്ന് എന്നത് ഒരു പൊതുതത്വമായി അംഗീകരിച്ചാൽ പൊതു പ്രവർത്തനം അപഹാസ്യമാണെന്ന ധാരണ മാറും- പൊതു പ്രവർത്തകരായ മഹിളകൾ അംഗീകാരം നേടും.

* * * *

# 5.10 സഹകരണം

വിദേശത്ത് മനുഷ്യസ്നേഹികളും, സാമൂഹ്യപരിഷ്കർത്താക്കളും 'പരസ്പരസഹായത്തിലൂടെ സ്വാശ്രയത്വം' എന്ന തത്വം പ്രായോഗിക തലത്തിൽ പരീക്ഷിച്ചതിന്റെ ഫലമായി ആധുനിക സഹകരണ പ്രസ്ഥാനം നിലവിൽ വന്നു. റോബർട്ട് ഓവൻ, റോച്ച് ഡൽ, എന്നിവർ ഇംഗ്ലണ്ടിൽ വ്യാവസായിക വിപ്ലവാനന്തര കാലഘട്ടത്തിൽ ഉപഭോക്തൃ മേഖലയിലും റൈഫിസൺ, ഷൂംസ് ഡെലീഷ് എന്നിവർ ജർമ്മനിയിൽ കാർഷിക-കാർഷികേതര വായ്പാരംഗത്തും സഹകരണ സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ചു.

ഇൻഡ്യയിലെ സഹകരണ പ്രസ്ഥാനം സർക്കാരിന്റെ സൃഷ്ടിയായിരുന്നു. 1904, 1912, എന്നീ വർഷങ്ങളിലെ സഹകരണ നിയമങ്ങളും 1919 ലെ മൊണ്ടേഗ് ചേംസ് ഫോഡ് ഭരണപരിഷ്കാരങ്ങളും 1946 ലെ സഹകരണ ആസൂത്രണ കമ്മിറ്റിയുടെയും (സരയ്യ കമ്മറ്റി 1954 ലെ അഖിലേന്ത്യാ ഗ്രാമീണ വായ്പാന്വേഷണ കമ്മിറ്റിയുടെയും (ഗോർവാലാ കമ്മിറ്റി) റിപ്പോർട്ടുകളും തെളിച്ചിട്ട പാതയിലൂടെ ഔദ്യോഗിക പരിപാലനയിൽ സഹകരണ പ്രസ്ഥാനം വളർത്തപ്പെട്ടു. ഐറിഷ് സഹകാരിയായ സർ ഹോറേസ് പ്ലങ്കറ്റ് ഇൻഡ്യൻ സഹകരണ രംഗത്തെ വിശേഷിപ്പിച്ചത് '*കേന്ദ്രഗവ:രൂപം നൽകി ലോകത്തിലെ മികച്ച ഭരണ കർത്താക്കളെന്നറിയപ്പെടുന്ന ഇന്ത്യൻ സിവിൽ സർവ്വീസിലെ കാര്യശേഷിയുള്ള ഉദ്യോഗസ്ഥരാൽ നിയന്ത്രിതമായ ഇന്ത്യൻ സഹകരണ പ്രസ്ഥാനം*' എന്നാണ്

'ആസൂത്രണത്തിനൊപ്പിച്ചുള്ള വികസന പരിപാടികളുടെ ഒരു ഭാഗമെന്ന നിലയിൽ സഹകരണ മേഖല പടുത്തുയർത്തുക എന്നത് ദേശീയ നയത്തിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. സഹകരണ രീതിയിലുള്ള സംഘടനക്ക് പ്രത്യേകിച്ചും അനുയോജ്യമായ പല രംഗങ്ങളുണ്ട്. കാർഷിക വായ്പ, വിപണനം, സംസ്കരണം, ഉപഭോക്തൃ സഹകരണ സംഘങ്ങൾ, കൈത്തൊഴിൽകാരുടെ സഹകരണ സംഘങ്ങൾ, തൊഴിൽ സഹകരണ സംഘങ്ങൾ, മരാമത്ത് സംഘങ്ങൾ, ഇവയെല്ലാം എടുത്ത് പറയാവുന്നതാണ്. ഈ രാജ്യത്ത് സഹകരണം ഒരു സാമ്പത്തിക പ്രവർത്തനത്തിന്റെ അടിത്തറയാക്കികൊണ്ടുവരാനുദ്ദേശിക്കുന്നത്.' രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പ്ലാനിംഗ് സംഗ്രഹത്തിൽ കമ്മീഷൻ വിഭാവനം ചെയ്തത് അങ്ങനെയാണ്.

## കാർഷിക വായ്പാ രംഗം:

ഒന്നാം പഞ്ചവത്സര പദ്ധതിയുടെ അന്ത്യഘട്ടത്തിലാണ് നടുവിൽ പഞ്ചായത്തിൽ ആദ്യത്തെ സഹകരണസ്ഥാപനം നിലവിൽ വരുന്നത്. 1956 സെപ്തംബർ 14 ന് നടുവിൽ ഐക്യനാണയ സംഘം ക്ലിപ്തം, നമ്പർ എൽ.എൽ. 136 രജിസ്റ്റർ ചെയ്യപ്പെട്ടു. 3-10-56 ന് പ്രവർത്തനം ആരംഭിച്ചു. 15-2-1962 വരെ അതേ പേരിൽ പ്രവർത്തിച്ച് 16-2-1962 മുതൽ നടുവിൽ സർവ്വീസ് സഹകരണ സംഘമായി. 6-9-1972 മുതൽ സഹകരണ സംഘം ബാങ്ക് പദവി നേടി. ഇന്ന് നടുവിൽ ആസ്ഥാനത്തിന് പുറമേ കരുവൻചാൽ, പുലിക്കുരുമ്പ, മണക്കടവ്, എന്നിവിടങ്ങളിലുള്ള ശാഖകളോടെ നടുവിൽ ഗ്രാമപഞ്ചായത്തിലെ സഹകരണ വായ്പാ രംഗത്ത് മുഖ്യസ്ഥാപനമായി വിരാജിക്കുന്നു.

കരുവൻചാൽ ശാഖയുടെ കീഴിലുണ്ടായിരുന്ന കൺസ്യൂമർ സ്റ്റോർ ഉപഭോക്തൃ വിതരണ രംഗത്ത് റിക്കാർഡ് കുറിച്ച നേട്ടം കൈവരിച്ചുവെങ്കിലും ഇന്ന് നിഷ്ക്രിയമായി. വളം, കീടനാശിനി വിതരണരംഗത്ത് നടുവിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ വിറ്റുവരവ് മികച്ച സേവനത്തിന്റെ സൂചകമാണ്. കൊപ്രാ സംഭരണരംഗത്തും മികവ് തെളിയിച്ചിട്ടുണ്ട്. വായ്പാവിതരണരംഗത്തും വായ്പേതര വ്യാപാരത്തിലുമുള്ള പുരോഗതിയുടെ പട്ടിക പട്ടിക 5.10..1 കൊടുക്കുന്നു.

## ഉപഭോക്തൃസഹകരണ മേഖല:

20-7-66 ന് രജിസ്റ്റർ ചെയ്യപ്പെടുകയും 6-8-66 ന് പ്രവർത്തനമാരംഭിക്കുകയും ചെയ്ത നടുവിൽ പഞ്ചായത്ത്, കോ-ഓപറേറ്റീവ് കൺസ്യൂമർ സ്റ്റോർ ക്ലിപ്തം, നമ്പർ സി 1015 നിത്യോപയോഗ സാധനങ്ങളുടെ വിപണന രംഗത്ത് 5 വർഷം സേവനം കാഴ്ച വെച്ചു. 1992-93 മുതൽ രംഗത്ത് നിന്നും നിഷ്ക്രമിച്ചിരിക്കുകയാണ്. 15-9-92 ന് രജിസ്റ്റർ ചെയ്യപെട്ട കരുവൻചാൽ കൺസ്യൂമർ സ്റ്റോർ, സി. 1275 പ്രവർത്തനമാരംഭിച്ചിട്ടില്ല.

ഉപഭോക്തൃസഹകരണ രംഗത്ത് നമ്മുടെ പഞ്ചായത്തിന് മാതൃക കാട്ടുന്നത് വിദ്യാർത്ഥിസഹകരണ സംഘങ്ങളാണെന്നത് ശ്രദ്ധേയമാണ്. 20 ഇന പരിപാടിയുടെ ഭാഗമായി പഠനോപകരണങ്ങൾ കുട്ടികൾക്ക് ന്യായവിലക്ക് എത്തിക്കുന്നതിനായി 1970 കളിലാണ് വിദ്യാലയ സഹകരണ സംഘങ്ങൾ ആരംഭിച്ചത്. നടുവിൽ പഞ്ചായത്തിൽ 4 വിദ്യാലയ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചിലത് കേവലം ടെക്സ്റ്റ് ബുക്ക്, നോട്ട് ബുക്ക് വ്യാപാരം കൊണ്ട് തൃപ്തിപ്പെടുമ്പോൾ ചിലവ സ്റ്റേഷനറി ഇനത്തിൽ പെട്ട നിത്യോപയോഗ സാധങ്ങളുടെ വിതരണരംഗത്ത് സ്തുത്യർഹമായ സേവനം നടത്തുന്നു. അവയെല്ലാം പൊതുവിൽ ലാഭത്തിൽ നിൽക്കുന്നു എന്നതും എടുത്തുപറയത്തക്കതാണ്

പട്ടിക 5.10.2 മുതൽ 5.10.5 വരെ

1. പുലിക്കുരുമ്പ സെന്റ് ജോസഫ്സ് യു.പി.സ്കൂൾ കോ-ഓപ്പ: സൊസൈറ്റി ക്ലിപ്തം, നമ്പർ, സി 558. (15-1-76, 30-3-76)
2. വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് യു.പി.സ്കൂൾ കോ-ഓപ്പ: സൊസൈറ്റി ക്ലിപ്തം, നമ്പർ, സി 641. (30-1-76, )
3. കണിയാൻചാൽ ജി. എച്ച്. എസ്. കോ-ഓപ്പ: സൊസൈറ്റി ക്ലിപ്തം, നമ്പർ, സി 875. (25-5-82, 3-6-82)
4. നടുവിൽ സെക്കന്ററി സ്കൂൾ സ്റ്റുഡന്റ് കോ-ഓപ: സ്റ്റോർസ് ക്ലിപ്തം, നമ്പർ, സി 406. (18-3-74, 20-8-74)

## മാർക്കറ്റിംഗ് സഹകരണ മേഖല

കണ്ണൂർ ജില്ലാ അഗ്രികൾച്ചറൽ ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഒരു ശാഖ കരുവൻചാലിൽ റബ്ബറുൽപന്നങ്ങളുടെ സംഭരണം, എസ്റ്റേറ്റ് ഉപകരണങ്ങൾ വളം എന്നിവയുടെ വിപണനം എന്നീരംഗത്ത് സേവനം നടത്തുന്നു. കൂടാതെ നടുവിൽ പഞ്ചായത്തിലെ തന്നെ 21-4-92 ന് രജിസ്റ്റർ ചെയ്യപ്പെട്ട ആലക്കോട് റബ്ബർ ആന്റ് അഗ്രികൾച്ചറൽ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം, നമ്പർ സി. 1106 ചുരുങ്ങിയ കാലം കൊണ്ടു ഈ രംഗത്തുള്ള സാദ്ധ്യത തെളിയിച്ചുകഴിഞ്ഞു. പട്ടിക 5.10.6

## വനിതാ സഹകരണ സംഘം-കാർഷികേതര വായ്പ .

5.9.1992 ന് രജിസ്റ്റർ ചെയ്യപ്പെട്ട നടുവിൽ പഞ്ചായത്ത് വനിതാ സഹകരണ സംഘം ക്ലിപ്തം, നമ്പർ സി.1208 ഈ രംഗത്തെ ഏക സംരംഭമാണ്. കാർഷികേതര വായ്പയിലെ സാദ്ധ്യത ഈ സ്ഥാപനം ചൂണ്ടിക്കാണിക്കുന്നു. നിക്ഷേപങ്ങൾ ജനങ്ങളിൽ നിന്നും സ്വീകരിച്ച് വായ്പകളായി അംഗങ്ങൾക്ക് വിതരണം ചെയ്യുന്ന രീതിയാണവലംബിച്ചിട്ടുള്ളത്. പട്ടിക 5.10.7

## ക്ഷീര വ്യവസായ സഹകരണ സ്ഥാപനങ്ങൾ

ഉല്പാദന-സംസ്കരണരംഗത്തെ സാദ്ധ്യതകൾ എടുത്തുകാട്ടുന്നു. ഇവയിൽ ചിലത് ക്ഷീരജ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ നടത്തുന്നുണ്ട്. പൊട്ടൻപ്ലാവ്, വെള്ളാട്, നടുവിൽ,പുലിക്കുരുമ്പ, പാത്തൻപാറ, വിജയപുരം(ആശാൻ കവല), വിളക്കണ്ണൂർ എന്നിവിടങ്ങളിൽ ആനന്ദ് മോഡൽ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു.

## തൊഴിൽ സാദ്ധ്യത:

ഇന്നു പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങളിൽ നേരിട്ട് 55 പേർക്കും പരോക്ഷമായി 45 പേർക്കും തൊഴിൽ ലഭിക്കുന്നുണ്ട് എന്ന് എടുത്തുപറയാം.

## ചാരിറ്റബിൾ സൊസൈറ്റീസ്:

1860 ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റിന് വിധേയമായി രജിസ്റ്റർ ചെയ്യപ്പെട്ട കരുവൻചാൽ എഡ്യൂക്കേഷണൽ സൊസൈറ്റി കരുവൻചാൽ ഫാർമേഴ്സ് സൊസൈറ്റി നടുവിൽ പഞ്ചായത്ത് കേര വികസന സമിതി(രജി.നമ്പർ. 24495) വായാട്ടുപറമ്പ്, തേർമല, വെള്ളാട്, വിജയപുരം, പാത്തൻപാറ, വിളക്കണ്ണൂർ, നടുവിൽ, പുലിക്കുരുമ്പ എന്നിവിടങ്ങളിലുള്ള റബ്ബർ ഉല്പാദക സഹകരണ സംഘങ്ങൾ മഹിളാസമാജങ്ങൾ ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബുകൾ എന്നിവയൊക്കെ സഹകരണാടിസ്ഥാനത്തിലുള്ള കൂട്ടുപ്രവർത്തന പദ്ധതികളാണ്. സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ ജനാധിപത്യ പ്രക്രിയുടെ പരിശീലനക്കളരികളായിരുന്നു. സഹകരണ സ്ഥാപനങ്ങൾ. '*ഗ്രാമീണ ഭാരതത്തിന്റെ ആശാകേന്ദ്രമാണ് സഹകരണം. അതുപരാജയപ്പെട്ടാൽ ഭാരതം തന്നെ തകർച്ചയിലേക്ക് നീങ്ങും*' 1928 ലെ റോയൽ കമ്മീഷൻ ഓഫ് അഗ്രിക്കൾച്ചറൽ തലവൻ കാൾവർട്ട്.

## സഹകരണരംഗത്തെപോരായ്മകൾ പ്രശ്നങ്ങൾ.

1.ഭൂവികസനം, . കൂട്ടുകൃഷി, വ്യവസായം, വനിതാക്ഷേമം, ആരോഗ്യം, കാർഷികേതര വായ്പ, ഭവന നിർമ്മാണം, ലേബർ കോൺട്രാക്ട്, നിത്യോപയോഗ സാധനവിതരണം എന്നീമേഖലകളിൽ സഹകരണ സ്ഥാപനങ്ങൾ തീരെയല്ല.

2. നിലവിലുള്ള സഹകരണ ബാങ്കിൽ എല്ലാകർഷകർക്കും പഞ്ചായത്ത് പരിധിക്കുള്ളിലെ നിവാസികൾക്കും സ്വതന്ത്രവും തുറന്നതുമായ അംഗത്വം ലഭിക്കുന്നില്ല.ഒരേ കുടുംബത്തിൽ ഒട്ടേറെ മെംബർമാരുള്ളപ്പോൾ ഏറെക്കാലമായി ഇവിടെ വസിച്ചിട്ടും ഒറ്റ അംഗത്വം പോലുമില്ലാത്ത കുടുംബങ്ങളുണ്ട്.

3. ഹ്രസ്വകാല വായ്പകളും ദീർഘകാല വായ്പകളും കാർഷികേതര വായ്പകളും എല്ലാ കർഷകർക്കും കാർഷികേതര മേഖലയിലുള്ളവർക്കും കാര്യക്ഷമമായി ലഭിക്കുന്നില്ല. പ്രത്യേകിച്ചു നാമമാത്ര കർഷകർ അവഗണിക്കപ്പെടുന്നുണ്ട്.

4. വായ്പക്ക് സഹകരണ സ്ഥാപനങ്ങളെ സമീപിക്കുന്നവർ അതേ താല്പര്യത്തിൽ അവിടെ നിക്ഷേപം നല്കുന്നില്ല.

5. പട്ടികജാതി സഹകരണ മേഖലയിൽ ഇവിടെ നിലവിലില്ല.

6. തെരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ മാത്രം സഹകരണ സ്ഥാപനത്തിൽ ഓഹരി എടുക്കുന്നവരുണ്ട്. മരണാനന്തരവും അംഗത്വം നിലനിർത്തിപ്പോരുന്നു.

7. കാർഷിക-കാർഷികേതര വായ്പകൾ യഥാസമയം തിരിച്ചടക്കാത്തതിനാൽ കുടിശ്ശിക വർദ്ധിക്കുന്നു. ഇതുസ്ഥാപനത്തെ നഷ്ടത്തിലേക്കുനയിക്കുന്നു.

8. പ്രാദേശിക സ്ഥാപനമായ സഹകരണത്തുറയിൽ പരിധികവിഞ്ഞ കക്ഷിരാഷ്ട്രീയം ദോഷം ചെയ്യുന്ന്.

9. കൃഷി, മൃഗസംരക്ഷണം, മണ്ണൊലിപ്പ് നിവാരണം, സാമൂഹ്യക്ഷേമം തുടങ്ങിയ വ്യത്യസ്ത വകുപ്പുകളുടെ കർഷകരെ ലക്ഷ്യമാക്കിയുള്ള വികസനപരിപാടികൾ പഞ്ചായത്ത് തലത്തിൽ ക്രോഡീകരിക്കുകയും അതാതുമേഖലകളിലുള്ള സഹകരണ-വികസന സംഘടനകളെ യഥാസമയം, അറിയിക്കുകയും ചെയ്യുവാൻ ക്രമീകരണമില്ല

10. സ്വകാര്യ പണമിടപാടു സഹകരണ സ്ഥാപനങ്ങൾക്കു ഭീഷണിയായി വളർന്നുവരുന്നുണ്ട്. കുറഞ്ഞ പലിശയുള്ള സഹകരണ വായ്പ അടക്കുന്നതിനുള്ള ശ്രദ്ധയേക്കാൾ കൂടുതൽ പലിശയുള്ള നാടൻ കടം തീർക്കാൻ മുൻഗണന നൽകുന്നതിനാൽ സഹകരണ വായ്പ തിരിച്ചടവ് മന്ദീഭവിക്കുന്നു.

## സാദ്ധ്യതകൾ; നിർദ്ദേശങ്ങൾ

1. ഗ്രാമ പഞ്ചായത്തിലെ സാമ്പത്തിക ഊന്നുവടിയായി സഹകരണ ബാങ്ക് മാറത്തക്കവിധം എല്ലാകുടുംബങ്ങളിൽനിന്നും ഒന്നോ രണ്ടോ പേർക്ക് അംഗത്വം വ്യാപകവും ഉദാരവുമാക്കുക.

2. വായ്പകൾക്ക് ബാങ്കിനെ സമീപിക്കുംപോലെ തന്നെ നമ്മുടെ നിക്ഷേപങ്ങളുടെ കാവൽക്കാരനായി സഹകരണ സ്ഥാപനത്തെ സ്വീകരിക്കുക. ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ആവശ്യമുള്ളിടത്ത് ബ്രാഞ്ചോ, ഈവനിംഗ് ബ്രാഞ്ചോ തുറക്കുക.

3. ഭൂവികസന ബാങ്കിന്റെ ബ്രാഞ്ചോ സബ് സെന്ററോ പഞ്ചായത്തിൽ തുടങ്ങുക.
4. ബാങ്കിനെ നഷ്ടത്തിൽ നിന്നും കരകയറ്റുവാൻ കുടിശ്ശിക നിർമ്മാർജ്ജനം ലക്ഷ്യം വച്ച് ബോധവൽക്കരണം നൽകുക.
5.1. കൂട്ടുകൃഷി / ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുക. കാർഷിക പ്രവർത്തനവും കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും ഒരുമിച്ചു ചെയ്യുക. സഹകരണ നേഴ്സറികൾ ആരംഭിക്കുക
5.2 കാർഷിക ഉപകരണങ്ങളും, വളം, കീടനാശിനികളും ആവശ്യാനുസരണം യഥാവസരം സഹകരണ സ്ഥാപനങ്ങളിലൂടെ ലഭ്യമാക്കുക.
5.3. സഹകരണ ചികിത്സാലയങ്ങൾ ആരംഭിക്കുക.
5.4 റോഡ്, പാലം, കെട്ടിടം എന്നിവയുടെ നിർമ്മാണ രംഗത്ത് വിദഗ്ധ-അവിദഗ്ധ തൊഴിലാളികളുടെ ശേഷി സമാഹരിക്കുവാൻ മാനവ വിഭവ ബാങ്ക് ആരംഭിക്കുക. ലേബർ കോൺട്രാക്ട് സൊസൈറ്റി, ഭവന നിർമ്മാണ സംഘം, ഇഷ്ടിക നിർമ്മാണ സംഘം എന്നിവ.
5.5 സഹകരണാടിസ്ഥാനത്തിൽ വാഹന സഹകരണ സംഘങ്ങളിലൂടെ ഗതാഗത പ്രശ്നം പരിഹരിക്കുക.
5.6 കാർഷിക ഉല്പന്നങ്ങളുടെ സംഭരണത്തിനും വിതരണത്തിനും മാർക്കറ്റിംഗ് സൊസൈറ്റികൾ,
5.7 നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിന് ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ,
5.8 വനിതാക്ഷേമത്തിനു വനിതാ വ്യവസായ സഹകരണ സംഘങ്ങൾ- മെഴുകുതിരി, സോപ്പ്, വസ്ത്രനിർമ്മാണം, പഴം-പച്ചക്കറി സംസ്കരണം, ഷീറ്റ് നിർമ്മാണം തുടങ്ങിയവ,
5.9 ആദിവാസി ക്ഷേമത്തിനായി ഈറ, മുള, പ്ലാസ്റ്റിക് നാര്, എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുക.
5.10. മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവയുടെ ചെറു യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
5.11. കാർഷികോല്പന്നങ്ങൾ, റബ്ബർ, കേരവിഭവം എന്നിവ ആധാരമാക്കിയുള്ള വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.
6. ക്ഷീരോല്പാദനം, മൃഗസംരക്ഷണം, സാമൂഹ്യക്ഷേമം, കൃഷി, വനിതാക്ഷേമം, എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികൾ ഫലപ്രദമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിച്ച് അതാതു വികസന സഹകരണ സ്ഥാപനങ്ങളുമായി യഥാവസരം അറിയിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.
7. മാർക്കറ്റിംഗ് സൊസൈറ്റികളിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും ഉൽപ്പാദക മെമ്പർമാർക്ക് മാത്രം വോട്ടവകാശമുള്ളതു പോലെ എല്ലാ സഹകരണ സ്ഥാപനങ്ങളിലും അതാതു സ്ഥാപനങ്ങളുടെ ബിസിനസ്സിലെ പങ്കാളികൾക്ക് മാത്രം വോട്ടവകാശം നിജപ്പെടുത്തുന്നത് സഹകരണ മേഖലയുടെ സുസ്ഥിരതക്കും സുസ്ഥിതിക്കും നന്നായിരിക്കും.
8. ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിൽ ഉൾപ്പെട്ടവർക്ക് വോട്ടവകാശം നിഷേധിക്കുക.
9. സ്വകാര്യ പണമിടപാട് നിയന്ത്രിക്കണം.



പട്ടിക 5.10.1

| വർഷം | അംഗത്വം | ഓഹരി | നിക്ഷേപം | വായ്പ | വിറ്റുവരവ് | പ്രവ.മൂലധനം. | ലാഭ/നഷ്ടം |
|---|---|---|---|---|---|---|---|
| 1955-56 | 89 | 790 | | 4700 | | | |
| 1965-66 | 1749 | 69395 | 13970 | 285020 | 293729 | 214040 | നഷ്ടം |
| 1975-76 | 3501 | 269334 | 232775 | 245380 | 503487 | 347722 | '' |
| 1980-81 | 5691 | 430950 | 1077850 | 2555606 | 467784 | 3301636 | |
| 1985-86 | 8242 | 526553 | 7307689 | 8822795 | 2635042 | 10912337 | ലാഭം |
| 1990-91 | 11594 | 1005135 | 19135550 | 15819991 | 2204309 | 19861568 , | നഷ്ടം |
| 1995-96 | 10528 | 2335375 | 35381620 | 35220807 | --- | | |

പട്ടി 5.10.2

| വർഷം | ഓഹരിയുടമകൾ | ഓഹരിത്തുക | വിറ്റുവരവ് | പുസ്തകേതരം | പ്രവർത്തന മൂലധനം | ലാഭ/നഷ്ടം |
|---|---|---|---|---|---|---|
| 1974-75 | 554 | 6245 | 431 | -- | 737 | ലാഭം |
| 1980-81 | 2897 | 11044 | 55183 | 11036 | 5306 | '' |
| 1985-86 | 3786 | 1288.2 | 101807 | 28211 | 7620 | |
| 1990-91 | 4664 | 14503 | 105175 | 49715 | 19559 | |
| 1994-95 | 5550 | 16350 | 113727 | 32710 | 21630 | |

പട്ടിക 5.10.3

കണിയമ്പാൽ ജി.എച്ച്.എസ്. കോ-ഓപ്. സൊസൈറ്റി

| | | | | | | |
|---|---|---|---|---|---|---|
| 1982-83 | 331 | 464 | 22850 | | 4641 | ലാഭം |
| 1985-90 | 1494 | 1689 | 42527 | | 3124 | '' |
| 1990-91 | 2338 | 2573 | 40541 | | 10844 | '' |
| 1995-96 | 3302 | 3555 | 27710 | | 11808 | |

പട്ടിക 5.10.4

വായാട്ടുപറമ്പ സെ. ജോ. യു.പി. കോ-ഓപ്. സൊസൈറ്റി

| | | | | | | |
|---|---|---|---|---|---|---|
| 1985-86 | 1629 | 1761 | 18048 | | 1884 | നഷ്ടം |
| 1990-91 | 1629 | 1761 | 26272 | | 1884 | ലാഭം |
| 1995-96 | 1629 | 1761 | 34327 | | 1884 | |

പട്ടിക 5.10.5

പുലിക്കുരുമ്പ സെ. ജോ. യു.പി. കോ-ഓപ്. സൊസൈറ്റി

| | | | | | |
|---|---|---|---|---|---|
| 1975-76 | 29 | 137 | - | - | |
| 1980-81 | 1073 | 1157 | 7033 | | 1183 |
| 1985-86 | 1824 | 1964 | 12755 | | 2308 |
| 1990-91 | 2407 | 2583 | 15055 | | 2927 |
| 1995-96 | 2427 | 2603 | 19738 | | 2947 |

പട്ടിക 5.10.6

| വർഷം | അംഗത്വം | ഓഹരി | വിറ്റുവരവ് | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1991-92 | 57 | 25000 | | 20134 |
| 1992-93 | 220 | 298100 | 1413905 | 328734 |
| 1995-96 | 1087 | 803300 | 15462180 | |

പട്ടിക 5.10.7

| വർഷം | അംഗത്വം | ഓഹരി | നിക്ഷേപം | വായ്പ |
|---|---|---|---|---|
| 30-6-95 | 230 | 25500 | 228098 | 221986 |

## 5.11.
## പട്ടികജാതി- പട്ടികവർഗ്ഗക്ഷേമം:

നടുവിൽ പഞ്ചായത്തിൽ ജനസംഖ്യയുടെ 11.4% പട്ടികജാതിയിൽപ്പെട്ടവരാണ്. കരിമ്പാലരും മാവിലരുമാണ് മുഖ്യം. 20 അംഗീകൃതകോളനികളിലും ഏതാനും കുടുംബ ങ്ങൾ മറ്റിടങ്ങളിലും വസിക്കുന്നു. കൂടാതെ വണ്ണാൻ, മലയൻ, പരവൻ, പറയൻ എന്നീ വിഭാഗങ്ങളിൽപ്പെട്ട ഏതാനും കുടുംബങ്ങൾ ഇടകലർന്നു താമസിക്കുന്നുണ്ട്. **(പട്ടിക 5.11.1)**

ആദികാലത്ത് മണ്ണിനും കാടിനും ഉടമകളായിരുന്ന ആദിവാസികൾ വേട്ടയാടിയും പുനം കൃഷി ചെയ്തും കൂട്ടംകൂട്ടമായി കഴിഞ്ഞിരുന്നു. ജന്മി-നാടുവാഴിവ്യവസ്ഥയിലും ഇവരുടെ ജീവിതത്തിൽ കാര്യമായ വ്യത്യാസം സംഭവിച്ചിട്ടില്ല. കുടിയേറ്റ കാലഘട്ടത്തോടെ ആദിവാസികൾ ഉപയോഗിച്ചിരുന്ന വനഭൂമികൾ നഷ്ടപ്പെടുകയും അകലെ കുന്നിൻ മുകളിലേക്ക് മാറി കുടിൽകെട്ടി സ്ഥിരമായി താമസിക്കേണ്ടിവരികയും ചെയ്തു. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം ജന്മിത്തം അവസാനിപ്പിച്ചതോടെ ഇവർക്കും ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചെങ്കിലും കൈവശഭൂമിയുടെ വിസ്തീർണ്ണം പരിമിതമാണ്. രണ്ടു സെന്റുമുതൽ 2 ഏക്കർ വരെയാണ് ഇന്നിവർക്കുള്ളത്. ഭൂമിയില്ലാത്ത ഏതാനും കുടുംബ ങ്ങളുമുണ്ട്. പുതിയ സാമൂഹ്യമാറ്റത്തിന്റെ ഭാഗമായിട്ടാണ് അപൂർവ്വം കുട്ടികൾ പ്രൈമറി വിദ്യാഭ്യാസം നേടുന്നത്. 60കളുടെ അവസാനത്തോടെയാണ് നല്ലൊരുഭാഗം കുട്ടികളും ക്ലാസ്സിലെത്തുന്നത്. അവരുടെ അടുത്ത തലമുറയിൽപ്പെട്ടവരാണ് ഹൈസ്കൂൾ തലത്തിലെത്തിയത്. ഇന്ന് 60-65% പേർക്കും അക്ഷരജ്ഞാനമുണ്ട്. സാമൂഹ്യ ജീവിതത്തിൽ ഉച്ചനീചത്വം ഒരളവോളം അവസാനിച്ചിട്ടുണ്ട്.

### തൊഴിൽ:

പരമ്പരാഗത കൈത്തൊഴിലുകൾ അവസാനിച്ച മട്ടാണ്. വനനശീകരണത്തോടെ അസംസ്കൃത സാധനങ്ങൾ കിട്ടാനില്ല. ഭൂരിപക്ഷവും കർഷകത്തൊഴിലാളികളാണ്. സ്ത്രീകൾക്ക് 30-50 രൂപയും പുരുഷന്മാർക്ക് 50-70 രൂപയും കൂലി കിട്ടുന്നു. ഒരുവിഭാഗം കരിങ്കൽ ക്വാറികളിൽ പണിയെടുക്കുന്നു. അപൂർവ്വം വ്യവസായത്തൊഴിലാളികളും സർക്കാർ ജീവനക്കാരുമുണ്ട്.**(പട്ടിക5.11.2)**.

### പാർപ്പിടവും അടിസ്ഥാന സൗകര്യങ്ങളും:

ആദിവാസികളിൽ 679 കുടുംബത്തിന് സ്വന്തം പാർപ്പിടമുണ്ട്. 559 എണ്ണം ഓടിട്ടതും 120 എണ്ണം ഓലമേഞ്ഞതും. 5 കോളനികൾ **IHDP** യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3 കോളനികൾ ഭാഗികമായി വൈദ്യുതീകരിച്ചു. കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഗതാഗത സൗകര്യങ്ങൾ ഇല്ലെന്നുതന്നെ പറയാം (പട്ടിക3)

### വിദ്യാഭ്യാസം:

1996-97 സ്കൂൾ വർഷം 1 മുതൽ 10 വരെ ക്ലാസ്സുകളിലായി 886 (ആൺ 440, പെൺ 446 ) കുട്ടികൾ പഠിക്കുന്നു. ഈ വർഷം ഇതുവരെ 79+38= 117 കുട്ടികൾ പഠനം നിർത്തുകയുണ്ടായി. ഹൈ സ്കൂൾ ക്ലാസ്സുകളിലാണ് കൊഴിഞ്ഞുപോക്ക് ഗണ്യമായി വർദ്ധിക്കുന്നത്. ഉപരിവിദ്യാഭ്യാസം നേടിയ ചുരുക്കം പേരുണ്ട്. കഴിഞ്ഞ കാല സാക്ഷരതാപ്രവർത്തനം മുതിർന്നവരുടെ ഇടയിൽ വമ്പിച്ച മാറ്റം വരുത്തുവാൻ സഹായിച്ചിട്ടുണ്ട്.

### പ്രശ്നങ്ങൾ :

തൊഴിലില്ലായ്മ രൂക്ഷമാണ്, കാർഷിക രംഗത്തെ പ്രശ്നങ്ങൾ തൊഴിൽ സാധ്യത കുറയ്ക്കുന്നു.

2 കോളനികളിൽ കുടിവെള്ളം,ഗതാഗതം,വൈദ്യുതി എന്നീ സൗകര്യങ്ങളില്ല.

3. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചമല്ല.

4. ബോധവൽക്കരണത്തിന്റെ അഭാവം- നിലവിലുള്ള ക്ഷേമ പദ്ധതികൾ ഫലപ്രദമായി പ്രയോജനപ്പെടുന്നില്ല.

5.കടക്കെണിയിൽ പെട്ടുപോകുന്നു.

6. വിദ്യാഭ്യാസ പുരോഗതിയില്ല.

7. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കു രൂക്ഷമാണ്.

### സാധ്യതകൾ:

1. പരമ്പരാഗത തൊഴിൽ രംഗത്ത് ആദിവാസി സഹകരണ സംഘങ്ങൾ സ്ഥാപിച്ച് കൈത്തൊഴിൽ പ്രോത്സാഹിപ്പിക്കുക. പരിശീലനം നൽകുക. അസംസ്കൃതസാധനങ്ങൾ ലഭ്യമാക്കുക.
2. കുടിവെള്ള പ്രശ്നം പരിഹരിക്കാനുള്ള സംവിധാനം- ജലസ്രോതസ്സുകൾ സംരക്ഷിക്കുക.
3. കോളനികളിലെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക.
4. വീടുകളും കക്കൂസുകളും നൽകുക. കാലാകാലം അറ്റകുറ്റപ്പണികൾ നടത്തുക.
5. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുക.
6. പട്ടയം കിട്ടാൻ നടപടി സ്വീകരിക്കുക.(കുട്ടിപ്പുല്ലു കോളനി)
7. കോളനികളിൽ സൗജന്യമായി വൈദ്യുതി എത്തിക്കുക.
8. മെച്ചപ്പെട്ട ആരോഗ്യസംരക്ഷണസംവിധാനം ഏർപ്പെടുത്തുക.
9. ബോധവൽക്കരണ നടപടികൾ തുടർച്ചയായി നടത്താനുള്ള സംവിധാനം ഉണ്ടാക്കുക.
10. കോളനികളോടനുബന്ധിച്ച് അംഗനവാടികൾ പ്രവർത്തിപ്പിക്കുക.
11. സാക്ഷരതാ പ്രവർത്തനം തുടർനടപടിയായി നടത്തുക.
12. വായനശാലകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക.
13. പൊതുമേഖലാ നിയമനങ്ങളിൽ പട്ടികജാതി സംവരണത്തിൽ ആദിവാസികൾക്ക് പ്രത്യേക പരിഗണന നൽകുക. പരമാവധി ജോലി ലഭ്യമാക്കുക.

പട്ടിക 5.11.3

കോളനികളും മറ്റുവിവരങ്ങളും

| നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | ആവശ്യമുള്ളവ | | |
|---|---|---|---|---|---|---|---|
| | | ഓല | ഓട് | ആകെ | വീട് | കക്കൂസ് | ഉള്ള കക്കൂസ് |
| 1 | മാവുംചാൽ | 2 | 8 | 10 | | 10 | |
| 2 | പോത്തുകുണ്ട് ഐ.എച്ച്.ഡി.പി. | 1 | 56 | 57 | | | 57 |
| 3. | നറുക്കുംകര | 1 | 56 | 57 | | 9 | 48 |
| 4. | പാറ്റാക്കളം | 1 | 20 | 21 | 4 | 15 | 6 |
| 5. | മൈക്കാട് | 2 | 15 | 17 | 2 | 12 | 5 |
| 6. | പുല്ലുംവനം ഐ.എച്ച്.ഡി.പി.(ഇ) | | 22 | 22 | 4 | 17 | 5 |
| 7. | ചേറ്റടി | | 18 | 18 | | 15 | 3 |
| 8. | പത്തിമുണ്ട ഐ.എച്ച്.ഡി.പി. | 1 | 22 | 23 | 4 | 5 | 18 |
| 9. | താറ്റിയാട് ഐ.എച്ച്.ഡി.പി. | 13 | 40 | 53 | 17 | 20 | 33 |
| 10. | മൈലംപെട്ടി ഐ.എച്ച്.ഡി.പി. | | 34 | 34 | 1 | 34 | |
| 11. | കൈതളം(ഇ) | 7 | 26 | 33 | | 32 | 1 |
| 12. | ചുള്ളിപ്പള്ളം | 14 | 35 | 49 | 14 | 32 | 17 |
| 13. | തലക്കല്ല് | 5 | 16 | 21 | 4 | 12 | 9 |
| 14. | കരാമരംതട്ട് | 5 | 8 | 13 | 5 | 13 | |
| 15. | കോട്ടയംതട്ട് | 10 | 26 | 36 | 16 | 35 | 1 |
| 16. | കുട്ടിപ്പുല്ല് | 26 | | 26 | 26 | 26 | |
| 17. | ഉത്തൂര് | 14 | 42 | 56 | 11 | 35 | 21 |
| 18. | കോട്ടച്ചോല | 1 | 39 | 40 | 5 | 25 | 15 |
| 19. | ചെമ്പോച്ചിമൊട്ട | | 43 | 46 | 3 | 44 | 2 |
| 20. | ആനക്കുഴി | 8 | 16 | 24 | 13 | 24 | |
| 21 | തട്ടുകുന്ന് | | 7 | 7 | 1 | 7 | |
| 22. | മുളകുറഞ്ഞി | | 5 | 5 | | 5 | |
| 23. | അമ്പലക്കുന്നു | | 8 | 8 | | 8 | 8 |

കുറിപ്പ്: 1-20 വരെ അംഗീകൃതകോളനികൾ

സ്ഥിതിവിവരക്കണക്ക്: കണ്ണൂർജില്ല പ്ലാനിംഗ് ബോർഡ് 1995-96

പട്ടിക 5.11.1
കുടുംബങ്ങളും അംഗങ്ങളും

| നമ്പർ | ഇനം | വീടുകളുടെ എണ്ണം | അംഗങ്ങളു എണ്ണം |
|---|---|---|---|
| 1 | കരിമ്പാലൻ | 653 | 3265 |
| 2 | മാവിലൻ | 26 | 130 |
| 3 | വണ്ണാൻ | 5 | 26 |
| 4 | മലയൻ | 2 | 12 |
| 5. | പരവൻ | 10 | 48 |
| 6. | പറയൻ | 3 | 15 |
| 7. | വേലൻ | 2 | 4 |
| | ആകെ | 701 | 3505 |

പട്ടിക 5.11.2
തൊഴിൽ അടിസ്ഥാന പട്ടിക

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | കർഷകതൊഴിലാളി | 1003 |
| 2. | വ്യവസായതൊഴിലാളി | 16 |
| 3 | സർക്കാർ ജീവനക്കാർ | 3 |
| 4. | മറ്റുള്ളവർ | 282 |
| | ആകെ | 1304 |

# 5.12.

# വിഭവസമാഹരണം.

നടുവിൽ പഞ്ചായത്ത് ഇന്ന് നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനം വിഭവങ്ങളുടെ ആസൂത്രിതമായ വിനിയോഗത്തിന്റെ അഭാവമാണ്. കാർഷിക മേഖലയായ നമ്മുടെ ഗ്രാമത്തിൽ കാര്യമായ വ്യവസായ സംരംഭങ്ങൾ ഒന്നുംതന്നെയില്ല. റബ്ബർ തേങ്ങ, അടയ്ക്ക, കശുവണ്ടി, കുരുമുളക്, തുടങ്ങിയ നാണ്യവിളകൾ ഉപയോഗപ്പെടുത്തി നിരവധി കാർഷിക വ്യവസായങ്ങൾ ആരംഭിക്കാൻ നമുക്ക് കഴിയും.

നാണ്യവിളകളുടെ ഉൽപാദനത്തിലും വിലയിലും വന്ന വ്യതിയാനങ്ങൾ പഞ്ചായത്തിലെ നിരവധി കർഷകരെ സമ്പന്നരാക്കിമാറ്റിയിട്ടുണ്ട്. ഈ സമ്പത്ത് ഉലപാദനപരമായ മേഖലയിൽ വിന്യസിച്ചാൽ നിരവധി ആളുകൾക്ക് തൊഴിലും വരുമാനവും ലഭ്യമാവും.

വിദേശങ്ങളിലും അന്യസംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന നിരവധി ആളുകൾ പഞ്ചായത്തിലുണ്ട്. ഇവരുടെ വരുമാനം പ്രധാനമായും കോൺക്രീറ്റ് കൊട്ടാരങ്ങൾ തീർക്കുന്നതിനും ആഡംബരവസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിനുമാണ് ഉപയോഗപ്പെടുത്തുന്നത്. ഗാർഹമേഖലയിൽ നിന്നും ലഭിക്കുന്ന സമ്പത്ത് ഉൽപാദന മേഖലയിലേക്ക് തിരിച്ചുവിട്ട് പഞ്ചായത്തിലെ സമ്പത്ത് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## കെട്ടിട നികുതി:

പഞ്ചായത്തിലെ നികുതിയുള്ള 5400 കെട്ടിടങ്ങളിൽ നികുതിയിനത്തിൽ 95-96 ലഭിച്ചത് 263547.25 രൂപയാണ്. കെട്ടിടങ്ങളുടെ നികുതി ശാസ്ത്രീയ മാനദണ്ഡം ഉപയോഗിച്ച് നിർണ്ണയിക്കണം. ഈ ഇനത്തിൽ ഇനിയും നല്ലൊരുതുക പിരിച്ചെടുക്കാൻ പഞ്ചായത്തിനു സാധിക്കും. കെട്ടിടങ്ങളുടെ എണ്ണത്തിലും നികുതിയിനത്തിലും കഴിഞ്ഞ 15 വർഷത്തിനിടയിൽ കാര്യമായ മാറ്റം വന്നിട്ടുണ്ട്.

## തൊഴിൽ നികുതി.

തൊഴിൽനികുതിയിനത്തിൽ 95-96 ൽ വരവ് 156860 രൂപയാണ്. 1979-80 ലേതിനേക്കാൾ 145698 രൂപയുടെ വർദ്ധനവ്. എങ്കിലും പഞ്ചായത്തിന്റെ സാധ്യതയ്ക്കനുസരിച്ച് തൊഴിൽനികുതി വർദ്ധിപ്പിച്ചിട്ടില്ല. എല്ലാവിഭാഗം തൊഴിലാളികളിൽ നിന്നും നികുതി ഈടാക്കണം.

## വിനോദനികുതി

പഞ്ചായത്തിൽ ഒരുസിനിമാശാലയാണുള്ളത്. 1995-96 ൽ 2 സിനിമാശാലകൾ ഉണ്ടായിരുന്നു വിനോദനികുതിയിനത്തിൽ 54479.65 രൂപ വരുമാനമാണ് ലഭിച്ചത്. 1979-80 ലേതിനേക്കാൾ 36903 രൂപയുടെ വർദ്ധനവ്. അതുപോലെ അഡീഷണൽ വിനോദ നികുതിയിനത്തിൽ 96-96 ൽ 33059.57 രൂപ വരുമാനമുണ്ട്. 1979-80 നേക്കാൾ 22303.84 രൂപയുടെ വർദ്ധനവ്.

## പുറമ്പോക്കുഭൂമി.

പഞ്ചായത്തിന്റെ അധീനതയിൽ 53.49 ഏക്കർ സ്ഥലമാണ് പുറമ്പോക്കായിട്ടുള്ളത്. ഇതിൽ മിക്കവാറും തോടുകളുടെ അരികിൽ നീളത്തിൽ കിടക്കുന്നതുകൊണ്ട് ലീസിനു കൊടുക്കാൻ കഴിയുന്നില്ല. എങ്കിലും പുറമ്പോക്കുഭൂമി ശാസ്ത്രീയമായി അളന്നുതിട്ടപ്പെടുത്തി സാധിക്കുന്ന സ്ഥലങ്ങൾ ലീസിനുകൊടുത്താൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കും.

## ലേലവരുമാനം

1995-96 ൽ ലേലവരുമാനം ലഭിച്ചത് 13,700 രൂപയാണ്. ഇതിൽ 7,340 രൂപ പട്ടമരങ്ങളുടെയും 6,360 രൂപ ഫലവൃക്ഷങ്ങളുടേയുമാണ്. ഇനിയും ലേല ഇനത്തിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

## ഗ്രാന്റുകൾ;

കഴിഞ്ഞ15 വർഷക്കാലംകൊണ്ട് ഗ്രാന്റിനത്തിൽ ലഭിച്ച വരവിൽ കാര്യമായ വ്യത്യാസം ഉണ്ടായിട്ടുണ്ട്. 1979-80 ൽ 81,798 രൂപയാണ് ഗ്രാന്റിനത്തിൽ ലഭിച്ച തെങ്കിൽ 1995-96 ൽ 15,40,842 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ജെ.ആർ.വൈ. ഇനത്തിൽ 4,65,654രൂപ 95-96 വർഷംവരവിനത്തിൽ ലഭിക്കുകയുണ്ടായി.

## ധനകാര്യസ്ഥാപനങ്ങൾ.

പഞ്ചായത്തിൽ നടുവിൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ഓഫീസ് ഉൾപ്പെടെ 3 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. സിൻഡിക്കേറ്റ് ബാങ്ക്, നോർത്ത് മലബാർ ഗ്രാമീണ ബാങ്ക് എന്നിവയുടെ ഒരോ ശാഖ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ രജിസ്റ്റർ ചെയ്ത 10 ഓളം ചിട്ടി സ്ഥാപനങ്ങളും രജിസ്റ്റർ ചെയാത്ത നിരവധി പണമിടപാട് സ്ഥാപനങ്ങളും പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്നു.

## ചെലവുകൾ

പഞ്ചായത്തിന്റെ 1995-96 ൽ ചെലവ് 18,02,084.60 രൂപയാണ്. ഇതിൽ 24.12% ഭരണചെലവും 27.95% പൊതുമരാമത്ത് 5.15% ജലവിതരണം പൊതുജനാരോഗ്യം, 0.48% തെരുവുവിളക്ക് കത്തിക്കൽ 2.57% വിദ്യാഭ്യാസം എന്നിങ്ങനെയാണ് തുകചിലവഴിച്ചത്. ആളോഹരി 47.37 രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 1.45 രൂപ വിദ്യാഭ്യാസം, 2.91രൂപ പൊതുജനാരോഗ്യം, 15.79 രൂപ പൊതുമരാമത്ത് എന്നിങ്ങനെയാണ് ആളോഹരിലഭിച്ചത്.

ആളോഹരി വിദ്യാഭ്യാസത്തിനും പൊതുജനാരോഗ്യത്തിനും ലഭ്യമായതിന്റെ 3 ഇരട്ടിയാണ് പൊതുമരാമത്ത് ഇനത്തിൽ ലഭിച്ചത്.

പൊതുമരാമത്തിൽ 95-96 ൽ ചിലവഴിച്ച തുകയത്രയും റോഡ് പണിക്കാണ് ഉപയോഗപ്പെടുത്തിയത്.

## സാദ്ധ്യതകൾ

1. പഞ്ചായത്തിൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ തറയുടെ വിസ്തൃതിക്കനുസരിച്ചും നിലയുടെ അടിസ്ഥാനത്തിലും നികുതിനിർണ്ണയം നടത്തണം.

2. വീടുകളുടെ ആധുനിക സൗകര്യം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് നികുതി വർദ്ധിപ്പിക്കുക

3. വാടക കെട്ടിടങ്ങൾക്ക് വാടക അടിസ്ഥാനമാക്കി നികുതി നിശ്ചയിക്കുക.

4. തൊഴിൽ നികുതി എല്ലാവിഭാഗത്തിൽപ്പെട്ട തൊഴിലാളികളിൽ നിന്നും ജീവനക്കാരിൽ നിന്നും ഇടാക്കുക.

5. ചെങ്കൽ കരിങ്കൽ ക്വാറികളിൽ നിന്നും നികുതി ഈടാക്കുക.

6. പഞ്ചായത്തിൽ കുറഞ്ഞത് 3 ആഴ്ചച്ചന്തകളെങ്കിലും തുടങ്ങുക. (പുലിക്കുരുമ്പ, നടുവിൽ, കരുവൻചാൽ എന്നിവിടങ്ങളിൽ)

7. സ്കൂൾ സഞ്ചയികാ നിക്ഷേപം വിപുലപ്പെടുത്തുക.

8. പുലിക്കുരുമ്പ, നടുവിൽ, കുടിയാന്മല, കരുവൻചാൽ വെള്ളാട് എന്നീസ്ഥലങ്ങളിൽ പഞ്ചായത്ത് ടാക്സിസ്റ്റാൻഡുകൾ നിർമ്മിക്കുക.

9. സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വരുമാനാടിസ്ഥാനത്തിൽ നികുതി ഇടാക്കുക.

10. പഞ്ചായത്ത് പുതിയ സേവനങ്ങൾ നല്കി അവയ്ക്ക് നികുതി ഇടാക്കുക.

11. പൊതുമരാമത്ത് പണികൾ പരമാവധി സന്നദ്ധ പ്രവർത്തനങ്ങളിലൂടെ നടത്തുക.

12. സന്നദ്ധ സംഘടനകൾക്കായുള്ള സഹായധന പദ്ധതികൾ ഫലപ്രദമായിഉപയോഗിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

13. സഹകരണ പ്രസ്ഥാനങ്ങൾക്ക് വിഭവസമാഹരണത്തിൽ വലിയപങ്കുണ്ട്.

### പട്ടിക 5.12.1

പഞ്ചായത്ത്‌വരുമാനങ്ങൾ

| ക്ര.ന. | ഇനം | വർഷം 1979-80 | വർഷം 1995-96 | വ്യത്യാസം | % |
|---|---|---|---|---|---|
| 1. | കെട്ടിട നികുതി | 23911.18 | 203547.25 | 179636.07 | |
| 2. | തൊഴിൽനികുതി | 11162.00 | 156860.00 | 145698.00 | |
| 3. | വിനോദ നികുതി | 17576.58 | 54479.65 | 36903.07 | |
| 4. | അഡി. വിനോദനികുതി | 10750.73 | 33059.57 | 22303.84 | |
| 5. | പ്രദർശന നികുതി | 1184 | 4122 | 2938 | |
| 6. | പ്രദർശന നികുതി സർച്ചാർജ് | 296 | 1030.50 | 734.50 | |
| 7. | ചന്തവരവ് | 1066 | 3900 | 2834 | |
| 8. | ലൈസൻസ്ഫീ | 2426 | 18783.50 | 16357.50 | |
| 9 . | വസ്തുകൈമാറ്റ നികുതി | 47616.60 | 289631 | 242014.40 | |
| 10 | സർക്കാർ ഗ്രാന്റുകൾ ഒഴികെയുള്ള മറ്റുവരവുകൾ | 5292.30 | 835316.05 | 830023.75 | |
| 11. | ഡെപ്പോസിറ്റ് | 5603 | 58571.80 | 52968.80 | |
| 12 | ജെ.ആർ.വൈ | - | 4,65,654 | 4,65,654 | |
| 13. | ഗ്രാന്റുകൾ | 81798 | 15,40,842 | 1459044 | |
| 14. | മറ്റുള്ളവ | 18268 | 9933.75 | - | |
| | ആകെ | 226950.39 | 3210077 | 2983127 | |

പട്ടിക 5.12.2

| ഷോപ്പിംഗ് കോംപ്ലക്സ് | സ്റ്റാൾ | ചവർ | പട്ടമരങ്ങൾ | മലമ്യൂജ്യങ്ങൾ | ആകെ |
|---|---|---|---|---|---|
| | | | 7340 | 6360 | 13700 |

പട്ടിക 5.12.3

| വ.ആർ.എം. | എം.പി. | വി.ടി.സി. | അടിസ്ഥാന നികു. | എസ്.വി.ഐ. | ജെ.ആർ.വൈ | അൺടൈഡ് |
|---|---|---|---|---|---|---|
| 84428 | 3500 | 718365 | 164503 | 250000 | 465654 | 820050 |

പട്ടിക 5.12.4 ചെലവ് സംബന്ധിച്ച വിവരങ്ങൾ 95-96

| | ഇനം | തുക |
|---|---|---|
| 1 | ഭരണം | 402709 |
| 2 | പൊ. മരാമത്ത് | 466634 |
| 3 | ജല വിത., പൊ. ജനാരോഗ്യം | 86127 |
| 4 | തെരുവിളക്ക് | 8112 |
| 5 | വിദ്യാഭ്യാസം | 43022.95 |
| 6 | മറ്റുള്ളവ | 795479.65 |
| | ആകെ | 1802084.60 |

പട്ടിക 5.12.5

| പണി | എസ്റ്റിമേററ് | ഗ്രാന്റ് | പ.ഫണ്ട് | ആകെ |
|---|---|---|---|---|
| റോഡ് | 500000 | 356173 | 110461 | 466634 |
| തോട് | | | | |
| മറ്റു. | | | | |

# 5.13 ടൂറിസം

കേരളസംസ്ഥാനമൊട്ടാകെ ശ്രദ്ധയാകർഷിച്ച ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് പൈതൽമല. പ്രാചീന കാലംമുതൽ ജനശ്രദ്ധയാകർഷിച്ച്, സഹ്യന്റെ നെറുകയിൽ 4500 അടിഉയരത്തിൽ തലയുയർത്തിനില്ക്കുന്ന പൈതൽമല സമീപ പ്രദേശത്തെ ടൂറിസ്റ്റുകളെ മാത്രമല്ല, വിദൂര ടൂറിസ്റ്റുകളെപ്പോലും ആകർഷിക്കുന്നു. എന്നാൽ ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഈസ്ഥലം ഇന്നും അംഗീകരിക്കപ്പെട്ടിട്ടില്ല. പരിമിതമായ യാത്രാ സൗകര്യങ്ങളും മറ്റുഅസൗകര്യങ്ങളും ഈ കേന്ദ്രത്തിന്റെ വളർച്ചയെത്തടയുന്ന പ്രധാന ഘടകങ്ങളാണ്. ഇവ പരിഹരിക്കാൻ ഗവ: ഭാഗത്തു നിന്നും നിർദ്ദേശങ്ങൾ ഉണ്ടെങ്കിലും അതിനുവേണ്ട നടപടികൾ ഇനിയും തുടങ്ങിയിട്ടില്ല. അതിനാൽ '***പൈതൽമല ടൂറിസം***' ഇന്നും ഒരു സ്വപ്നമായവശേഷിക്കുന്നു.

ചരിത്രപരമായി വളരെപ്രധാന്യമുള്ളസ്ഥലമാണ് പൈതൽമല. മഹിഷക വംശത്തിലെ പൈതൽകോൻമാരുടെ ആസ്ഥാനമായിരുന്നുഈ മലയെന്നാണ് ചരിത്രരേഖകളിൽ കാണുന്നത്. അന്നിവിടെ രാജകൊട്ടാരങ്ങളും ക്ഷേത്രങ്ങളുമുണ്ടായിരുന്നതായി അനുമാനിക്കപ്പെടുന്നു.അവയുടെ അവശിഷ്ടങ്ങൾ ഇന്നും ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നുണ്ട് പരമശിവൻ തപസ്സിരുന്നതായി വിശ്വസിക്കപ്പെടുന്ന ഈ മലയിൽ ശിവക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ഉണ്ട്.

ഉഗ്രമൂർത്തിയായ പരമശിവൻ കോപിഷ്ഠനായി പൈതൽമലയിൽനിന്നും താഴോട്ടിറങ്ങിവരികയും, ശിവനെ ആശ്വസിപ്പിക്കാൻ(തണുപ്പിക്കാൻ) നടുവിൽ ശ്രീഭഗവതി ക്ഷേത്രത്തിൽ നിന്നും പാർവ്വതി അങ്ങോട്ടെഴുന്നെള്ളുകയും ചെയ്തതായി ഐതീഹ്യമുണ്ട്. ഇരുവരും ചേവടിക്കുണ്ടിൽ, ഇന്ന ത്തെ ചേടിക്കുണ്ട്, വച്ച് കണ്ടുമുട്ടുകയും ശിവന്റെ രോഷം തണുപ്പിക്കാൻ നെയ്യഭിഷേകം നടത്തുകയും വെള്ളത്തിൽ ആടുകയും ചെയ്തതായി ഐതീഹ്യം പറയുന്നു.അങ്ങനെ 'വെള്ളാട' ശിവക്ഷേത്രമുണ്ടായതായി വിശ്വസിക്കപ്പെടുന്നു.

പൈതൽമല ടൂറിസ്റ്റ് കേന്ദ്രമാക്കണമെന്ന് നടുവിൽ പഞ്ചായത്തിന്റെ ആരംഭകാലം മുതൽ ആവശ്യപ്പെടുന്നതാണ്. 1961 ൽ ശ്രീ മുളയ്ക്കൽ ശ്രീധരൻ നായർ പ്രസിഡണ്ടായ പഞ്ചായത്ത് ബേർഡ് അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. പി.ടി. ചാക്കോയ്ക്ക് ഈ ആവശ്യം ഉന്നയിച്ച് നിവേദനം നല്കിയിരുന്നു. എന്നാൽ നടപടിയൊന്നുമുണ്ടായില്ല. പിന്നീട് പലപ്പോഴായി പലരും ഈ ആവശ്യം ഉന്നയിച്ചുവെങ്കിലും 1993 ലാണ് '**പൈതൽമലടൂറിസം ഡവലപ്പ്മെന്റ് കമ്മറ്റി**' രൂപീകരിച്ച് സജീവമായ പ്രവർത്തനങ്ങൾ നടന്നത്. ശ്രീ കെ.സി. ജോസഫ് എം.എൽ.എ യുടെ നേതൃത്വത്തിൽ ഈ ആവശ്യത്തിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി അന്നത്തെ ഗവൺമെന്റ് ബജറ്റിൽ 12ലക്ഷം രൂപ വക കൊള്ളിക്കുകയും വനം വകുപ്പ് മന്ത്രിയായിരുന്ന ശ്രീ കെ.കെ. വേലായുധൻ പൈതൽമല സന്ദർശിക്കുകയും ചെയ്തു. തുടർന്നു ഗവൺമെന്റിന്റെഭാഗത്തു നിന്നും ചിലനടപടികൾ ആരംഭിക്കുകയും അതിന്റെ ഫലമായി പൊട്ടൻപ്ലാവിൽ ഒരു **ബേസ് സെന്റർ** സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തു . ഈ ബേസ് സെന്റർ പൈതൽമല സന്ദർശിക്കാൻ വരുന്ന ടൂറിസ്റ്റുകളുടെ പ്രാഥമിക കേന്ദ്രമായി പ്രവർത്തിക്കും. മലയുടെ മുകളിൽ പൂന്തോട്ടം, സ്വിമ്മിംഗ് പൂൾ, വന്യജീവി സംരക്ഷണ കേന്ദ്രം സൈറ്റ്സീയിങ്ങ് സെന്റർ എന്നിവയും സ്ഥാപിക്കാൻ പരിപാടിയുണ്ട്.

ഈ പദ്ധതികളൊക്കെഫലപ്രദമായിത്തീരണമെങ്കിൽ പൈതൽമലയിലേയ്ക്കുള്ള റോഡുകൾ വികസിപ്പിക്കണം. പൈതൽമലയിലേക്കുള്ള റോഡുകളിൽ ഏറ്റവും വികാസം പ്രാപിച്ചറോഡ് തളിപ്പറമ്പ്- ഒടുവള്ളിത്തട്ട്- നടുവിൽ, -കുടിയാന്മല - പൊട്ടൻപ്ലാവ്- പൈതൽ മല റോഡാണ്. ഈ റോഡ് വഴിയാണ് ഇപ്പോൾ അധികം ടൂറിസ്റ്റുകളും മലമുകളിൽ എത്തുന്നത്. എന്നാൽ ഈ റോഡ് മുഴുവൻ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടില്ല. അതിനാൽ വാഹനങ്ങൾ മലമുകളിൽ എത്തുന്നില്ല. . പൈതൽ മലയിലേക്ക നയിക്കുന്ന മറ്റുറോഡുകൾ താഴെപ്പറയുന്നവയാണ്.

1. വെള്ളാട്- ആശാൻകവല- തുരുമ്പി- കരമരം തട്ട്-പൈതൽ മല
2. കുടിയാൻമല- മുന്നൂർ കൊച്ചി- പൈതൽ മല
3. കുടിയാൻമല- ചെകുത്താൻകാട്- പൈതൽ മല
4. പുലിക്കുരുമ്പ- കൈതളം - തുരുമ്പി-പൈതൽ മല
5. മണ്ഡളം- മാവുംചാൽ - തുരുമ്പി -പൈതൽ മല
6. ആലക്കോട്- മോറാനി - ഫർലോംഗ്കര- -പൈതൽ മല
7. ആലക്കോട്- ഒറ്റതൈ- കാപ്പിമല-കരാമരം തട്ട്-പൈതൽ മല
8. ആലക്കോട്- നെല്ലിക്കുന്ന്- മേലോരം തട്ട്-പൈതൽ മല
9. മണക്കടവ്-കാപ്പിമല-പൈതൽമല

പൈതൽമലയിലേക്കു നയിക്കുന്ന മേൽപ്പറഞ്ഞ റോഡുകൾ എല്ലാം നടുവിൽ പഞ്ചായത്തിൽപ്പെട്ടവയല്ല. മറ്റു പഞ്ചായത്തുകളുടേയും സഹകരണം ഈകാര്യത്തിൽ ആവശ്യമാണ്. ഈ റോഡുകൾ യാത്രായോഗ്യമായിത്തീർന്നാൽ ധാരാളം ടൂറിസ്റ്റുകൾ പൈതൽമലയിൽ എത്തിച്ചേരുമെന്ന കാര്യത്തിൽ തെല്ലും സംശയം വേണ്ട.അതോടൊപ്പം തന്നെ ടൂറിസ്റ്റുകൾക്കാവശ്യമായ സൗകര്യങ്ങൾ പൈതൽമലയിൽ ഉണ്ടാവുകയും വേണം. അതിനുവേണ്ടനടപടികൾ അടിയന്തിരമായും ഗവൺമെന്റിന്റെഭാഗത്തുനിന്നുണ്ടാകണം. ഈ സ്വപ്നം സാക്ഷാൽകരിക്കപ്പെട്ടാൽ നടുവിൽ പഞ്ചായത്തിൽ മാത്രമല്ല, സമീപ പഞ്ചായത്തുകളിലും വമ്പിച്ച പുരോഗതിയും മാറ്റങ്ങളുമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.

പൈതൽമലയോടൊപ്പം തന്നെ ടൂറിസ്റ്റുകളുടെ ശ്രദ്ധയാകർഷിക്കാൻ കഴിവുള്ള നടുവിൽ പഞ്ചായത്തിലെ മറ്റൊരു സ്ഥലമാണ് **'നേന്ത്രവട്ടം ഗുഹകൾ'**. നടുവിൽ ടൗണിന്റെ കിഴക്കേഅറ്റത്ത് സ്ഥിതിചെയ്യുന്ന ഈ ഗുഹകൾക്കു നൂറ്റാണ്ടുകളുടെ പഴക്കമുള്ളതായി കണക്കാക്കപ്പെടുന്നു. സമീപസ്ഥരും വിദൂരസ്ഥരുമായ ധാരാളം ആളുകളെ ഈ ഗുഹ ആകർഷിക്കുന്നു. ചെങ്കൽ വെട്ടിയെടുക്കാൻ കുഴിച്ച മടയിലാണ് ആദ്യമായി ഈ ഗുഹ കാണപ്പെട്ടത്. തുടർന്നുള്ള അന്വേഷണത്തിൽ 12ഓളം ഗുഹകൾ കാണപ്പെട്ടിട്ടുണ്ട്. ഗുഹകളോടനുബന്ധിച്ച് ചെങ്കൽ കൊണ്ടുള്ള മതിൽക്കെട്ടുകളും അകത്തളങ്ങളും കാണപ്പെടുന്നു. വേണ്ടത്ര ശ്രദ്ധയും സംരക്ഷണവും ലഭിക്കാത്തതിനാൽ ഇവയിൽ പലതും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ഫലപ്രദമായ രീതി യിൽ സംരക്ഷിക്കുകയും പുതുക്കുകയും മോടിപിടിപ്പി ക്കുകയും ചെയ്താൽ നേന്ത്രവട്ടം ഗുഹകളും ഒരു ടൂറിസ്റ്റു കേന്ദ്രമാ ക്കി മാറ്റാൻ കഴിയും.

## നിർദ്ദേശങ്ങൾ:

1.പൈതൽമലയിലേക്കുള്ള റോഡുകൾ വളരെവേഗം ഗതാഗതയോഗ്യമാക്കിത്തീർക്കുക.

2.പൊട്ടൻപ്ലാവിലെ ബേസ്സെന്റർ ഉടൻ പ്രവർത്തനം ആരംഭിക്കുക

3.ടൂറിസ്റ്റുകൾക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഉടൻ ഏർപ്പെടുത്തുക.

4. പൈതൽമലടൂറിസ്റ്റ് പദ്ധതിയിലുള്ള പൂന്തോട്ടം, സ്വിമ്മിംഗ്പൂൾ, വന്യജീവി സംരക്ഷണ കേന്ദ്രം സൈറ്റ്സീയിങ്ങ്സെന്റർ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുക.

5.സമീപവാസികൾക്കു ശല്യമുണ്ടാകാത്ത രീതിയിൽ ടൂറിസ്റ്റുകളെ നിയന്ത്രിക്കുന്നതിന് ഗൈഡുകളെ നിയമിക്കുക.

6. നേന്ത്രവട്ടം ഗുഹകൾ ടൂറിസ്റ്റുകേന്ദ്രമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുക.

***You Can't Stop Summer heat but you can Stop Aids***

[redacted]



കണ്ണൂർ ജില്ല.
കാസറഗോഡ് ജില്ല.
കർണാടക
ലക്ഷദ്വീപ്
കോഴിക്കോട് ജില്ല.
Peringome Vayakkara
Kankole Alapadamba
Alakode
Peralam
Eramam Kuttoor
NADUVIL
Eruvessy
Payyavoor
Kunhimangalam
Chengalai
Kurumathur
Cheruthazham
Taliparamba
Mayyil
Sreekandapuram
Ramanthali
Ezhome
Pattuvam
Irikkur
Padiyur Kalliad
Payam
Ayyankunnu
Kannapuram
Andoor
Kolacherry
Kalliasseri
Koodali
Keezhurchavasseri
Munderi
Narath
Muzhakkunnu
Aralam
Kuttiattoor
Pappinisseri
Chirakkal
Chelora
Mattannur
Thillankeri
Peravoor
Kottiyoor
Puzhathi
Peralasseri
Kanichar
Muzhappilangad
Vengad
Edakkad
Kottayam
Pattiam
Kadirur
Eranholi
Mokeri
Panoor
Chokli